# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മരട് മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(എം1)-2131/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 25/04/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
മരട് മുനിസിപ്പാലിറ്റി

സർ,

വിഷയം : മരട് മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മരട് മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
4. നഗരകാര്യ വകുപ്പ് റീജിയണൽ ജോയിന്റ് ഡയറക്ടർ, എറണാകുളം
5. കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(എം1)-2131/22 തീയ്യതി: 25/04/2023

## എറണാകുളം ജില്ലയിലെ മരട് മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മരട് മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.മിനിമോൾ കെ. ജി. | ജോയിന്റ് ഡയറക്ടർ | 16-11-2022 | 30-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-11-2022 | 30-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ആന്റണി ആശാംപറമ്പിൽ | ചെയർമാൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.രേണുകാദേവി.ജി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബിജു കെ.എ | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ.ജീന | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) നെട്ടൂർ | 01-04-2021 | 31-03-2022 |
| ഡോ.ബാല്യഭാസി. | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) വളന്തകാട് | 01-04-2021 | 31-03-2022 |
| ഡോ.ഹീര സാബു | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ.രേഖ.എസ് | വെറ്ററിനറി സർജൻ | 01-04-2021 | 16-11-2021 |
| ഡോ.ഐശ്വര്യ ആർ വേണു | വെറ്ററിനറി സർജൻ | 17-11-2021 | 31-03-2022 |
| ഡോ.രാജേശ്വരി.സി.എൽ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീമതി.ചിത്ര.കെ.പിള്ള | കൃഷി ഓഫീസർ | 01-04-2021 | 02-08-2021 |
| ശ്രീമതി.സ്നേഹാമോൾ | അസി.കൃഷി ഓഫീസർ | 03-08-2021 | 14-10-2021 |
| ശ്രീമതി.ആഭാ രാജ് | കൃഷി ഓഫീസർ | 15-10-2021 | 31-03-2022 |
| ശ്രീമതി.മിലി ഗോപിനാഥ് | സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| ശ്രീമതി.സുമ കെ.കെ | ഹെഡ് മിസ്ട്രസ്.ജി.എച്ച്.എസ്.എസ്.മാങ്കായിൽ | 01-04-2021 | 31-03-2022 |
| ശ്രീമതി.സതി.എ.സി | ഹെഡ് മിസ്ട്രസ്.ജി.എൽ.പി.എസ്.മാങ്കായിൽ | 01-04-2021 | 31-03-2022 |
| ശ്രീമതി.ശാന്തിനി എൻ.പി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ.ആന്റണി ജയൻ | പ്രിൻസിപ്പാൾ ജി.വി.എച്ച് എസ്.എസ്, മാങ്കായിൽ | 01-04-2021 | 31-03-2022 |
| ശ്രീമതി.അഖില എസ്,ശങ്കർ | പ്രോജക്ട് ഓഫീസർ, ദാരിദ്ര നിർമ്മാർജന സെൽ | 01-04-2021 | 31-05-2021 |
| ശ്രീ.വിൽസൺ.എം.എക്സ് | പ്രോജക്ട് ഓഫീസർ, ദാരിദ്ര നിർമ്മാർജന സെൽ | 01-06-2021 | 01-07-2021 |
| ശ്രീ.ജേക്കബ്സൺ പി.ഐ | പ്രോജക്ട് ഓഫീസർ, ദാരിദ്ര നിർമ്മാർജന സെൽ | 02-07-2021 | 31-03-2022 |
| ശ്രീമതി.വിജയകുമാരി സി.എ | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക ലഭിച്ചതിന്റെ വിവരം | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | 1-2-1 |
| 4 | ബാങ്ക് റീകൺസിലിയേഷൻ നീക്കിയിരിപ്പുതുക പൊരുത്തപ്പെടുന്നില്ല | 1-2-2 |
| 5 | തനത് ഫണ്ട് അക്കൗണ്ട് പരിപാലനം-തുകകൾ ക്രമീകരിക്കുന്നില്ല | 1-2-3 |
| 6 | ജി.ഐ. പോളുകളുടെ വാടക -വാർഷിക ധനകാര്യ പത്രികയിൽ ഇനം മാറ്റി ചേർത്തിരിക്കുന്നു | 1-2-4 |
| 7 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 8 | ഫണ്ട് വിനിയോഗം | 1-4 |
| 9 | പദ്ധതി അവലോകനം | 1-5 |
| 10 | അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി | 1-6 |
| 11 | ക്ഷേമപദ്ധതികൾ | 1-7 |
| 12 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 15 | നഗരസഭപരിധിയിലെ മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല | 1-11 |
| 16 | കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നും സർവ്വീസ് ചാർജ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. | 1-12 |
| 17 | വസ്തുനികുതി ഒഴിവാക്കിയ കെട്ടിടങ്ങൾ - അർഹതയില്ലാത്ത കെട്ടിടങ്ങൾക്കും നികുതി ഒഴിവാക്കി നൽകി. | 1-13 |
| 18 | അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ ഡാറ്റാ ബേസിൽ ഉൾപ്പെടുത്തി നികുതി ഈടാക്കുന്നില്ല. | 1-14 |
| 19 | വസ്തുനികുതി നിർണ്ണയം - വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലിന്റെ രേഖകൾ ഹാജരാക്കിയില്ല. | 1-15 |
| 20 | ബിൽഡിംഗ് പെർമിറ്റ് അപേക്ഷകൾ അനുവദിക്കുന്നതിൽ കാലതാമസം വരുത്തുന്നു. | 1-16 |
| 21 | വാടക - അപാകതകൾ | 1-17 |
| 22 | റോഡിൽ ജി.ഐ. പോൾസ് - നഗരസഭയിൽ കണക്കില്ല, വാടക ആവശ്യപ്പെടുന്നില്ല - തുടർ വർഷങ്ങളിൽ നഷ്ടം | 1-18 |
| 23 | തനത് ഫണ്ട് അക്കൗണ്ട് - കോടികളുടെ നിക്ഷേപം തുച്ഛമായ പലിശനിരക്കിൽ തുടരുന്നു. | 1-19 |
| 24 | ഡോഗ് ലൈസൻസ് അനുവദിക്കാത്തത് സംബന്ധിച്ച് | 1-20 |

| | | |
|---|---|---|
| 25 | ജീവനക്കാർക്ക് ചുമതലകൾ നൽകിക്കൊണ്ടുള്ള ഓഫീസ് ഓർഡർ നിലവിലില്ല. | 1-21 |
| 26 | സ്റ്റോറും സ്റ്റോക്കും കൈകാര്യം ചെയ്യുന്നത് ദിവസവേതന ജീവനക്കാർ | 1-21-1 |
| 27 | തൊഴിൽ നികുതി, ലൈസൻസ് വിവരങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല, | 1-21-2 |
| 28 | വരവിനങ്ങളുടെ ഡി.സി.ബി. തയ്യാറാക്കാതെ വാർഷിക ധനകാര്യപത്രികയിൽ തുകകൾ ഉൾപ്പെടുത്തുന്നു | 1-22 |
| 29 | കാർഷിക മൊത്തവ്യാപാര മാർക്കറ്റിലെ തൊഴിൽ നികുതി പിരിക്കുന്നതിന് കോടതി വിധി | 1-23 |
| 30 | ഹെഡ്മിസ്ട്രസ് ജി.എൽ.പി.എസ് മാംഗായിൽ നടപ്പിലാക്കിയ പദ്ധതികളിലെ വാങ്ങൽ നടപടിക്രമങ്ങളിലെ അപാകതകൾ | 1-24 |
| 31 | സമഗ്രശിക്ഷാ കേരള വിഹിതം- പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ഹാജരാക്കിയില്ല. | 1-25 |
| 32 | വഞ്ചി,വല വിതരണം -ക്വട്ടേഷനിൽ അംഗീകരിച്ച നിരക്കിനേക്കാൾ അധികം തുക നൽകി | 1-26 |
| 33 | KASH സർട്ടിഫിക്കേഷൻ പ്രവർത്തനം-സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട അപാകതകൾ | 1-27 |
| 34 | സാമൂഹ്യ സുരക്ഷാ പെൻഷൻ - അപാകതകൾ | 1-28 |
| 35 | വാഹനം വാങ്ങൽ - അപാകതകൾ | 1-29 |
| 36 | സ്കൂളുകളുടെ ഓഫീസ് ചെലവുകൾ - മാർഗ്ഗരേഖ പ്രകാരമല്ലാതെ തുക ചെലവഴിച്ചു | 1-30 |
| 37 | ഭവനപദ്ധതി പൂർത്തിയായിട്ടില്ല | 1-31 |
| 38 | ലോഗ് ബുക്ക് പരിപാലനം | 1-32 |
| 39 | സൗജന്യ ഫെറി കടത്ത് - നഗരസഭയ്ക്ക് വൻ സാമ്പത്തിക ബാധ്യത | 1-33 |
| 40 | ക്രെയിൻ ചാർജ്ജ് - ആവർത്തിച്ചുവരുന്ന പാഴ്ചെലവ് | 1-34 |
| 41 | മുൻകൂറുകൾ ക്രമീകരിക്കുന്നില്ല. | 1-35 |
| 42 | പ്രിന്റർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ പരിപാലനം. - സുതാര്യമല്ലാത്ത ചെലവ് | 1-36 |
| 43 | പത്രപരസ്യത്തിന് ഡിസ്കൗണ്ട് ലഭ്യമായില്ല. | 1-37 |
| 44 | അജൈവ മാലിന്യം നീക്കം ചെയ്യൽ - വിവരങ്ങൾ ലഭ്യമായില്ല | 1-38 |
| 45 | കാലിബാരൽ - തുക ഈടാക്കിയിട്ടില്ല | 1-39 |
| 46 | അംഗനവാടി - ഉലഹന്നാൻ റോഡിൽ ടൈൽ വിരിക്കൽ-അപാകത | 1-40 |
| 47 | ചെലവിന്റെ വിശദാംശങ്ങൾ ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു- (മെഡിക്കൽ ഓഫീസർ, പി.എച്ച്.സി വളന്തകാട്) | 1-41 |
| 48 | മരുന്നും അനുബന്ധ ഉപകരണങ്ങളും പൂർണമായി ലഭ്യമായില്ല-മെഡിക്കൽ ഓഫീസർ,നെട്ടൂർ | 1-42 |
| 49 | മരുന്ന് പൂർണമായി ലഭ്യമായില്ല | 1-42-1 |
| 50 | കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ലഭ്യമായതിന്റെ രേഖ | 1-43 |

| | | |
|---|---|---|
| | ഹാജരാക്കിയില്ല - തുക തടസപ്പെടുത്തുന്നു | |
| 51 | ക്രമീകരിക്കാത്ത തുകകൾ | 1-44 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | വഞ്ചി,വല വിതരണം - ക്വട്ടേഷനിൽ അംഗീകരിച്ച നിരക്കിനേക്കാൾ അധികം തുക നൽകി | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ് സർച്ചാർജ്ജുകളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 19.02.2021 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1)ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, യഥാർത്ഥ വരവ്- ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം | വാർഷിക ധനകാര്യപത്രിക പ്രകാരം |
|---|---|---|
| പ്രാരംഭ ബാക്കി | 69343843.00 | 115033834.22 |
| വരവ് | 596597500.00 | 244854886.00 |
| ആകെ | 665941343.00 | 359888720.22 |
| ചെലവ് | 610123900.00 | 212903501.00 |
| നീക്കിയിരിപ്പ് | 55817443.00 | 146985219.22 |

ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക ലഭിച്ചതിന്റെ വിവരം

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2020-21 | 31.07.2022 | 27.07.2022 |

### 1-2-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

മരട് നഗരസഭയുടെ 2021-22 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു (എൻക്വയറി നം-18/23.11.22)

1) ബി-4 ഷെഡ്യൂൾ

B-4ഷെഡ്യൂളിൽ Beneficiary Contribution ഇനത്തിൽ 1929124/- രൂപ ബാലൻസ് ഉണ്ട്. ഇതിൽ 10ലക്ഷം രൂപ ആശ്രയ പ്രോജക്ടിന് വേണ്ടി ലഭിച്ചതാണ്. ടി തുക സി.ഡി.എസിന് കൈമാറിയെങ്കിലും പേമെന്റ് ഹെഡ് മാറിപ്പോയതിനാൽ ഗുണഭോക്തൃവിഹിതം എന്ന ഹെഡിൽ നിന്നും തുക കുറവ് വന്നിട്ടില്ല. ആയത് തുടർവർഷം ക്രമീകരിക്കേണ്ടതും ബാക്കി 929124 രൂപയുടെ വിവരം ലഭ്യമാക്കേണ്ടതുമാണ്.

2) ബി-7 ഷെഡ്യൂൾ

വാർഷിക കണക്ക് B-7 ഷെഡ്യൂളിൽ വിവിധ ഡെപ്പോസിറ്റ് ഹെഡുകളിലായി 8849222 രൂപ അവശേഷിക്കുന്നു. ഇവയിൽ കാലഹരണപ്പെട്ട താഴെപ്പറയുന്ന ഡെപ്പോസിറ്റ് തുകകൾ നഗരസഭ അക്കൌണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (കേരള ഫിനാഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 282 )

| ഡെപ്പോസിറ്റ് ഹെഡ് | തുക | റിമാർക്സ് |
|---|---|---|
| കോൺട്രാക്ടേഴ്സ് ഇ.എം.ഡി-(340100102) | 12500/- | 2017-18 മുതൽ ക്ലെയിം ചെയ്യപ്പെടാതെ തുടരുന്നു. |
| ഡെപ്പോസിറ്റ് റീസീവ്ഡ് ഫ്രം അദേഴ്സ്- (340800100) | 6042425/- | ടി |
| സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്(340100205) | 88212/- | ടി |
| സപ്ലയേഴ്സ് ഇ.എം.ഡി (340100108) | 4500/- | 2018-19 മുതൽ ക്ലെയിം ചെയ്യപ്പെടാതെ തുടരുന്നു. |
| കോൺട്രാക്ടേഴ്സ് റീടെൻഷൻമണി (340100302) | 433362/- | ടി |
| കോൺട്രാക്ടേഴ്സ് സെക്യൂരിറ്റിഡെപ്പോസിറ്റ് (340100201) | 112267/- | ടി |

മേൽ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ബി-7ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ള വിവിധ തുകകളുടെ കൃത്യത പരിശോധിക്കുവാനായിട്ടില്ല.വിവിധ സെക്ഷനുകളുമായി ബന്ധപ്പെട്ട ഡെപ്പോസിറ്റുകൾ അതാത് സെക്ഷനുകളിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും വാർഷിക കണക്കുകൾ പ്രകാരമുള്ള എല്ലാ ഡെപ്പോസിറ്റുകളുടെയും വിവരങ്ങൾ ലഭ്യമല്ല.

3) ബി-9 ഷെഡ്യൂൾ

എ) പരാമർശം-സർവീസ് ടാക്സ്-350300500ാം നമ്പർ കോഡിൽ 1961866 രൂപ മൈനസിൽ രേഖപ്പെടുത്തിയതിന്റെ

കാരണം വ്യക്തമാക്കേണ്ടതും അതിനധിഷ്ഠിതമായ രേഖകൾ ഹാജരാക്കേണ്ടതുമാണ്
മറുപടി- വിവിധ റോഡുകളിൽ ഒ.എഫ്.സി കേബിൾ സ്ഥാപിക്കുന്നതിലേയ്ക്ക് റിലയൻസ് ജിയോ ഇൻഫോകോം 08.08.14ൽ 9359976/-രൂപ അടവാക്കിയിരുന്നു. ഇന്റലിജൻസ് ഓഫീസിൽ നിന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ (FNo.IN/DG/GSTI/KOZU/ST/2018-19,dated-13.04.18, INV/DGG1/KOZU/GST/04/18-19,dated-07.05.18) സർവീസ് ചാർജിനത്തിൽ 2295890/- രൂപ പലിശയുൾപ്പെടെ നഗരസഭ ഫണ്ടിൽ നിന്ന് അടവാക്കുകയുണ്ടായി. ടി തുക ഈടാക്കുവാൻ ജിയോ ഇൻഫോകോമിന് അറിയിപ്പ് നൽകിയെങ്കിലും സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സ് ആന്റ് കസ്റ്റംസ്, റവന്യൂ മന്ത്രാലയത്തിന്റെ 30.11.18 ലെ നോട്ടിഫിക്കേഷൻ പ്രകാരം ടി കാലയളവിലെ സർവീസ് ചാർജ് ഒടുക്ക് വരുത്തുന്നത് ഒഴിവാക്കി എന്ന് നഗരസഭയെ അറിയിച്ചു. ആയതിനാൽ ടി തുക റീഫണ്ട് ചെയ്ത് കിട്ടുന്നതിലേയ്ക്ക് CGST ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.
ഓഡിറ്റ് നിർദ്ദേശം- സർവീസ് ചാർജ് മൈനസിലായതിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതും ആയത് അടവാക്കിയതിന്റെ രേഖകളും, ഒടുക്ക് വരുത്തുന്നത് ഒഴിവാക്കിയുള്ള റവന്യൂ മന്ത്രാലയത്തിന്റെ ഉത്തരവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും തുക റീഫണ്ട് ചെയ്ത് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതുമാണ്.

ബി) 2019-20 സാമ്പത്തികവർഷം മുതൽ ബാധ്യതയായി തുടരുന്ന ലക്ഷ്വറി ടാക്സ് (241522/-രൂപ കോഡ്-350300600) വാറ്റ് (193283/-രൂപ, കോഡ്-350300400) എന്നിവ സർക്കാരിലേയ്ക്ക് അടവാക്കി ബാധ്യത ഹെഡിൽ നിന്നും ആയവ ഒഴിവാക്കേണ്ടതാണ്.

4) ബി-11 ഷെഡ്യൂൾ

നഗരസഭ ഇതുവരെ ആർജ്ജിച്ച മുഴുവൻ ആസ്തികളും ഉൾപ്പെടുത്തി കാലികമാക്കിയ ആസ്തി രജിസ്റ്റർ (സ.ഉ(എം.എസ്)152/2011/തസ്വഭവ/26.07.2011) പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ള ആസ്തിമൂല്യങ്ങളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല. സർക്കാർ നിർദ്ദേശപ്രകാരം രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

5) ബി-18 ഷെഡ്യൂൾ

(എ) താഴെപ്പറയുന്ന മുൻകൂറുകൾ നിശ്ചിത കാലാവധി കഴിഞ്ഞിട്ടും ക്രമീകരിക്കപ്പെട്ടിട്ടില്ല (ധനകാര്യവകുപ്പിന്റെ 4-10-2011 ലെ ജി ഒ (പി) 419/2011 നമ്പർ ഉത്തരവ്)

| അഡ്വാൻസ് ഹെഡ് | തുക | റിമാർക്സ് |
|---|---|---|
| അഡ്വാൻസ് ഫോർ പ്രോജക്ട്സ് (460100600) | 100000/- | 2017-18 മുതൽ ക്രമീകരിക്കപ്പെടാതെ തുടരുന്നു. |
| അഡ്വാൻസ് റ്റു സപ്ലയേഴ്സ് (460400101) | 1425315/- | ടി |
| ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ് (460600100) | 7250/- | ടി |

(ബി) AUEGS പദ്ധതിയ്ക്കായി മുൻകൂർ നൽകുന്ന തുകകൾ B18 ഷെഡ്യൂളിൽ ചേർക്കുന്നില്ല എന്ന അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. നിലവിലുള്ള അഡ്വാൻസ് രജിസ്റ്ററിൽ മേൽ വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാൽ ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ള വിവിധ തുകകളുടെ കൃത്യത പരിശോധിക്കുവാനായിട്ടില്ല ഓഫീസ് ചെലവുകൾക്കായി തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്ന അഡ്വാൻസുകളും തിരികെ ലഭിക്കുന്ന തുകകളും ഉൾപ്പെടെയുള്ള എല്ലാ അഡ്വാൻസുകളും കൃത്യമായി ചേർത്ത് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

6) ബി-15 ഷെഡ്യൂൾ

എ)സ്റ്റേറ്റ് ഗവൺമെന്റ് സെസ് തുക കൃത്യമല്ല
പരാമർശത്തിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

ബി) അദർ റിസീവബിൾസ് (431409901-current, 431409902-arrear) എന്ന ഹെഡിൽ യഥാക്രമം 1726045രൂപയും 18301393 രൂപയും കിട്ടുവാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. റഗുലർ പെൻഷൻ ഇനത്തിൽ മുൻവർഷങ്ങളിലുൾപ്പെടെ തനത് ഫണ്ടിൽ നിന്ന് അനുവദിച്ച പ്രസ്തുത തുകകൾ ഡയറക്ടറേറ്റിൽ നിന്നും ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും കിട്ടുവാനുള്ള തുകകളുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

7) ഡെപ്പോസിറ്റ് വർക്ക്

ഡെപ്പോസിറ്റ് സ്കീമിൽ പെടുത്തി അനർട്ടിന് കൈമാറിയ തുകയുടെ വിവരങ്ങൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.വിശദാംശങ്ങൾ താഴെചേർക്കുന്നു.

നിർവഹണം-മെഡിക്കൽ ഓഫീസർ (ഹോമിയോ), പ്രോജക്ട് നം- 384/22 തുക- 572000/-രൂപ (വികസനഫണ്ട്) (ഹോമിയോ ഡിസ്പെൻസറിയിൽ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിലേക്കായി 2022 ഫെബ്രുവരിയിൽ അനർട്ടിന് കൈമാറിയ തുക. ആയത് നാളിതുവരെ സ്ഥാപിക്കുകയോ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുകയോ ചെയ്തിട്ടില്ല)
പരാമർശത്തിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

8) പ്രത്യേക ഉദ്ദേശ ഫണ്ടായ PMAYയുടെ ബാങ്ക് അക്കൗണ്ടിന് സമാനമായി പ്രത്യേകം സാംഖ്യാ അക്കൗണ്ട് ഹെഡ് സൂക്ഷിക്കുന്നില്ല. 2022-23 ൽ ടി ഫണ്ടിന് പ്രത്യേകഹെഡ് ഉൾപെടുത്തുന്നതാണെന്നറിയിച്ചു.

9) ധനകാര്യ കമ്മീഷൻ ഗ്രാന്റ് CFC ഗ്രാന്റ് ടൈഡ് - അൺടൈഡ് തുകകൾ വാർഷിക കണക്കിലും ACR ലും വ്യത്യസമുണ്ട്. RP 6 ൽ വരവായി കാണിച്ചിട്ടുള്ള തുകയിൽ നിന്നും I 6 പ്രകാരമുള്ള ചെലവ് കുറയ്ക്കുമ്പോൾ ലഭിക്കുന്ന തുകയായ RP40(b) യിലെ CFC ഗ്രാന്റ് വരവ് ചെലവ് തുകകൾ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

10) AUEGS നീക്കിയിരുപ്പ് തുക B2 ഷെഡ്യൂളിലും RP40(b) യിലും വ്യത്യാസപ്പെട്ടിരിക്കുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

വാർഷികകണക്കിലെ മേൽ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

## 1-2-2 ബാങ്ക് റീകൺസിലിയേഷൻ നീക്കിയിരിപ്പുതുക പൊരുത്തപ്പെടുന്നില്ല

എ) തനത് ഫണ്ട്

പഞ്ചാബ് നാഷണൽ ബാങ്കിലെ നഗരസഭയുടെ തനത് ഫണ്ട് അക്കൗണ്ടിന്റെ ബാങ്ക് ബുക്ക് ബാലൻസ് (നമ്പർ 747600110000001l) റീകൺസീലിയേഷൻ ബാങ്ക് പാസ്ബുക്കുമായി പൊരുത്തപ്പെടുന്നില്ല. അധിക വിവരങ്ങൾ താഴെ ചേർക്കുന്നു.

31.03.22 ലെ പാസ് ബുക്ക് ബാലൻസ്- 11,30,05,803.60

31.03.22 ലെ ബാങ്ക് ബുക്ക് ബാലൻസ്- 11,04,16,032.60

വ്യത്യാസം -25,89,771/- രൂപ

ബി) എസ്.ഡി.ടി.എസ്.ബി അക്കൗണ്ട് (ഡിഫേർഡ് സാലറി) (നം-799012900001677 )

കോവിഡുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളുടെ ഹോണറേറിയത്തിൽ നിന്നും ഡെഫർ ചെയ്ത 266000/-രൂപ പാസ് ബുക്ക് അനുസരിച്ച് 26.03.22 തീയതിയിൽ സർക്കാർ Redempt ചെയ്തിട്ടുള്ളതും ബാലൻസ് Zero ആയിട്ടുള്ളതുമാണ്. എന്നാൽ വാർഷികകണക്കിലും റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റിലും 31.03.2022 തീയതിയിൽ മേൽ തുക നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നു.

വിശദീകരണം തേടിയുള്ള എൻക്വയറിയ്ക്ക് (നം-25/25.11.22) മറുപടിയായി തനത് ഫണ്ട് അക്കൗണ്ടുമായി ബന്ധപ്പെട്ട അപാകത പരിഹരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഡിഫേർഡ് സാലറി അക്കൗണ്ടിലുണ്ടായിരുന്ന തുക ജനപ്രതിനിധികൾക്ക് തിരികെ നൽകേണ്ടതായതിനാൽ ആയത് മടക്കി നൽകണമെന്നപേക്ഷിച്ച് സർക്കാരിലേയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും തുക ലഭ്യമാകുന്ന മുറയ്ക്ക് തനത് ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് ടി.എസ്.ബി അക്കൗണ്ട് സീറോ ആക്കുന്നതാണെന്നും അറിയിച്ചു.

അപാകതകൾ പരിഹരിക്കേണ്ടതും ബാങ്ക്/ട്രഷറിയിലെ കണക്കുമായി പൊരുത്തപ്പെടുത്തി രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-2-3 തനത് ഫണ്ട് അക്കൗണ്ട് പരിപാലനം-തുകകൾ ക്രമീകരിക്കുന്നില്ല

നഗരസഭയുടെ തനത് വരുമാനം പഞ്ചാബ് നാഷണൽ ബാങ്ക് സേവിംഗ്സ്അക്കൗണ്ട് നമ്പർ 747600110000001l ൽ നിക്ഷേപിക്കുന്നുണ്ട്.

1. മേൽ അക്കൗണ്ടിന്റെ റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 2014 ആഗസ്റ്റ് മാസം മുതലുള്ള തുകകൾ Cheque Issued But Not Presented Into Bank എന്ന ഇനത്തിൽ തുടരുന്നുണ്ട്. ആകെ 50,54,790/- രൂപ. തുകകൾ ക്രമീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. Cheque Deposited But Not Cleared By Bank എന്ന ഇനത്തിലും 2015 ആഗസ്റ്റ് മാസം മുതലുള്ള തുകകൾ തുടരുന്നുണ്ട്. ആകെ 1,42,26,450/- . തുകകൾ ക്രമീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഈ ഇനത്തിൽ തുകകൾ ലഭ്യമാകാത്ത ചെക്കുകളുടെ ഏതാനും ഉദാഹരണങ്ങൾ ചേർക്കുന്നു.

| ക്രമ നം. | ചെക്ക് നം., തീയതി | വിവരം | തുക |
|---|---|---|---|
| 1. | 0003917/18.08.2015 | Miss Asia-2015/18.08.15 | 10,80,000.00 |
| 2. | 058073/23.06.21 | Authorised | 60,761.00 |
| 3. | 181584/30.03.22 | Authorised | 1,65,799.00 |
| 4. | 628877/30.03.22 | " | 78,370.00 |
| 5. | 679982/30.03.22 | " | 1,53,568.00 |
| 6. | 412071/30.03.22 | 2016-17 To 20-21 Arrear & Full Amount | 12,95,400.00 |
| 7. | 412071/30.03.22 | " | 38,772.00 |
| 8 | 71,82,83,84,85 | " | 1,01,11,815.00 |
| 9 | 412071/30.03.22 | " | 2,90,279.00 |

| | | | |
|---|---|---|---|
| 10 | 290041/03.03.22 | Authorised | 88,035.00 |
| 11 | 336255/31.03.22 | Prof Tax 75 Employees | 71,250.00 |

മേൽ തുകകൾ ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ ഓഡിറ്റിനായി നൽകേണ്ടതാണ്.

3. Directly Credited By Bank എന്ന ഇനത്തിൽ ആകെ 89,16,271.97 രൂപയുണ്ട്. തുകകൾ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കേണ്ടതാണ്.

4. Directly Debited By Bank എന്ന ഇനത്തിൽ ആകെ 87,51,470.37 രൂപയുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചേർക്കുന്നു. തുകകൾ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | ചെക്ക് നം. | Bank Entry Date | വിവരം. | തുക |
|---|---|---|---|---|
| 1. | 892363 | 17.11.2014 | To Cash | 10,000.00 |
| 2. | 892364 | 17.02.2015 | " | 10,000.00 |
| 3 | 0 | 02.06.2015 | - | 49,30,000.00 |
| 4 | 0 | 24.06.2015 | | 15,50,000.00 |
| 5 | 0 | 29.06.2015 | | 1,50,000.00 |
| 6 | 0 | 20.08.2015 | | 10,80,000.00 |
| 7 | - | 16.12.2017 | | 2,35,494.00 |
| 8 | - | 30.03.2021 | | 6,641.22 |
| 9 | - | 19.10.2021 | | 5,000.00 |
| 10 | 874409 | 02.02.2022 | | 6,82,072.00 |

5. പാസ് ബുക്ക് പ്രകാരം, 65274 എന്ന നമ്പരിലുള്ള ചെക്ക് Fund Insufficient എന്ന കാരണത്താൽ Reject ആയതിനാൽ 04.06.2021 ൽ 3105, 119 എന്നീ തുകകൾ അക്കൗണ്ടിൽ നിന്ന് കുറവ് ചെയ്തിട്ടുണ്ട്. ടി തുക ബാങ്ക് ചാർജ്ജ് സഹിതം തിരികെ ഈടാക്കിയോ എന്നും ഏത് ഇനത്തിൽ ആരിൽ നിന്നും ലഭിച്ച ചെക്കാണ് ഇതെന്നും ഇതിൽ സ്വീകരിച്ച തുടർ നടപടി വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

6. മേൽ അക്കൗണ്ടിന്റെ Monthly Reconciliation Statements ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 16/23.11.2022 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

### 1-2-4 ജി.ഐ. പോളുകളുടെ വാടക -വാർഷിക ധനകാര്യ പത്രികയിൽ ഇനം മാറ്റി ചേർത്തിരിക്കുന്നു

2021-22 കാലയളവിൽ M/s. Jio Digital Fibre Pvt. Ltd., M/s.Airtel (Telesonic Networks Ltd) എന്നീ സ്ഥാപനങ്ങളിൽ നിന്ന് ജി.ഐ. പോളുകളുടെ വാടക ഇനത്തിൽ യഥാക്രമം 6,33,240/- , 2,34,000/ എന്നിങ്ങനെ തുകകൾ ലഭ്യമായിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ഈ ഇനത്തിൽ വരവ് രേഖപ്പെടുത്തിയിട്ടില്ല. ( ഖ. നം.1-18 കാണുക)

### 1-3 സാമ്പത്തിക വിശകലനം (റെസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 115033834.22 |
| വരവ് | 244854886.00 |
| ആകെ | 359888720.22 |

| | |
|---|---|
| ചെലവ് | 212903501.00 |
| നീക്കിയിരിപ്പ് | 146985219.22 |
| വരവ് നഷ്ടം | 0 |
| ചെലവ് നഷ്ടം | 1000.00 |
| തടസ്സപ്പെടുത്തിയ തുക | 4686414.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 30437201 | 30437201 | 30330973* | 0 | 106228 |
| വികസനഫണ്ട് എസ്.സി.പി. | 0 | 14705078 | 14705078 | 12814738 | 0 | 1890340 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 85000 | 85000 | 0 | 0 | 85000 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 10951070 | 10951070 | 7584911 | 0 | 3366159 |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 12820637 | 12820637 | 8472987 | 0 | 4347650 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) ** | 0 | 37278067 | 37278067 | 26534202 | 6134882 | 10743865 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) ** | 0 | 18446714 | 18446714 | 16992533 | | 1454181 |
| പ്രോജക്ട് ഗ്രാന്റ് 320802000 | 2590996 | 0 | 2590996 | 2590996 | 0 | |
| കേന്ദ്രസർക്കാർ ഗ്രാന്റ് 320100100 | 13790651 | 3530632 | 17321283 | 7924248 | 9397035 | |
| മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് 320809900 | 250000 | 0 | 250000 | 0 | 250000 | |

എ) വികസനഫണ്ട് പൊതുവിഭാഗം*

(I-6)33117167+409605(ക്യാപിറ്റൽ കോൺട്രിബ്യൂഷൻ)-3195799(ജി.ഒ പ്രോജക്ട് ചെലവ് )

ബി) ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied, Untied)**

എ.സി.ആർ അനുസരിച്ചുള്ള വരവ് ചെലവ് തുകകളാണ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആയത് വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല (എൻക്വയറി നം-18/23.11.22) ബാങ്ക് നീക്കിയിരുപ്പുമായി പൊരുത്തപ്പെടുത്തി വരവ് ചെലവ് തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

സി) വികസന ഫണ്ട് (SCP)

(I-6) 1153296+754775 (ക്യാപിറ്റൽ കോൺട്രിബ്യൂഷൻ) – 93333 (Go പ്രോജക്ട് ചെലവ്)

ഡി) മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ക്യാപിറ്റൽ കോൺട്രിബ്യൂഷൻ – 6435856

ഇ) മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ക്യാപിറ്റൽ കോൺട്രിബ്യൂഷൻ – 2702161

എഫ്) G.O(Rt)No.2617/22/Fin. 31.03.22 പ്രകാരം 22,16,875/-രൂപ 2020-21 ലെ ക്യാരിഓവർ വിഹിതമായി നഗരസഭയ്ക്ക് ലഭിച്ചതായി കാണുന്നു. ടി തുക വികസനഫണ്ട് വരമായി ACR ൽ കാണിച്ചിട്ടില്ല. കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്തീകരിച്ചത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 334 | 244962364 | 234 | 134846401 | l18 | 116 | 100 | 50.42% |

## 1-6 അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവ് | 1028458 | 8551327 | 9579785 | 634332 | 1479035 |
| ഗുണഭോക്താക്കൾക്ക് നല്കിയത് | 0 | 0 | 0 | 7466418 | |
| ആകെ | 1028458 | 8551327 | 9579785 | 8100750 | 1479035 |

ബാങ്ക് പാസ് ബുക്ക് പ്രകാരമുള്ള മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വാർഷികകണക്കുമായി 3 രൂപയുടെ വ്യത്യാസമുണ്ട്.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1828800 | 121 |
| വിധവാപെൻഷൻ | 21955600 | 1438 |
| വാർദ്ധക്യകാലപെൻഷൻ | 52963800 | 3606 |
| വികലാംഗപെൻഷൻ | 4836200 | 324 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1397800 | 90 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.11.2022 ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 42,007/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സാംഖ്യ രസീതുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ ഇല്ല.

1. നഗരസഭയിൽ ഉപയോഗിക്കുന്ന സാംഖ്യ രസീതുകളുടെ സ്റ്റോക്ക് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കാത്തിനാൽ സാംഖ്യ രസീതുകളുടെ സ്റ്റോക്ക് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. രസീതുകളുടെ സ്റ്റോക്ക് രേഖപ്പെടുത്താതെയുള്ള ഉപയോഗം ഗുരുതരമായ കൃത്യവിലോപമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

2. രസീതുകളിൽ തെറ്റായ അക്കൗണ്ട് ഹെഡുകൾ ചേർക്കുന്നു.

നഗരസഭയിൽ വിവിധ ഇനങ്ങളിലായി ദിവസേനയുള്ള ക്യാഷ് വരവുകൾ കൃത്യമായ അക്കൗണ്ട് ഹെഡുകളിൽ തന്നെയാണോ ചേർത്ത് രസീത് നൽകുന്നത് എന്ന കാര്യം നിരീക്ഷിക്കുന്നതിന് ക്രമീകരണം നിലവിലില്ല. ക്യാഷ് വരവുകൾ തെറ്റായ അക്കൗണ്ട് ഹെഡുകൾ ചേർക്കുന്നതിനാൽ നഗരസഭയിൽ വരുമാനനഷ്ടം ഉൾപ്പെടെ വിവധ ക്രമക്കേടുകൾക്ക് കാരണമാകുന്നു. വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കി കൃത്യമായ നിർദ്ദേശങ്ങൾ നൽകി രേഖകൾ ഓഡിറ്റിനായി ഹാജരാക്കുക.

3. നഗരസഭാ കാര്യാലയത്തിലെ വിവിധ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ തമ്മിൽ ഏകോപനം ഇല്ല. മേൽനോട്ടത്തിന്റെ അഭാവം പ്രകടം.

ഉദാ :-

A. GI Poles, MH (Man Hole) എന്നിവ സ്ഥാപിച്ചിരിക്കുന്നതിലും ആയതിന് തുടർ വർഷങ്ങളിൽ വാടക ഈടാക്കുന്നത് സംബന്ധിച്ചും അപാകതകൾ ഉണ്ട്. പ്രവൃത്തി നടത്തിപ്പിന്റെ മേൽനോട്ടവും ആയതിന്റെ ഏകോപനവും അപര്യാപ്തമായതിനാൽ നഗരസഭയ്ക്ക് തൻവർഷവും തുടർവർഷങ്ങളിലും നഷ്ടം

സംഭവിച്ചുകൊണ്ടിരിക്കുന്നു. പ്രവൃത്തി, സർക്കാർ മാർഗ്ഗനിർദേശങ്ങൾ പാലിച്ചുകൊണ്ട് കൃത്യമായി നടപ്പിലാക്കുന്നതിനും പ്രവൃത്തിയുടെ പൂർത്തീകരണവും തുടർ പരിപാലനവും നിരീക്ഷിക്കുന്നതിനും നഗരസഭയിൽ സംവിധാനം നിലവിലില്ല. ഇതു സംബന്ധിച്ച എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നുള്ള ഫയൽ നടപടികൾ റവന്യൂവിഭാഗത്തിലെത്തി തുടർ നടത്തിപ്പിന്റെ മേൽനോട്ടവും ആയതിന്റെ ഏകോപനവും നിരീക്ഷിക്കുന്നതിന് സ്ഥിരം സംവിധാനം ക്രമീകരിക്കേണ്ടതാണ്. ക്രമീകരണം പൂർത്തീകരിച്ച് രേഖകൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

B. ഹെൽത്ത് വിഭാഗം സാമൂഹ്യ സുരക്ഷാ പെൻഷൻ വിഭാഗം എന്നിവയുടെ പ്രവർത്തനങ്ങളിൽ ഏകോപനം കാര്യക്ഷമമാക്കേണ്ടതാണ്. 2020-21 ലെ ഓഡിറ്റ് നിർദേശങ്ങൾ പ്രകാരം മേൽ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചിട്ടുണ്ട്. പോരായമകൾ പരിഹരിക്കുന്നതിനുള്ള തുടർ നിർദേശങ്ങൾ പാലിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ് .

4. ക്യാഷ് കൗണ്ടറിലെ സംവിധാനങ്ങൾ.

ക്യാഷ് ടേബിൾ, ക്യാഷ് ചെസ്റ്റ് എന്നിവ പഴകി ഉപയോഗയോഗ്യമല്ലാത്ത അവസ്ഥയിൽ തുടരുന്നതായി കാണുന്നു. ക്യാഷ് കൈകാര്യം ചെയ്യുന്നതിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി, ഉപയോഗയോഗ്യമല്ലാത്ത മേൽ സംവിധാനങ്ങൾ മാറ്റി പുതിയവ സ്ഥാപിക്കാവുന്നതാണ്.

5. വൗച്ചറുകളുടെ സൂക്ഷിപ്പ്

നഗരസഭയിലെ വൗച്ചറുകൾ കൃത്യമായി നമ്പറിട്ട് ക്യാഷ്ബുക്കിൽ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. എന്നാൽ വൗച്ചറിനൊപ്പം സൂക്ഷിക്കേണ്ട പെയ്മെന്റ് ഓർഡറുകൾ സൂക്ഷിച്ചിട്ടില്ല. കൂടാതെ ചെലവുമായി ബന്ധപ്പെട്ട അനുബന്ധ രേഖകളൊന്നും വൗച്ചറിനൊപ്പം സൂക്ഷിക്കുന്നില്ല. വൗച്ചറുകൾ അനുബന്ധ രേഖകൾ, പെയ്മെന്റ് ഓർഡറുകളുടെ പ്രിന്റ് എന്നിവ സഹിതം സൂക്ഷിക്കേണ്ടതാണ്.

6. തുകകൾ കൈപ്പറ്റുന്നവരിൽ നിന്നും രസീതുകൾ വാങ്ങി സൂക്ഷിക്കുന്നില്ല.

നഗരസഭയുടെ വിവിധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ചെലവുകൾ നടത്തുമ്പോൾ തുകകൾ കൈപ്പറ്റുന്നവരിൽ നിന്ന് കൈപ്പറ്റ രസീതുകൾ വാങ്ങി സൂക്ഷിക്കുന്നില്ല. തുകകൾ കൈപ്പറ്റുന്ന വ്യക്തികളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് തുക ട്രാൻസ്ഫർ ചെയ്തതിന്റെ രേഖകളും സൂക്ഷിച്ചിട്ടില്ല. തുകകൾ കൈമാറുമ്പോൾ അതുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

7. സാമ്പത്തിക വർഷാവസാനം (ഡി.സി.ബി.) തയ്യാറാക്കുന്നില്ല

സാമ്പത്തിക വർഷാവസാനം വരവിനങ്ങളുടെ രജിസ്റ്റർ പ്രകാരമുള്ള ഡിമാൻറ് കളക്ഷൻ ബാലൻസ് (ഡി.സി.ബി.) തയ്യാറാക്കി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആയതിന്റെ അടിസ്ഥാനത്തിലാണ് നഗരസഭയുടെ വാർഷിക ധനകാര്യപത്രികയിൽ തുകകൾ ഉൾപ്പെടുത്തേണ്ടത്. എന്നാൽ നഗരസഭയിൽ ഈ രീതിയിൽ അല്ല വാർഷിക ധനകാര്യപത്രികയിൽ തുകകൾ ഉൾപ്പെടുത്തിയിരിക്കുന്നത്. ബന്ധപ്പെട്ട സെക്ഷനുകൾക്ക് ഇതു സംബന്ധിച്ച് നിർദേശം നൽകേണ്ടതും ആയവ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

8. നഗരസഭയിൽ ട്രേഡേഴ്സ് ലിസ്റ്റ് (ഡിവിഷൻ തലത്തിൽ) തയ്യാറാക്കുന്നില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.02.2016 മുതൽ 12.02.2016വരെ | 2013-14(II)<br>2014-15<br>2015-16(I) | ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.12.2018 മുതൽ 01.01.2019 വരെ | 2016-17മുതൽ<br>2017-18വരെ | ലഭ്യമല്ല |

1-11 നഗരസഭപരിധിയിലെ മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല

മരട് നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ സംബന്ധിക്കുന്ന വിവരങ്ങൾ പൂർണ്ണമായി നഗരസഭയുടെ കണക്കുകളിൽ ചേർത്തിട്ടില്ല. ആകെ 33 വാർഡുകളുള്ള നഗരസഭയിൽ 5 മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ മാത്രമാണ് വസ്തുനികുതി ചുമത്തി സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവയെല്ലാം തന്നെ 2013-14 കാലയളവിലാണ്

നിലവിൽ വന്നിട്ടുള്ളത്. മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ സൗകര്യങ്ങൾ വ്യാപകമാകുകയും ഡാറ്റാ ഉപയോഗം പലമടങ്ങ് വർദ്ധിക്കുകയും ചെയ്തു കഴിഞ്ഞ 8-9 വർഷങ്ങളിലായി പുതുതായി ഒരു മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുപോലും നഗരസഭയിലെ 33 വാർഡുകളിലും സ്ഥാപിച്ചിട്ടില്ല എന്നതാണ് നഗരസഭയുടെ പക്കലുള്ള കണക്കുകളിലുള്ളത്. സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുത്തി വസ്തുനികുതി ചുമത്തിയ 5 ടവറുകളിൽ നിന്നുള്ള വസ്തുനികുതി പോലും നഗരസഭ പിരിച്ചെടുക്കുന്നില്ല. ഇവയുടെയെല്ലാം വസ്തുനികുതി വർഷങ്ങളായി കുടിശ്ശികയായി തുടരുകയാണ്. വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ ശുപാർശ പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് പുറത്തിറക്കിയ സർക്കുലർ നം-40395/RC2/2014/LSGD തിയതി 19.10.2014 ൽ അനധികൃത മൊബൈൽടവറുകളെ കണ്ടെത്തി വസ്തുനികുതി ചുമത്തുന്നതിന് നിർദ്ദേശിച്ചിരുന്നുവെങ്കിലും നഗരസഭ സ്പെഷ്യൽ ഡ്രൈവ് നടത്തി മുഴുവൻ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെയും കണ്ടെത്തി വസ്തുനികുതി ഡേറ്റാബേസിൽ ഉൾപ്പെടുത്തി നികുതി ചുമത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ ഫീൽഡ് തല പരിശോധന നടത്തി നഗരപരിധിയിലുള്ള മുഴുവൻ മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകൾക്കും വസ്തുനികുതി ചുമത്തുന്നുവെന്നത് നികുതി ചോർച്ച തടയുന്നതിന് അനിവാര്യമാണ്. മുഴുവൻ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെയും നികുതി വിധേയമാക്കാത്ത സാഹചര്യത്തിൽ നിരവധി മൊബൈൽ ടവർ ഉടമകൾ നികുതി ഒടുക്കാത്ത സ്ഥിതിയുണ്ട്. ഈയിനത്തിൽ ലഭിക്കേണ്ട വലിയ വരുമാനം വർഷങ്ങളായി നഗരസഭക്ക് നഷ്ടപ്പെടുകയാണ്.

മൊബൈൽ ടവറുകളുടെ പ്രവർത്തനത്തിന് ജനറേറ്റർ, മറ്റനുബന്ധ ഉപകരണങ്ങൾ എന്നിവ അനിവാര്യമായതിനാൽ മൊബൈൽ ടവറുകളുടെ തറവിസ്തീർണ്ണം, ജനറേറ്റർ,അനുബന്ധ ഉപകരണങ്ങൾ എന്നിവ സ്ഥാപിച്ചിരിക്കുന്ന തറയുടെ വിസ്തീർണ്ണം എന്നതിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി കണക്കാക്കാവുന്നതാണെന്ന് തദ്ദേശ സ്വയംഭരണവകുപ്പിന്റെ ആർ ഡി 3/94/2020/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം സർക്കാർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. അതിനാൽ സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെട്ട മൊബൈൽ ടവറുകളുടെ ആകെ വിസ്തീർണ്ണത്തിൽ ടവർ നിർമ്മിച്ചിരിക്കുന്ന കമ്പനി ഉപയോഗിക്കുന്ന എല്ലാ ഭാഗങ്ങളുടെയും വിസ്തീർണ്ണം കൂടി വന്നിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതാവശ്യമാണ്. നികുതി നിശ്ചയിച്ച ടവറുകളുടെ തന്നെ ബേസ് ഭാഗം, ബാറ്ററി ജനറേറ്റർ റൂം ഉൾപ്പെടെ സംബന്ധിക്കുന്ന വിവരങ്ങൾ പുനപരിശോധിച്ച് യഥാർത്ഥ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി കണക്കാക്കി കുടിശ്ശിക സഹിതം ഈടാക്കേണ്ടതുണ്ട്.

നികുതി നിർണ്ണയിച്ച ടവറുകൾ പോലും വസ്തുനികുതി ഒടുക്കുന്നില്ലെങ്കിലും നഗരസഭ ഇവക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങളൊന്നും ലഭിച്ചിട്ടില്ല. കേരള മുൻസിപ്പാലിറ്റി നിയമം 539 വകുപ്പ് പ്രകാരം നഗരസഭക്ക് ലഭിക്കാനുള്ള ഏതെങ്കിലും തുക ഈടാക്കുന്നതിന് 3 വർഷം കഴിഞ്ഞാൽ ജപ്തി,വ്യവഹാരം എന്നിവ പാടില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള സാഹചര്യത്തിൽ 2013-14 മുതലുള്ള ടവറുകളുടെ വസ്തുനികുതി ഇനത്തിൽ വൻതുക നഷ്ടമാവുന്നതിനുള്ള സാധ്യതയുണ്ട്.

ഇക്കാര്യങ്ങളിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-21 തിയതി -25/11/2022) നഗരസഭ മറുപടി ലഭ്യമാക്കിയില്ല. ഫീൽഡ് തല പരിശോധന നടത്തി നഗരസഭ പരിധിയിലുള്ള മുഴുവൻ മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെയും കണ്ടെത്തി നികുതി ചുമത്തുന്നതിനും വസ്തുനികുതി കുടിശ്ശികയുള്ള മൊബൈൽ ടവറുകളിൽ നിന്നും കുടിശ്ശിക സഹിതം വസ്തുനികുതി ഈടാക്കുന്നതിനും നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-12 കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നും സർവ്വീസ് ചാർജ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം - 30 പ്രകാരം ഭരണഘടനയുടെ ആർട്ടിക്കിൾ 285 പ്രകാരം വസ്തുനികുതി ഉൾപ്പെടെയുള്ള നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതും കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ളതുമായ കെട്ടിടങ്ങളിൽ നിന്നും നഗരസഭയ്ക്ക് ശുചിത്വപരിപാലനം, ജലവിതരണം, തെരുവുവിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾക്കായി സർവ്വീസ് ചാർജ് ഈടാക്കാവുന്നതാണ്. പൂർണ്ണതോതിൽ സേവനങ്ങൾ ലഭ്യമാക്കുന്ന സംഗതികളിൽ കണക്കാക്കപ്പെടാവുന്ന വസ്തുനികുതിയുടെ 75 %, ഭാഗികമായി സേവനങ്ങൾ ലഭ്യമാക്കുന്ന സംഗതികളിൽ വസ്തുനികുതിയുടെ 50%, സേവനങ്ങളൊന്നും പ്രത്യേകമായി ലഭ്യമാക്കിയിട്ടില്ലെങ്കിൽ വസ്തുനികുതിയുടെ 33.33%

എന്നിങ്ങനെയാണ് സർവ്വീസ് ചാർജ്ജ് ഈടാക്കാവുന്നത്. കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള റെയിൽവേ സ്റ്റേഷൻ കെട്ടിടങ്ങൾ, റയിൽവേ ക്വാർട്ടേഴ്സുകൾ, ഇൻലാൻഡ് വാട്ടർവേയ്സ് കെട്ടിടം, പോസ്റ്റ് ഓഫീസ് കെട്ടിടം, ബി.എസ്.എൻ.എൽ കെട്ടിടം എന്നിവയൊക്കെ നഗരസഭ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെങ്കിലും മേൽ കെട്ടിടങ്ങളിൽ നിന്നും സർവ്വീസ് ചാർജ് ഈടാക്കുന്നതിന് നടപടികളൊന്നും തന്നെ സ്വീകരിച്ചതായി വിവരം ലഭിച്ചിട്ടില്ല. സർവ്വീസ് ചാർജ്ജിനത്തിൽ തുക ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-28 തീയതി 26-11-2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നിയമാനുസൃതമായ പുതിയ ഇത്തരം സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നത് നഗരസഭ പരിഗണിക്കേണ്ടതാണ്.

## 1-13 വസ്തുനികുതി ഒഴിവാക്കിയ കെട്ടിടങ്ങൾ - അർഹതയില്ലാത്ത കെട്ടിടങ്ങൾക്കും നികുതി ഒഴിവാക്കി നൽകി.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 235ാം വകുപ്പ് പ്രകാരം നികുതി, ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾക്ക് മാത്രമാണ് നികുതി ഒഴിവിന് അർഹതയുള്ളത്. എന്നാൽ നഗരസഭയിലെ നികുതി ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ നികുതി ഒഴിവിന് അർഹതയില്ലാത്ത പല കെട്ടിടങ്ങൾക്കും വസ്തുനികുതി ഒഴിവാക്കിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ചില സംസ്ഥാന സർക്കാർ വകുപ്പുകളുടെ കെട്ടിടങ്ങളും നിലവിലും വസ്തുനികുതി നിർണ്ണയിക്കപ്പെടാതെയും ഒടുക്കാതെയും പ്രവർത്തിച്ചുവരുന്നുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

എ) നഗരസഭയിലെ 20/137, 20/137 A, 20/138, 20/138 A, 20/139, 20/140, 20/141 എന്നീ നമ്പരുകളിലുള്ള കെട്ടിടങ്ങൾ സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, വൈറ്റില എന്ന പേരിലാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. ആയതിനാൽ കേരള മുനിസിപ്പാലിറ്റി നിയമം 235ാം വകുപ്പ് ഉപവകുപ്പ് (എച്ച്) പ്രകാരം ഈ കെട്ടിടങ്ങളെ വസ്തുനികുതി, ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ മരട് ഗ്രാമപഞ്ചായത്തിനെ നഗരസഭയായി പ്രഖ്യാപിച്ചതോടെ വൈറ്റില ബ്ലോക്ക് ഓഫീസ് നിർത്തലാക്കിയിരുന്നു. പിന്നീട് ഈ കെട്ടിടങ്ങളിൽ മരട് പോലീസ് സ്റ്റേഷനാണ് പ്രവർത്തിച്ചുവരുന്നത്. എന്നാൽ ഇതിന് ശേഷവും പോലീസ് സ്റ്റേഷൻ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് സഞ്ചയ ഡേറ്റാബേസിലെ ഡിമാന്റിൽ ഉൾപ്പെടുത്തുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടിട്ടില്ല. സഞ്ചയഡേറ്റാ ബേസിൽ നിലവിലും ഈ കെട്ടിടങ്ങൾ നികുതി ഒഴിവാക്കിയ കെട്ടിടങ്ങളായാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ 7 കെട്ടിടങ്ങളിൽ നിന്നുള്ള വസ്തുനികുതി നഗരസഭ വർഷങ്ങളായി ഈടാക്കുന്നില്ല.

ബി) നഗരസഭ 30 / 332 A കെട്ടിടം വികാരി, ഔവർ ലേഡീസ് ചർച്ച് എന്ന പേരിൽ നികുതി നിർണ്ണയം നടത്തിയിട്ടുള്ളതാണ്. സഞ്ചയ ഡാറ്റാബേസിൽ ഈ കെട്ടിടങ്ങളെ വസ്തുനികുതി, ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ കേരള മുനിസിപ്പാലിറ്റി നിയമം 235ാം വകുപ്പ് ഉപവകുപ്പ് (എ) പ്രകാരം ആരാധനക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങളെയാണ് വസ്തുനികുതി, ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്.പാരിഷ് ഹാളിന് നികുതിയിളവ് നൽകിയതിന്റെ വിശദാംശങ്ങളൊന്നും ലഭ്യമല്ല.

സി) നഗരസഭ 20/360 നമ്പർ കെട്ടിടം ക്ലബ് ഓഫീസ് എന്ന പേരിലും 23/38 നമ്പർ കെട്ടിടം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജൻറം പ്രോജക്ട് എന്ന പേരിലും 8/170 കെട്ടിടം ഇറിഗേഷൻ ഓഫീസ് എന്ന പേരിലുമാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. ഈ കെട്ടിടങ്ങളുടെയെല്ലാം വസ്തുനികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി നിയമം 235ാം വകുപ്പ് പ്രകാരമുള്ള ഇളവ് ഈ കെട്ടിടങ്ങൾക്ക് നൽകിയത് എന്തുകൊണ്ടാണെന്ന് വ്യക്തമല്ല.

നികുതി ഒഴിവിന് അർഹതയില്ലാത്ത കെട്ടിടങ്ങൾക്ക് വസ്തുനികുതി ഒഴിവാക്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-29 തീയതി -26/11/2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നഗരസഭയിൽ നികുതിയിളവ് നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ പരിശോധന നടത്തി, അനുബന്ധ നിർമ്മാണങ്ങൾ നടന്നിട്ടില്ലായെന്ന് ഉറപ്പുവരുത്തേണ്ടതാണ്. നികുതി ഒഴിവിന് അർഹതയില്ലാത്ത എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി നിർണ്ണയം നടത്തി, വിവരങ്ങൾ സഞ്ചയ നികുതി ഡാറ്റാബേസിൽ ഉൾപ്പെടുത്തുവാനും വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കുവാനും നടപടി സ്വീകരിക്കേണ്ടതാണ്.

1-14 അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ ഡാറ്റാ ബേസിൽ ഉൾപ്പെടുത്തി നികുതി ഈടാക്കുന്നില്ല.

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം, സെക്ഷൻ 242 പ്രകാരം അനധികൃതമായി നിർമ്മിച്ചതോ പുനർനിർമ്മിച്ചതോ ആയ കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിക്കുകയോ സെക്ഷൻ 233 (2) പ്രകാരമുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്യുന്നതു മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തിയതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തുനികുതിയിനത്തിൽ നഗരസഭക്ക് ഈടാക്കാവുന്നതാണ്. എന്നാൽ നഗരസഭയുടെ അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്ററിൽ ഉൾപ്പെടുത്തിയ ഭൂരിഭാഗം കെട്ടിടങ്ങളും സഞ്ചയ ഡാറ്റാ ബേസിൽ ഉൾപ്പെടുത്തി നികുതി ഈടാക്കുന്നില്ല. നഗരസഭയിലെ ആകെ ആറ് അനധികൃത കെട്ടിടങ്ങൾ മാത്രമാണ് സഞ്ചയ ഡാറ്റാ ബേസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽത്തന്നെ ഒരു കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചിട്ടുമില്ല. വർഷങ്ങൾക്ക് മുമ്പ് അനധികൃത നമ്പർ നൽകിയിട്ടുള്ള ഈ കെട്ടിടങ്ങളുടെ വസ്തുനികുതിയും യഥാസമയം ഈടാക്കുന്നില്ല. ഈ അനധികൃത കെട്ടിടങ്ങൾ സഞ്ചയ ഡാറ്റാ ബേസിൽ ഉൾപ്പെടുത്താത്തതിനാൽ വർഷങ്ങളായി ഈ കെട്ടിടങ്ങൾ വസ്തുനികുതി ഡിമാന്റിൽ ഉൾപ്പെടാതെ നികുതി സ്ഥിരമായി ഒഴിവാകുകയും ഇത്തരം നിർമ്മാണങ്ങളിൽ നിന്നുള്ള നികുതി വരുമാനം സ്ഥിരമായി നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയുമാണ്. അനധികൃത കെട്ടിടങ്ങളെ സംബന്ധിച്ച രജിസ്റ്റർ കാലികമാക്കേണ്ടതും രജിസ്റ്ററിൽ ഇപ്പോഴില്ലാത്ത അനധികൃത നിർമ്മാണങ്ങളുടെ നികുതി വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർത്ത് നികുതി അടിയന്തിരമായി ഈടാക്കേണ്ടതുമാണ്. അനധികൃത നിർമ്മാണങ്ങളുടെ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതും എന്നാൽ സഞ്ചയ ഡാറ്റാ ബേസിൽ ഉൾപ്പെടുത്താത്തതും രജിസ്റ്റർ പ്രകാരം പൊളിച്ചു നീക്കിയിട്ടുമില്ലാത്ത ചില അനധികൃത നിർമ്മാണങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | യു.എ. നമ്പർ | ഉടമസ്ഥന്റെ പേര്, മേൽവിലാസം | യു.എ.രജിസ്റ്റർ പ്രകാരം ഈടാക്കേണ്ട വസ്തു നികുതി |
|---|---|---|---|
| 1 | UA 21/513 B | ബാബു ജോൺ,ഡെയ്സി ബാബുജോൺ,പള്ളത്തുംപാട്ട് ,തിട്ടമ്മേൽ | Rs.70539/- |
| 2 | UA 3/293 A | കെ.എക്സ് ജോൺ ,കാട്ടുതറ, മരട് | Rs.3642/- |
| 3 | UA 15/80 A1 | മാനേജർ,ഗ്രിഗോറിയൻ പബ്ലിക് സ്കൂൾ | Rs.32004/- |
| 4 | UA 15/80 A2 | മാനേജർ,ഗ്രിഗോറിയൻ പബ്ലിക് സ്കൂൾ | Rs.32004/- |
| 5 | UA 15/80 B | മാനേജർ,ഗ്രിഗോറിയൻ പബ്ലിക് സ്കൂൾ | Rs.26392/- |
| 6 | UA 15/80 B1 | മാനേജർ,ഗ്രിഗോറിയൻ പബ്ലിക് സ്കൂൾ | Rs.25881/- |
| 7 | UA 15/80 B2 | മാനേജർ,ഗ്രിഗോറിയൻ പബ്ലിക് സ്കൂൾ | Rs.25881/- |
| 8 | UA 15/80 C | മാനേജർ,ഗ്രിഗോറിയൻ പബ്ലിക് സ്കൂൾ | Rs.21126/- |
| 9 | UA 15/80 C1 | മാനേജർ,ഗ്രിഗോറിയൻ പബ്ലിക് സ്കൂൾ | Rs.20662/- |

| | | | |
|---|---|---|---|
| 10 | UA 15/80 C2 | മാനേജർ,ഗ്രിഗോറിയൻ പബ്ലിക് സ്കൂൾ | Rs.20662/- |
| 11 | UA 21/128 | പ്രതീഷ് വി.എ ,വടക്കേ ആറ്റുപുറത്ത് | Rs.465/- |
| 12 | UA11/444 A | മാനേജർ,ശ്രീകൃഷ്ണസ്വാമി ക്ഷേത്രം,കടേക്കുഴി,മരട് | Rs.2394/- |
| 13 | UA21-533 A | ചെയർമാൻ,ഖദീജത്തുൾ ഖബ്രൃ ഓർഫനേജ് | Rs.2461/- |
| 14 | UA21/533 B | ചെയർമാൻ,ഖദീജത്തുൾ ഖബ്രൃ ഓർഫനേജ് | Rs.2359/- |
| 15 | UA21/533 C | ചെയർമാൻ,ഖദീജത്തുൾ ഖബ്രൃ ഓർഫനേജ് | Rs.2359/- |
| 16 | UA16536 A1 | സുനിൽ ജോസഫ്, പുളിയനത്ത്,തോപ്പുംപടി | Rs.71661/- |
| 17 | UA16-143 A1 | ആന്റണി,കോയ്ക്കാം പറമ്പ്,മരട് | Rs.1778/- |
| 18 | UA21-563 A | പി.ആർ ദിലീപ് കുമാർ,പ്ലാപ്പിള്ളിഉണിയിൽ | Rs.3930/- |

അനധികൃത നിർമ്മാണങ്ങളുടെ നികുതി വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്താത്തതിനും ഇവയിൽ നിന്നും വസ്തുനികുതി ഈടാക്കാത്തതിനും വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-22 തിയതി 25/11/2022) നൽകിയെങ്കിലും മറുപടിയോ രേഖകളോ ഹാജരാക്കിയില്ല.

അനധികൃതമായി നിർമ്മിക്കപ്പെട്ടതും പിന്നീട് റഗുലറൈസ് ചെയ്തതും നിലവിലും പൊളിച്ചുമാറ്റിയിട്ടുമില്ലാത്ത എല്ലാ കെട്ടിടങ്ങളെയും ഉൾപ്പെടുത്തി അനധികൃത നിർമ്മാണങ്ങളുടെ രജിസ്റ്റർ കാലികമാക്കേണ്ടതും എല്ലാ അനധികൃത നിർമ്മാണങ്ങളുടെയും നികുതി വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർത്ത് നിയമാനുസൃത വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-15 വസ്തുനികുതി നിർണ്ണയം - വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലിന്റെ രേഖകൾ ഹാജരാക്കിയില്ല.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 233 ാം വകുപ്പ് , 6 ഉപവകുപ്പ് പ്രകാരം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതിയിൽ കെട്ടിടം സ്ഥിതിചെയ്യുന്ന മേഖല, കെട്ടിടത്തിലേക്കുള്ള വഴി സൗകര്യം, തറ നിർമ്മിതി, എയർകണ്ടീഷനിംഗ് സൗകര്യം, മേൽക്കൂരയുടെ നിർമ്മിതി, കാലപ്പഴക്കം എന്നിവയുടെ അടിസ്ഥാനത്തിൽ ഇളവുകളോ വർദ്ധനവോ നൽകാൻ 233 ാം വകുപ്പ് , 7 ഉപവകുപ്പ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത്തരം ഇളവുകളുടെയും വർദ്ധനവിന്റെയും നിരക്കുകളും വിശദാംശങ്ങളും 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം - 6 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതിൽ കെട്ടിടത്തിലേക്കുള്ള വഴി സൗകര്യം അടിസ്ഥാനത്തിലുള്ള തരംതിരിക്കലിനായി ഓരോ നഗരസഭ കൗൺസിലും നഗരസഭ പ്രദേശത്തിനകത്തുള്ളതോ നഗരസഭ പ്രദേശത്തിനകത്തുകൂടി പോകുന്നതോ ആയ റോഡുകളെയും നടപ്പാതകളെയും 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡുകൾ, 5 മീറ്ററിൽ കുറവും 1.50 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡുകൾ/നടപ്പാതകൾ, 1.50 മീറ്ററിൽ കുറവ് വീതിയുള്ള നടപ്പാതകൾ എന്നിങ്ങനെ തരംതിരിക്കണമെന്നും ഈ വിവരം പൊതുജനങ്ങളുടെ അറിവിലേക്കായി പരസ്യപ്പെടുത്തണമെന്നും ചട്ടം -8ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിവ് കാലാകാലങ്ങളിൽ കൗൺസിൽ പുന:നിർണ്ണയിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

മരട് നഗരസഭയിൽ മേൽചട്ടപ്രകാരം റോഡുകളെ വർഗ്ഗീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചത് സംബന്ധിച്ച രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. റോഡുകളുടെ തരംതിരിവ് സംബന്ധിച്ച കൃത്യമായ വിവരങ്ങളുടെ അഭാവത്തിൽ നഗരസഭയിലെ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വരേണ്ട വർദ്ധനവ് കൃത്യമായും സുതാര്യമായും നിർണ്ണയിക്കാൻ സാധിക്കാത്ത സ്ഥിതിയുണ്ട്. വസ്തുനികുതി ചട്ടങ്ങൾ പ്രകാരം നഗരസഭയിലെ റോഡുകളുടെ തരംതിരിക്കൽ നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (32/dtd 28/11/2022) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. നഗരസഭയിലെ വസ്തുനികുതി നിർണ്ണയത്തിൽ കൂടുതൽ കൃത്യതയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനും നികുതി വരുമാനത്തിൽ വരാവുന്ന നഷ്ടസാധ്യതകൾ കുറക്കുവാനും റോഡുകളുടെ വർഗ്ഗീകരണം കാര്യക്ഷമമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 ബിൽഡിംഗ് പെർമിറ്റ് അപേക്ഷകൾ അനുവദിക്കുന്നതിൽ കാലതാമസം വരുത്തുന്നു.

കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസ് (ഭേദഗതി) 2021, (ജി.ഒ (എം.എസ്) നം.121/2021/തസ്വഭവ തിയതി 28/06/2021) റൂൾ 13 അനുസരിച്ച് കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷ ലഭിച്ച തീയതി മുതൽ 15 ദിവസത്തിനകം മുനിസിപ്പൽ സെക്രട്ടറി അപേക്ഷകന് പെർമിറ്റ് അനുവദിക്കുകയോ അപേക്ഷ നിരസിക്കുകയോ ചെയ്യേണ്ടതാണ്. സെക്രട്ടറി അപ്രകാരം ചെയ്യാത്ത പക്ഷം റൂൾ 14 പ്രകാരം അപേക്ഷകന് കൗൺസിലിന് അപേക്ഷ നല്കാവുന്നതാണ്. ഇപ്രകാരമുള്ള അപേക്ഷ ലഭിച്ച തീയതി മുതൽ 15 ദിവസത്തിനകം കൗൺസിലിന് തീരുമാനം എടുക്കാവുന്നതാണ്. എന്നാൽ കൗൺസിൽ 30 ദിവസത്തിനകം തീരുമാനം എടുക്കാത്ത പക്ഷം പെർമിറ്റ് അനുവദിച്ചതായി അപേക്ഷകന് കരുതാവുന്നതാണ്. നഗരസഭയിലെ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2021-22 കാലയളവിൽ ലഭിച്ച ഭൂരിഭാഗം പെർമിറ്റ് അപേക്ഷകളിലും നിയമപ്രകാരമുള്ള ഈ സമയപരിധി പാലിച്ചിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. ചില അപേക്ഷകൾ അനുവദനീയമായ സമയപരിധിയുടെ മൂന്ന് ഇരട്ടിയിലധികം സമയമെടുത്താണ് തീർപ്പാക്കിയിട്ടുള്ളത്. എന്നാൽ ഈ അപേക്ഷകളിൽ എന്തെങ്കിലും അപാകതകൾ ഉള്ളതായി പെർമിറ്റ് രജിസ്റ്ററിലോ അപേക്ഷാഫയലിലോ രേഖപ്പെടുത്തലുകളുമില്ല. അപേക്ഷകർ കൗൺസിലിന് അപേക്ഷ നല്കിയതിന്റെയോ കൗൺസിൽ അതിൽ തീരുമാനം എടുത്തതിന്റെയോ വിവരങ്ങളും പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമില്ല. നിയമപ്രകാരം നഗരസഭ 15 ദിവസത്തിനുള്ളിൽ അനുവദിക്കേണ്ട പെർമിറ്റ് അപേക്ഷകളിൽ ചിലത് യഥാർത്ഥത്തിൽ തീർപ്പാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെയും പെർമിറ്റിന്റെയും വിവരം | അപേക്ഷ ലഭിച്ച തീയതി | സെക്രട്ടറി പെർമിറ്റ് അനുവദിക്കേണ്ട/ നിരസിക്കേണ്ട അവസാന തീയതി | പെർമിറ്റനുവദിച്ച തീയതി |
|---|---|---|---|---|
| 1 | പി.റ്റി അജിതകുമാരി ശിവശക്തി, മരട്, ബി.എ.നം. 64/21 | 13/07/2021 | 28/07/2021 | 03/09/2021 |
| 2 | ശ്രുതി വി.പി, വടക്കേടത്തുരുത്ത്, മരട്, ബി.എ.നം.67 | 16/07/2021 | 31/07/2021 | 26/02/2022 |
| 3 | ഗിരിജ, അനുഗ്രഹ, ജനത വൈറ്റില- ബി.എ.നം.359 | 08/03/2022 | 23/3/2022 | 21/04/2022 |
| 4 | റോണി വർഗ്ഗീസ് & സുനിത വർഗ്ഗീസ്, ഇടത്തിമലയിൽ കോന്തുരുത്തി, തേവര ബി.എ.നം.351 | 02/3/2022 | 17/3/2022 | 28/04/2022 |
| 5 | വി.ഡി ശശീന്ദ്രൻ നായർ, സരിക നിവാസ്, മരട്- | 24/02/2022 | 10/03/2022 | 20/04/2022 |

| | | | | |
|---|---|---|---|---|
| | ബി.എ.നം.343 | | | |
| 6 | ശാന്തകുമാരി, കൊണത്തുള്ളിൽ നെട്ടൂർ പി.ഒ- ബി.എ.നം.341 | 24/02/2022 | 10/03/2022 | 10/05/2022 |
| 7 | സിനി റോസ്&സി.ജെ ലൂയിസ്, ചൊവ്വല്ലൂർ, തോമസ് പുരം, മരട് ബി.എ.നം.344 | 24/02/2022 | 10/03/2022 | 2/05/2022 |
| 8 | എ.ബി ശങ്കരൻകുട്ടി അഗസ്ത്യ ഹോൾഡിംഗ്സ്, മരട് ബി.എ.നം.336 | 10/02/2022 | 25/2/2022 | 09/05/2022 |
| 9 | പീറ്റർ ഫ്രാങ്ക്ലിൻ, കുടിലിങ്കൽ, ഐയിനി റോഡ്, മരട്- ബി.എ.നം.323 | 03/02/2022 | 18/2/2022 | 25/04/2022 |
| 10 | സലിം താനാപറമ്പിൽ, നെട്ടൂർബി.എ.നം.320 | 03/02/2022 | 18/02/2022 | 22/04/2022 |
| 11 | മേരി, പുലിപ്പറമ്പിൽ, മരട് പി.ഒ ബി.എ.നം.313 | 22/01/2022 | 06/02/2022 | 22/04/2022 |
| 12 | പി.സുകുമാരൻ, പുത്തൻപുരയ്ക്കൽ, ടി.കെ.എസ് റോഡ്, മരട്-ബി.എ.നം.304 | 10/01/2022 | 25/01/2022 | 25/04/2022 |
| 13 | മുകുന്ത് രാജ് വിഗ്നേഷ് ഭവൻ, റ്റി.ഡി റോഡ് ബി.എ.നം.277 | 21/12/2021 | 04/01/2022 | 05/04/2022 |
| 14 | നോയൽ വില്ലാസ് & അപ്പാർട്ട്മെന്റ്, നോയൽ ഹൗസ്, തൃക്കാക്കര- ബി.എ.നം.263 | 09/12/2021 | 24/12/2021 | 27/04/2022 |
| 15 | കെ.പി വത്സല,പുതുപ്പറമ്പിൽ കുണ്ടന്നൂർ- ബി.എ.നം.232 | 23/11/2021 | 06/12/2021 | 15/03/2022 |

ഇപ്രകാരം പെർമിറ്റ് അപേക്ഷകളിൽ സമയപരിധിക്കകം തീരുമാനം എടുക്കാതിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.13/22.11.22) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നതിൽ നിലവിലുള്ള കാലതാമസം ഒഴിവാക്കുന്നതിനായാണ് സർക്കാർ നിയമഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഇത് പൊതുജനങ്ങൾക്ക് പൂർണ്ണതോതിൽ പ്രയോജനപ്പെടണമെങ്കിൽ സമയബന്ധിതമായതും കൂടുതൽ കാര്യക്ഷമത ഉറപ്പുവരുത്തുന്നവിധമുള്ള പ്രവർത്തനങ്ങൾ നഗരസഭകൾ നടപ്പാക്കേണ്ടതാവശ്യമാണ്. പെർമിറ്റ് അപേക്ഷകളിൽ നിയമാനുസൃത സമയപരിധി പാലിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 വാടക - അപാകതകൾ

നഗരസഭയുടെ 2021-22 (ഷോപ്പിംഗ് കോംപ്ലക്സ്) വാടക രജിസ്റ്ററിലെ ഡി.സി.ബി.(Demand Collection Balance) പ്രകാരമുള്ള തുകകൾ നഗരസഭയുടെ വാർഷിക ധനകാര്യ പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/23.11.22) മറുപടി ലഭ്യമാക്കിയില്ല.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | Excess |
|---|---|---|---|---|
| ഡി.സി.ബി. പ്രകാരം | 4,25,088.00 | 3,96,838.00 | 28,250.00 | 20,268.00 |
| വാർഷിക ധനകാര്യ പത്രിക പ്രകാരം | 4,43,472.00 (I-3) | 52,933.00 (RP -37) | 1,02,500.00 ( B-15) | - |

വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. വാടക കുടിശ്ശിക

| ക്രമ നം. | ഷോപ്പ് നമ്പർ/ വാടകക്കാരന്റെ പേര് | കുടിശ്ശിക |
|---|---|---|
| 1 | 15/സന്തോഷ് ഒ.കെ. | 20000.00 (2X10000) |
| 2. | 16 /പ്രസിഡന്റ് & സെക്രട്ടറി, വനിത പരിശീലന കേന്ദ്രം. | 8250.00 (5X1650) |
| | | 28250.00 |

കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.
3. താഴെ പറയുന്ന ഷോപ്പ് നമ്പറുകളുടെ നിലവിലെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വിവരങ്ങൾ രേഖപ്പെടുത്തി തുകകൾ ക്രമീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | ഷോപ്പ് നമ്പർ, കെട്ടിട നമ്പർ | വാടകക്കാരന്റെ പേര് | മാസവാടക |
|---|---|---|---|
| 1. | 8, XIII/499 | EMS ലൈബ്രറി സ്റ്റെയർ റൂം | - |
| 2. | 10, 9/421 A | - | - |
| 3. | 11, XIX/421-7 | ഡിസ്ട്രിക്ട് മാനേജർ, ഹോർട്ടികോർപ്പ് | 3221.00 |

4. നഗരസഭയുടെ വാർഷിക ധനകാര്യ പത്രികപ്രകാരം ടൗൺ ഹാൾ, സ്റ്റേഡിയം എന്നീ ഇനങ്ങളിൽ യഥാക്രമം 5300, 1000 എന്നിങ്ങനെ വാടക ഡിമാന്റും കളക്ഷനും രേഖപ്പെടുത്തിയിട്ടുണ്ട് (I-3, RP-3). ഓഡിറ്റിനു ലഭ്യമാക്കിയ വാടക രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
5. 2021-22 കാലയളവിൽ M/s. Jio Digital Fibre Pvt. Ltd., M/s.Airtel (Telesonic Networks Ltd) എന്നീ സ്ഥാപനങ്ങളിൽ നിന്ന് ജി.ഐ. പോളുകളുടെ വാടക ഇനത്തിൽ യഥാക്രമം 6,33,240/- , 2,34,000/ എന്നിങ്ങനെ തുകകൾ ലഭ്യമായിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ഈ ഇനത്തിൽ വരവ് രേഖപ്പെടുത്തിയിട്ടില്ല. ഇതിനായി വാടക രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല. ( ഖ1-18 കാണുക). വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-18 റോഡിൽ ജി.ഐ. പോൾസ് - നഗരസഭയിൽ കണക്കില്ല, വാടക ആവശ്യപ്പെടുന്നില്ല - തുടർ വർഷങ്ങളിൽ നഷ്ടം

നഗരസഭാ പരിധിയിലെ റോഡുകളിൽ GI Poles, MH എന്നിവ സ്ഥാപിക്കുന്നതിനായി വിവിധ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഇതിനായി സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ നഗരസഭ വീഴ്ച വരുത്തിയിരിക്കുന്നതായി ഫയൽ പരിശോധനയിൽ വ്യക്തമാകുന്നു. മേൽ പ്രവൃത്തി നടത്തിപ്പിന്റെ മേൽനോട്ടവും ആയതിന്റെ ഏകോപനവും അപര്യാപ്തമായതിനാൽ നഗരസഭയ്ക്ക് തൻവർഷവും തുടർവർഷങ്ങളിലും നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നു. പ്രവൃത്തി, സർക്കാർ മാർഗ്ഗനിർദേശങ്ങൾ പാലിച്ചുകൊണ്ട് കൃത്യമായി നടപ്പിലാക്കുന്നതിനും പ്രവൃത്തിയുടെ പൂർത്തീകരണവും തുടർ പരിപാലനവും നിരീക്ഷിക്കുന്നതിനും നഗരസഭയിൽ ഓഫീസ് ഓർഡർ പ്രകാരം

നിലവിലുള്ള സംവിധാനം എപ്രകാരമാണെന്ന വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 27,29/26.11.22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. താഴെ പറയുന്ന 2 സ്ഥാപനങ്ങൾക്കാണ് 2021-22 കാലയളവിൽ അനുമതി ലഭ്യമാക്കിയിരിക്കുന്നത്. വിശദവിവരം ചേർക്കുന്നു.

A. M/s. Jio Digital Fibre Pvt. Ltd.,

B. M/s.Airtel (Telesonic Networks Ltd)

A. ഫയൽ നം. E4- 9469/20 പ്രകാരം മരട് നഗരസഭാ പരിധിയിലെ റോഡുകളിൽ GI Poles, MH എന്നിവ സ്ഥാപിച്ചിട്ടുണ്ട്. 2021-22 കാലയളവിൽ Jio Digital Fibre Pvt. Ltd. എന്ന സ്ഥാപനത്തിന്റെ അപേക്ഷ നമ്പർ RJIL/OFC/ROW/KL/EKM/MARAD/MC/FTTX/2251 തീയതി 20.11.2020 പ്രകാരമാണ് 1759 പോളുകൾ സ്ഥാപിക്കാൻ അനുമതി നൽകിയിരിക്കുന്നത്. ഇതിനായി വിവിധ ഇനങ്ങളിൽ സ്ഥാപനം അടവാക്കിയിരിക്കുന്ന തുകയുടെ വിവരങ്ങൾ ചേർക്കുന്നു.

| രസീത് നമ്പർ 121020400036/29.12.2021 | രസീത് നമ്പർ 121020400037/29.12.2021 | രസീത് നമ്പർ 121020400038/29.12.2021 |
|---|---|---|
| റോഡ് റീസ്റ്റോറേഷൻ ചാർജ്ജ് | വാടക (1758x 360) | സെക്യൂരിറ്റി ഡെപ്പോസിറ്റ് |
| 54,97,000.00 | 6,33,240.00 | 63,324.00 |

1. മേൽ തുകകൾ നഗരസഭ അക്കൗണ്ട് ചെയ്തിരിക്കുന്നതിൽ അപാകത സംഭവിച്ചിട്ടുണ്ട്. വാടക ഇനത്തിൽ ലഭ്യമായിരിക്കുന്ന തുക " അദർ ഫീസ് " എന്ന ഇനത്തിലാണ് രസീതിൽ ചേർത്തിരിക്കുന്നത്. ഇതു മൂലം തുടർ വർഷങ്ങളിൽ വാടക ഡിമാന്റ് ചെയ്യുന്നത് ഒഴിവാകുന്നതിന് സാധ്യതകാണുന്നു. ആയത് പരിശോധിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷം ബഡ്ജറ്റ് പ്രകാരം ഈ ഇനത്തിൽ 5% വർദ്ധനവിൽ വാടക കണക്കാക്കി ഡിമാന്റ് ചെയ്തിട്ടുണ്ടോ എന്നും നാളിതുവരെയുള്ള കളക്ഷൻ വിവരങ്ങളും ഓഡിറ്റിനായി ആവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കിയില്ല. വാർഷിക വാടക നൽകാമെന്ന് എഗ്രിമെൻറ് വ്യവസ്ഥ നം. 6 പ്രകാരം സ്ഥാപനം സമ്മതിച്ചിട്ടുള്ളതാണ് . വാടക ഈടാക്കി രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

2. സർക്കാർ ഉത്തരവ് (Rt) നമ്പർ 89/2020/PWD Dt. 23.01.2020 വ്യവസ്ഥ 2 പ്രകാരം പോൾ ഒന്നിന് വർഷം തോറും 5% വർദ്ധനവോടെ 360 രൂപ നിരക്കിൽ വാർഷിക വാടക ഈടാക്കേണ്ടതാണ്. 5 വർഷത്തിനു ശേഷം കരാർ പുതുക്കേണ്ടതാണ്. ഇപ്രകാരമുള്ള തുടർ നടപടികൾക്കായി എന്ത് ക്രമീകരണമാണ് നഗരസഭ സ്വീകരിച്ചിരിക്കുന്നത് എന്ന വിവരം ലഭ്യമാക്കേണ്ടതാണ്. വിഷയത്തിൽ നഗരസഭാ കൗൺസിൽ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ നിർദേശങ്ങൾ ലഭ്യമായിട്ടുണ്ടോ എന്ന വിവരവും ബാധകമായ ജി.എസ്. റ്റി. ഈടാക്കുന്നുണ്ടോ എന്ന വിവരവും ലഭ്യമാക്കേണ്ടതാണ്.

3. 2021-22 ലെ വാടക രജിസ്റ്ററിൽ ഈ ഇനം ഉൾപ്പെടുത്തി രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4. നഗരസഭയിൽ വിവിധ ഇനങ്ങളിലായി ദിവസേനയുള്ള ക്യാഷ് വരവുകൾ കൃത്യമായ അക്കൗണ്ട് ഹെഡുകളിൽ തന്നെയാണോ ചേർത്ത് രസീത് നൽകുന്നത് എന്ന കാര്യം നിരീക്ഷിക്കുന്നതിന് എന്ത് ക്രമീകരണമാണ് നിലവിലുള്ളത് എന്ന വിവരം ലഭ്യമാക്കേണ്ടതാണ്.

5. മരട് നഗരസഭാ എഞ്ചിനീയർ 04.01.2021 ൽ Jio Digital Fibre Pvt. Ltd. നു നൽകിയിരിക്കുന്ന E4-9469/2020 നമ്പർ കത്ത് (ഓർമ്മക്കുറിപ്പ്) പ്രകാരം നിലവിൽ മരട് നഗരസഭാ പരിധിയിലെ റോഡുകളിൽ സ്ഥാപിച്ചിട്ടുള്ള GI Poles, MH എന്നിവയുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് പ്രകാരം ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ നഗരസഭയിൽ നാളിതുവരെ Jio Digital Fibre Pvt. Ltd. ഉൾപ്പെടെ വിവിധ സ്ഥാപനങ്ങൾക്കായി സർക്കാർ ഉത്തരവ് (Rt) നമ്പർ 89/2020/PWD Dt. 23.01.2020 പ്രകാരം സ്ഥാപിച്ചിരിക്കുന്ന പോളുകളുടെ വിവരങ്ങളും ആയവയിൽ നിന്നും ലഭ്യമാകുന്ന വാടക വിവരങ്ങളും ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്. മുൻവർഷങ്ങളിൽ പോളുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ ആയവയിൽ നിന്ന് കുടിശ്ശിക സഹിതം വാടക ഈടാക്കേണ്ടതാണ്.

6. ഫയൽ നം. E4- 9469/20 പ്രകാരം സ്ഥാപിച്ചിരിക്കുന്ന പോളുകളുടെ നമ്പർ വിവരങ്ങളും റോഡുകളുടെ

പേര് വിവരങ്ങളും റോഡിന്റെ തരം ( ടാർ റോഡ്, ടൈൽ റോഡ്, കോൺക്രീറ്റ് റോഡ് ) സഹിതം ലഭ്യമാക്കേണ്ടതാണ്. വർഷം തോറും വാടക ഈടാക്കുന്നതിന് ഇത്തരത്തിൽ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. നിലവിലുള്ള പോളുകൾ കൂടാതെ വരും വർഷങ്ങളിൽ വീണ്ടും പോളുകൾ സ്ഥാപിക്കേണ്ടി വരുമ്പോൾ തുടർവിവരങ്ങൾ ചേർത്ത് വാടക ഈടാക്കുന്നതിന് ഇത്തരത്തിൽ രജിസ്റ്റർ സൂക്ഷിക്കേണ്ടത് അത്യാവശ്യമാണ്.

7. ടാർ റോഡ്, ടൈൽ റോഡ്, കോൺക്രീറ്റ് റോഡ് എന്നിങ്ങനെ വിവിധ തരം റോഡുകൾക്ക് വ്യത്യസ്ഥ നിരക്കിലാണ് റിസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കേണ്ടത്. എന്നാൽ ഫയൽ നം. E4- 9469/20 പ്രകാരം നഗരസഭ തയ്യാറാക്കിയിരിക്കുന്ന കാൽക്കുലേഷൻ ഷീറ്റിൽ റോഡുകൾ ലിസ്റ്റ് ചെയ്ത് തരം രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച 13.12.2021 ലെ നഗരസഭാ കൗൺസിൽ 8ാം നമ്പർ തീരുമാനത്തിലോ സ്ഥാപനവുമായുള്ള കരാറിലോ നഗരസഭാ സെക്രട്ടറിയുടെ 13.01.2022 ലെ E4 – 9469/2020 നമ്പർ ഉത്തരവിലോ, സ്ഥാപിക്കുന്നത് എത്ര പോളുകൾ എന്ന അടിസ്ഥാന വിവരം രേഖപ്പെടുത്തിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

8. കരാറിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. കരാർ വ്യവസ്ഥ പ്രകാരം മേൽ പ്രവൃത്തിക്കു ശേഷം റോഡുകൾ പൂർവസ്ഥിതിയിലാക്കേണ്ടത് Jio Digital Fibre Pvt. Ltd. ആണ്. വ്യവസ്ഥ പാലിച്ചിട്ടുണ്ടോ എന്ന വിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. റോഡുകൾ പൂർവസ്ഥിതിയിലാക്കിയോ എന്ന വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

B. M/s. Airtel (Telesonic Networks Ltd), ഫയൽ നം. E3- 5998/21 തീ. 12.07.2021 -ലെ ഫയൽ നോട്ട് പ്രകാരം നഗരസഭയിൽ അനധികൃതമായി നെട്ടൂർ പ്രദേശത്ത് പോസ്റ്റ് സ്ഥാപിച്ച് കേബിൾ വലിച്ചതിന് പരാതി ഉള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു.

1. M/s. Airtel (Telesonic Networks Ltd) ന്റെ ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിനുള്ള അനുമതി അപേക്ഷയുമായി (08.07.21) ബന്ധപ്പെട്ടാണ് ഇപ്രകാരം രേഖപ്പെടുത്തൽ നടത്തിയിരിക്കുന്നത്. ഇതേത്തുടർന്ന് നഗരസഭാ പ്രദേശത്ത് അനുമതി ഇല്ലാതെ സ്ഥാപിച്ചിട്ടുള്ള പോസ്റ്റ് കേബിളിന്റെ വിവരങ്ങൾ നൽകുന്നതിന് അപേക്ഷകനു് അറിയിപ്പ് നൽകുക എന്ന് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം നഗരസഭാ പ്രദേശത്ത് അനുമതി ഇല്ലാതെ സ്ഥാപിച്ചിട്ടുള്ള പോസ്റ്റ് കേബിളിന്റെ വിവരങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്. മേൽ പരാതി സംബന്ധിച്ച വിവരങ്ങളും പരാതി രജിസ്റ്ററും ലഭ്യമാക്കേണ്ടതാണ്.

2. മേൽ അപേക്ഷ പ്രകാരം മരട് നഗരസഭാ പരിധിയിലെ റോഡുകളിൽ GI Poles, MH എന്നിവ സ്ഥാപിച്ചിട്ടുണ്ട്. 650 പോളുകൾ സ്ഥാപിക്കാനാണ് അനുമതി നൽകിയിരിക്കുന്നത്. ഇതിനായി വിവിധ ഇനങ്ങളിൽ സ്ഥാപനം അടവാക്കേണ്ട തുകയുടെ വിവരങ്ങൾ ചേർക്കുന്നു. (ഫയൽ നോട്ട് , E3/5998/20 Dated 16.02.2022 നടപടിക്രമം എന്നിവ പ്രകാരം)

| റോഡ് റീസ്റ്റോറേഷൻ ചാർജ്ജ് | വാടക (650x 360) | സെക്യൂരിറ്റി ഡെപ്പോസിറ്റ് | ആകെ |
|---|---|---|---|
| 19,92,660/- | 2,34,000/- | 23,400/- | 22,50,060 |

3. മേൽ തുകകൾ നഗരസഭ അക്കൗണ്ട് ചെയ്തിരിക്കുന്നതിൽ അപാകത സംഭവിച്ചിട്ടുണ്ട്. വാടക ഇനത്തിൽ ലഭ്യമായിരിക്കുന്ന തുക " Road Cutting Charges” എന്ന ഇനത്തിലാണ് രസീത് നം. 121020400039/19.01.22 പ്രകാരം ചേർത്തിരിക്കുന്നത് (19,92,660 +2,34,000 = 22,26,660). ഇതു മൂലം തുടർ വർഷങ്ങളിൽ വാടക ഡിമാന്റ് ചെയ്യുന്നത് ഒഴിവാകുന്നതിന് സാധ്യതകാണുന്നു. ആയത് പരിശോധിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രകാരം ഈ ഇനത്തിൽ 5% വർദ്ധനവിൽ വാടക കണക്കാക്കി ഡിമാന്റ് ചെയ്തിട്ടുണ്ടോ എന്നും നാളിതുവരെയുള്ള കളക്ഷൻ വിവരങ്ങളും ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്. വാർഷിക വാടക നൽകാമെന്ന് എഗ്രിമെൻറ് വ്യവസ്ഥ പ്രകാരം സ്ഥാപനം സമ്മതിച്ചിട്ടുള്ളതാണ്. വാടക ഈടാക്കി രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

4. 2021-22 ലെ വാടക രജിസ്റ്ററിൽ ഈ ഇനം ഉൾപ്പെടുത്തി രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

5. മേൽ അപേക്ഷ പ്രകാരം 650 പോളുകൾ സ്ഥാപിക്കുന്നതിനുള്ള തുകയാണ് അടവാക്കിയിരിക്കുന്നത്. എന്നാൽ M/s. Airtel (Telesonic Networks Ltd) ന്റെ 04.06.2022 ലെ TNL/ROW/Cochin/Jun'22-002 നമ്പർ കത്തിൽ 672 പോളുകൾ സ്ഥാപിച്ചതായി പറയുന്നു. Demand Note No. E3/5998/21 Dated 22.12.2021 പ്രകാരം അനുമതി ലഭ്യമായിരുന്നതിനാൽ സ്ഥാപിച്ച എന്നും ഇതു കൂടാതെ 41 പോളുകൾക്കൂടി സ്ഥാപിച്ചിട്ടുണ്ടെന്നും കത്തിൽ പറയുന്നു. ടി ഡിമാന്റ് പ്രകാരവും E3/5998/20 Dated 16.02.2022 നടപടിക്രമം പ്രകാരവും 650 പോളുകൾ സ്ഥാപിക്കുന്നതിനുള്ള തുകകൾ മാത്രമേ നഗരസഭയിൽ അടവാക്കിയിട്ടുള്ളൂ. രസീത് നം. 121020400039/19.01.22-22,26,660/-, രസീത് നം. 121020400040/19.01.22- 23,400/- ആയതിനാൽ തുക അടവാക്കാതെ സ്ഥാപിച്ചിരിക്കുന്ന 63 പോളുകൾക്ക് (672 + 41 – 650) ഈടാക്കേണ്ടതായ റോഡ് റീസ്റ്റോറേഷൻ ചാർജ്ജ്, വാടക, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

6. തുക അടവാക്കാതെ സ്ഥാപിച്ചിരിക്കുന്ന 63 പോളുകൾ ഏത് തരം റോഡിലാണെന്ന വിവരവും ലഭ്യമാക്കേണ്ടതാണ്. റോഡുകളുടെ പേര് വിവരങ്ങൾ റോഡിന്റെ തരം (ടാർ റോഡ്, ടൈൽ റോഡ്, കോൺക്രീറ്റ് റോഡ്) സഹിതം ലിസ്റ്റ് ചെയ്ത് തുക കണക്കാക്കേണ്ടതാണ്.

7. സ്ഥലപരിശോധന നടത്തി യഥാർത്ഥത്തിൽ എത്ര പോളുകൾ സ്ഥാപിച്ച എന്ന വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി ആയതു പ്രകാരം തുക ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.
8. കരാർവ്യവസ്ഥ പ്രകാരം റോഡുകൾ പൂർവ്വസ്ഥിതിയിലാക്കിയോ എന്ന വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.
9. ഇലക്ട്രോണിക്സ് &ഐ റ്റി (ബി) വകുപ്പിന്റെ 11.10.2018 ലെ ജി. ഒ. (എം. എസ്.) 25/2018(ITD), തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പിന്റെ 22-05-2018 ഡിസി.2/531/2017/തസ്വഭവ സർക്കുലർ എന്നിവ പ്രകാരം ടെലികോം കമ്പനികൾക്ക് സംസ്ഥാനത്തെ റോഡുകളിലൂടെ OFC കേബിളുകൾ ഇടുന്നതിന് RoW (Right Of Way) പെർമിഷന് വേണ്ടി 75000/കി.മീ നിരക്കിൽ ഒറ്റ തവണ ഫീസ് സർക്കാരിലേക്ക് അടവാക്കണം. എന്നാൽ അപേക്ഷകർ പ്രസ്തുത ഫീസ് അടവാക്കിയതിന്റെ വിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ആതിനാൽ അപേക്ഷകർ ഈ ഇനത്തിൽ സർക്കാരിലേക്കോ, നഗരസഭയിലേക്കോ തുക അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

## 1-19 തനത് ഫണ്ട് അക്കൗണ്ട് - കോടികളുടെ നിക്ഷേപം തുച്ഛമായ പലിശനിരക്കിൽ തുടരുന്നു.

നഗരസഭയുടെ തനത് ഫണ്ട്, പഞ്ചാബ് നാഷണൽ ബാങ്ക് സേവിംഗ്സ്അക്കൗണ്ട് നമ്പർ 7476001100000011 ൽ നിക്ഷേപിക്കുന്നുണ്ട്. പാസ് ബുക്ക് പ്രകാരം ടി അക്കൗണ്ടിൽ 2021-22 സാമ്പത്തിക വർഷാരംഭത്തിൽ 9,64,01,878.57 രൂപയും വർഷാവസാനം 11,30,05,803.60 രൂപയും ക്രഡിറ്റ് ബാലൻസ് ഉണ്ട്. ഇതിന് നിലവിൽ ലഭ്യമാകുന്നത് സേവിംഗ്സ് ബാങ്ക് നിക്ഷേപങ്ങൾക്ക് ലഭ്യമാകുന്ന 2.5% നിരക്കിലുള്ള തുച്ഛമായ പലിശയാണ്. ടി നിക്ഷേപം, ബാങ്കുകളിൽ നിലവിലുള്ള “Auto Sweep” ( The Auto Sweep Facility Is A Combination Of Savings Account And Fixed Deposit Account) സംവിധാനത്തിലേക്ക് മാറ്റിയാൽ 6.75% നിരക്കിൽ (Fixed Deposit) പലിശ ലഭ്യമാകുന്നതാണ്. ഇത്തരത്തിൽ ചെയ്യാത്തതുകൊണ്ട് നഗരസഭയ്ക്ക് വർഷം തോറും നഷ്ടമായിക്കൊണ്ടിരിക്കുന്ന തുകയുടെ ഒരു ഏകദേശ രൂപം താഴെ ചേർക്കുന്നു.

| നിക്ഷേപം (ശരാശരി) | 2.5% നിരക്കിൽ ഒരു വർഷം ലഭ്യമാകുന്ന പലിശ | 6.75% നിരക്കിൽ ഒരു വർഷം ലഭ്യമാകുന്ന പലിശ | വ്യത്യാസം |
|---|---|---|---|
| 10 കോടി | 25,00,000/- | 67,50,000/- | 42,50,000/- |

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 16/23.11.22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം നൽകേണ്ടതാണ്.

## 1-20 ഡോഗ് ലൈസൻസ് അനുവദിക്കാത്തത് സംബന്ധിച്ച്

വെറ്ററിനറി സർജന്റെ 2021-22 ലെ പ്രോജക്ട് - പേവിഷബാധ നിർമാർജനം, നം. 23/22 പ്രകാരം 20,000/- രൂപ ചെലവഴിച്ച് നഗരസഭയിലെ 93 നായകൾക്ക് പേവിഷബാധയ്ക്ക് വാക്സിൻ നൽകിയിട്ടുണ്ട്.

നഗരസഭയുടെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ഡോഗ് ലൈസൻസ് എന്ന ഹെഡിൽ വരവുള്ളതായി രേഖപ്പെടുത്തിയിട്ടില്ല. മേൽ പ്രോജക്ട് പ്രകാരം വാക്സിൻ നൽകിയ 93 നായകൾക്ക് ലൈസൻസ് നൽകിയിരുന്നുവെങ്കിൽ 93 X 100 = 9300/- രൂപ ഡോഗ് ലൈസൻസ് ഫീസ് ഇനത്തിൽ വരവ് ഉണ്ടാകുമായിരുന്നു. മാത്രമല്ല നഗരസഭയിലെ 93 നായകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരികയും ചെയ്യാമായിരുന്നു. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല. ലൈസൻസില്ലാത്ത നായകൾ മൂലം പൊതുജനങ്ങൾക്കുണ്ടായേക്കാവുന്ന നാശനഷ്ടങ്ങൾക്ക് തദ്ദേശ ഭരണകൂടം ഉത്തരവാദിയാകുമെന്നതിനാൽ, ടി വിഷയം നിരുത്തരവാദപരമായി കൈകാര്യം ചെയ്തിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

സംസ്ഥാനത്ത് തെരുവുനായ ശല്യം അതിരൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. എന്നാൽ ഇത് തടയുന്ന വിഷയത്തിൽ മരട് നഗരസഭ യാതൊരു ക്രമീകരണവും നടത്തുന്നില്ല എന്നത് ഭരണസമിതിയുടെ വീഴ്ചയാണ്. 2020-21 ലെ ഓഡിറ്റ് റിപ്പോർട്ടിൽ ( ഖ. നം. 1-33 കാണുക) ഇതു സംബന്ധിച്ച് പരാമർശവും നിർദേശങ്ങളും നൽകിയിരുന്നു എങ്കിലും അതേ അപാകതകൾ തുടർ വർഷത്തിലും നഗരസഭ തുടരുകയാണ്. ലൈസൻസില്ലാത്ത നായകളുടെ ഉടമകളെ വെറ്ററിനറി സർജന്റെ പ്രോജക്ട് പ്രകാരം കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കേണ്ടതും മേൽ 93 നായകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവന്ന് രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 26/26.11.22 നൽകിയതിന് മറുപടി ലഭ്യമായില്ല. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-21 ജീവനക്കാർക്ക് ചുമതലകൾ നൽകിക്കൊണ്ടുള്ള ഓഫീസ് ഓർഡർ നിലവിലില്ല.

നഗരസഭയിൽ വിവിധ സെക്ഷനുകളുടെ ചുമതലകൾ നിറവേറ്റുന്നതിനായി ജീവനക്കാർക്ക് ജോലി വിഭജനരേഖ പ്രകാരം ചുമതലകൾ നൽകിക്കൊണ്ടുള്ള ഓഫീസ് ഓർഡർ രജിസ്റ്റർ നിലവിലില്ല. ഇതിനായി ഒരു ഫയൽ മാത്രമാണുള്ളത്. കാലാകാലങ്ങളിൽ വിവിധ സെക്ഷനുകളുടെ ജോലികൾ നിറവേറ്റുന്നതിനായി ചുമതലകൾ നൽകിക്കൊണ്ടുള്ള ഓഫീസ് ഓർഡറുകൾ രേഖപ്പെടുത്തുന്നതിനായി ഒരു സ്ഥിരം രജിസ്റ്റർ തയ്യാറാക്കേണ്ടതും ആയത് ഒഡിറ്റിനായി ലഭ്യമാക്കേണ്ടതുമാണ്. ചുമതലകൾ കൈമാറുന്ന വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
വിഷയത്തിന്റെ ഗൗരവത്തിലേയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

### 1-21-1 സ്റ്റോറും സ്റ്റോക്കും കൈകാര്യം ചെയ്യുന്നത് ദിവസവേതന ജീവനക്കാർ

രസീത് ബുക്കുകളുടെ സ്റ്റോക്ക് – ക്രമനമ്പർ തെറ്റിച്ച് വിതരണം നടത്തി.

30.11.2022 ൽ നടത്തിയ മാനുവൽ രസീത് ബുക്കുകളുടെ സ്റ്റോക്കിന്റെ ഭൗതിക പരിശോധനയിൽ സ്റ്റോറും സ്റ്റോക്കും കൈകാര്യം ചെയ്തത് ദിവസവേതന ജീവനക്കാർ ആണ്. സ്ഥിരം ജീവനക്കാർക്ക് സെക്ഷനുകളുടെ ചുമതലയെപ്പറ്റി വ്യക്തതയില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 32 രസീത് ബുക്കുകൾ ബാലൻസ് ഉള്ളതായി കണ്ടു. എന്നാൽ ഇവയുടെ ക്രമനമ്പരിൽ വ്യത്യാസമുള്ളതായി കാണുന്നു. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 41/30.11.22 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

A. ടി 32 ബുക്കുകൾ ഗ്രാമലക്ഷ്മി മുദ്രാലയത്തിലെ Invoice No. TVM/408/18-19 Dt. 18.07.18 പ്രകാരം 14.09.2018 ൽ സ്റ്റോക്കിലെടുത്ത 292 മുതൽ 391 വരെയുള്ള 100 രസീത് ബുക്കുകളിൽ ബാക്കി ഉള്ളവയാണ്. ക്രമപ്രകാരം 292 മുതലുള്ള നമ്പരാണ് ഇഷ്യൂ ചെയ്ത് തുടങ്ങേണ്ടിയിരുന്നത്. എന്നാൽ 292 മുതൽ 300 വരെയുള്ളവ ഇഷ്യൂ ചെയ്യാതെ 17.03.2020 ൽ 301 മുതലുള്ള രസീത് ബുക്കുകളാണ് ഇഷ്യൂ ചെയ്തത്. ആയതിനാൽ നിലവിൽ 369 മുതൽ 391 വരെയും ( 23ബുക്കുകൾ ), 292 മുതൽ 300 വരെയുമായി (9ബുക്കുകൾ) ആകെ 32 ബുക്കുകളാണ് സ്റ്റോക്കിൽ അവശേഷിക്കുന്നത്. രസീത് ബുക്കുകൾ ക്രമരഹിതമായി സൂക്ഷിച്ചിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ക്ഷമതയുള്ള ഉദ്യോഗസ്ഥന് ഓഫീസ് ഓർഡർ പ്രകാരം സ്റ്റോക്കിന്റെ ചുമതല നൽകിക്കൊണ്ടുള്ള രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

B. സാംഖ്യ രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
C. ഔട്ട് ഡോർ കളക്ഷൻ രസീതുകൾ റദ്ദു ചെയ്യുന്നവയിൽ റദ്ദാക്കലിന്റെ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

D. കളക്ഷൻ വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കുന്നത് രസീതുകളുടെ ക്രമനമ്പർ പ്രകാരമുള്ള തുടർച്ചയിൽ അല്ല. പല രജിസ്റ്ററുകളിലായി തുകകൾ ചേർത്തിരിക്കുന്നത് പരിശോധനയ്ക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു.

1-21-2 തൊഴിൽ നികുതി, ലൈസൻസ് വിവരങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല,

തൊഴിൽ നികുതി, ലൈസൻസ് എന്നിവയുടെ ഫയലുകളോ രജിസ്റ്ററുകളോ ഓഡിറ്റിനായി ലഭ്യമാക്കാതിരുന്നതിനാൽ ആയവ ആവശ്യപ്പെട്ടുകൊണ്ട് 25.11.2022 ൽ ഓഡിറ്റ് റിക്വിസിഷൻ നൽകി. എന്നാൽ നഗരസഭ പ്രസ്തുത വിവരങ്ങൾ ഹാജരാക്കിയില്ല. ആയതിനാൽ ഈ ഇനങ്ങളിലുള്ള ഡിമാന്റ്, വരവ് എന്നിവ കൃത്യമാണോ എന്ന വിവങ്ങളൊന്നും തന്നെ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. മാത്രമല്ല തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായവർ എല്ലാവരും തന്നെ ബാധകമായ നിരക്കിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടോ, തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നുണ്ടോ എന്നിവയും പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. വിവരങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

നഗരസഭാ പരിധിയിൽ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള സ്ഥാപനങ്ങൾ നിയമാനുസൃതമായ ലൈസൻസോടുകൂടെ ആണോ പ്രവർത്തിക്കുന്നത്, ബാധകമായ ലൈസൻസ് ഫീസ് അടവാക്കിയിട്ടുണ്ടോ എന്നിവയും പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. പരിശോധനയ്ക്ക് ആവശ്യമായ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1-22 വരവിനങ്ങളുടെ ഡി.സി.ബി. തയ്യാറാക്കാതെ വാർഷിക ധനകാര്യപത്രികയിൽ തുകകൾ ഉൾപ്പെടുത്തുന്നു

സാമ്പത്തിക വർഷാവസാനം വരവിനങ്ങളുടെ രജിസ്റ്റർ പ്രകാരമുള്ള ഡിമാൻറ് കളക്ഷൻ ബാലൻസ് (ഡി.സി.ബി.) തയ്യാറാക്കി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആയതിന്റെ അടിസ്ഥാനത്തിനാണ് നഗരസഭയുടെ വാർഷിക ധനകാര്യപത്രികയിൽ തുകകൾ ഉൾപ്പെടുത്തേണ്ടത്. എന്നാൽ ഓഡിറ്റ് റിക്വിസിഷൻ പ്രകാരം ആവശ്യപ്പെട്ടിട്ടും നഗരസഭ 2021-22 ലെ തൊഴിൽ നികുതി, ലൈസൻസ് എന്നിവയുടെ ഫയലുകളോ രജിസ്റ്ററുകളോ ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല. വാടക സംബന്ധിച്ച രജിസ്റ്റർ, ഡി.സി.ബി. തയ്യാറാക്കാതെയാണ് സമർപ്പിച്ചത്. പിന്നീട് തയ്യാറാക്കിയ ഡി.സി.ബി., വാർഷിക ധനകാര്യപത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നുമില്ല. വരവിനങ്ങളുടെ ഡി.സി.ബി. തയ്യാറാക്കാതെ വാർഷിക ധനകാര്യപത്രികയിൽ തുകകൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 36/29.11.2022 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

1-23 കാർഷിക മൊത്തവ്യാപാര മാർക്കറ്റിലെ തൊഴിൽ നികുതി പിരിക്കുന്നതിന് കോടതി വിധി

മരട് കാർഷിക മൊത്തവ്യാപാര മാർക്കറ്റിലെ കച്ചവട സ്ഥാപനങ്ങളുടെ തൊഴിൽ നികുതി അടക്കുന്നതിന് നഗരസഭയുടെ 20.09.2021 ലെ നോട്ടീസ് നമ്പർ 11375/2016 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. WP(c) 35193/2016(Y), 31379/2014, 6064/16, 36042/2016, 36693/2016 എന്നീ നമ്പർ കേസുകളിൽ 10.10.2020ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധി, ബഹു. ഹൈക്കോടതിയുടെ 30.04.21 ലെ WP(c) No. 10635/2JCD, WP(c) No. 10549/21(P) നമ്പർ വിധിന്യായം എന്നിവ പ്രകാരം മരട് നഗരസഭാ പരിധിയിൽ 23-ാം ഡിവിഷനിൽ സ്ഥിതിചെയ്യുന്ന മരട് കാർഷിക മൊത്തവ്യാപാര മാർക്കറ്റിലെ കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് മരട് നഗരസഭയിൽനിന്നും വ്യാപാര ലൈസൻസ് എടുത്ത് കച്ചവടം നടത്തുന്നവർ തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരാണ്. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 35/29.11.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1. ഇവരിൽ നിന്നും 01.04.2016 മുതൽ 2021-22 വരെയുള്ള തൊഴിൽ നികുതി അടവാക്കാൻ മേൽ നോട്ടീസിൽ ആവശ്യപ്പെട്ടിരിക്കുന്നതു പ്രകാരം കുടിശ്ശിക സഹിതം തൊഴിൽ നികുതി ലഭ്യമായിട്ടുണ്ടോ എന്ന വിവരം രേഖകൾ സഹിതം ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്. നോട്ടീസിന്റെ തുടർനടപടി വിവരങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

2. മരട് കാർഷിക മൊത്തവ്യാപാര മാർക്കറ്റിലെ കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് മരട് നഗരസഭയിൽനിന്നും വ്യാപാര ലൈസൻസ് എടുത്ത് കച്ചവടം നടത്തുന്നവരുടെ ലിസ്റ്റ് ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

3. നഗരസഭയുടെ അസറ്റ് രജിസ്റ്റർ പ്രകാരം കാർഷിക മൊത്തവ്യാപാര മാർക്കറ്റിൽ എത്ര കടമുറികൾ ഉണ്ട് എന്ന വിവരം കെട്ടിട നമ്പർ സഹിതം ലഭ്യമാക്കേണ്ടതാണ്.

4. WP(c) 35193/2016(Y), 31379/2014, 6064/16, 36042/2016, 36693/2016 എന്നീ കേസുകളിൽ 10.10.2020ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധി, ബഹു. ഹൈക്കോടതിയുടെ 30.04.21 ലെ WP(c) No. 10635/2JCD, WP(c) No. 10549/21(P) നമ്പർ വിധിന്യായം എന്നിവയുടെ പകർപ്പ് ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

5. നഗരസഭയുടെ 2021-22 ലെ ട്രേഡേഴ്സ് ലിസ്റ്റ് (ഡിവിഷൻ തലത്തിൽ) ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

## 1-24 ഹെഡ്മിസ്ട്രസ് ജി.എൽ.പി.എസ് മാംഗായിൽ നടപ്പിലാക്കിയ പദ്ധതികളിലെ വാങ്ങൽ നടപടിക്രമങ്ങളിലെ അപാകതകൾ

1. ജെ.ബി.എസ് കുണ്ടന്നൂർ - മൈക്ക് സെറ്റ് വാങ്ങൽ
പ്രോജക്ട് നം.: 58/2022
അടങ്കൽ : 60,000/-(മെയിന്റനൻസ്ഗ്രാന്റ്-നോൺ റോഡ്)
ചെലവ് : 50,000/-(Bill നം. 02/2021-22 Rs..50000 Dtd 21.12.2021 )
2. സ്കൂളുകൾക്ക് വാട്ടർ പ്യൂരിഫയറുകൾ വാങ്ങൽ
പ്രോജക്ട് നം.: 55/2022
അടങ്കൽ : 1,00,000/-(മെയിന്റനൻസ്ഗ്രാന്റ്-നോൺ റോഡ്)
ചെലവ് : 1,00,000/-(Bill നം. 01/2021-22 Rs.1,00,000 Dtd 21.12.2021 )
ജെ.ബി.എസ് കുണ്ടന്നൂർ - ഫർണ്ണീച്ചർ വാങ്ങൽ
പ്രോജക്ട് നം.: 62/2022
അടങ്കൽ : 1,00,000/-(മെയിന്റനൻസ്ഗ്രാന്റ്-നോൺ റോഡ്)
ചെലവ് : 1,00,000/-(Bill നം. 03/2021-22 Rs.1,00,000 Dtd 05.03.2022 )

മരട് നഗരസഭയിൽ ഗവ.എൽ.പി സ്കൂൾ ഹെഡ്മാസ്റ്റർ നടപ്പിലാക്കിയ മൂന്ന് പദ്ധതികളിലായി 2021-22 സാമ്പത്തിക വർഷം 2,50,000/- രൂപയുടെ വാങ്ങലുകൾ നടത്തിയിട്ടുണ്ട്. പദ്ധതികൾ പ്രകാരമുള്ള സാധനങ്ങൾ ലഭിക്കുകയും സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.എന്നാൽ പദ്ധതികളിലെ വാങ്ങൽ നടത്തിയിട്ടുള്ളത് ഇതിന് സ്വീകരിക്കേണ്ട മുന്നൊരുക്കങ്ങളും നടപടിക്രമങ്ങളും പാലിക്കാതെയാണ്. പദ്ധതികളിൽ കണ്ടെത്തിയ പൊതു അപാകതകൾ ചുവടെ ചേർക്കുന്നു.

01. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)നം.259/2010/ത.സ്വ.ഭ.വ./ 8.11.2010 പ്രകാരം 50,000/- രൂപക്ക് മുകളിലുള്ള വാങ്ങലുകൾ ലിമിറ്റഡ് ടെണ്ടർ വഴിയും 100000/- രൂപക്ക് മുകളിലുള്ള വാങ്ങലുകൾ ഓപ്പൺ ടെണ്ടർ നടപടിയിലൂടെയുമാണ് നടത്തേണ്ടത്. നഗരസഭയിൽ നടപ്പാക്കിയ രണ്ട് പദ്ധതികളിൽ ഓപ്പൺ ടെണ്ടർ നടപടികളും ഒരു പദ്ധതിയിൽ ലിമിറ്റഡ് ടെണ്ടർ നടപടിയും സ്വീകരിക്കേണ്ടതിന് പകരം ക്വട്ടേഷൻ വഴിയാണ് മൂന്ന് പദ്ധതികളിലും വാങ്ങൽ നടത്തിയത്. ടെണ്ടർ നോട്ടീസ് തയ്യാറാക്കി, അംഗീകൃത കരാറുകാർക്ക് ടെണ്ടർ രേഖകൾ നൽകി ടെണ്ടർ സമർപ്പണത്തിന് 14 ദിവസത്തെ സമയം അനുവദിച്ചാണ് വാങ്ങൽ നടത്തേണ്ടത്. എന്നാൽ പ്രസ്തുത നടപടികൾ സ്വീകരിച്ചിട്ടില്ല. ഫർണ്ണീച്ചർ വാങ്ങൽ പദ്ധതിയിലാകട്ടെ ലഭ്യമായ ഒരു ക്വട്ടേഷൻ പ്രകാരമാണ് വാങ്ങൽ നടത്തിയത്.

2. പദ്ധതിയുടെ അടങ്കൽ അല്ലാതെ ആവശ്യമായ സാധനങ്ങളിൽ ഒന്നിന് പോലും സ്പെസിഫിക്കേഷൻ നൽകിയിരുന്നില്ല. മൈക്ക് സെറ്റ്, വാട്ടർ പ്യൂരിഫയർ, ഫർണ്ണീച്ചർ എന്നിവക്കൊന്നിനും കൃത്യമായ സ്പെസിഫിക്കേഷൻ നൽകിയിട്ടില്ലാത്തതിനാൽ സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത വില ഏത് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഉത്പന്നങ്ങളുടേതാണ് എന്ന് വ്യക്തമാകാത്ത സാഹചര്യമാണുള്ളത്. മൈക്ക് സെറ്റ് വാങ്ങലിൽ ഏത് ടൈപ്പ് മൈക്രോഫോൺ എന്നോ മോഡൽ, ആവശ്യമുള്ള ഫ്രീക്വൻസി, വാറന്റി, ഇൻസ്റ്റലേഷൻ എന്നീ വിശദാംശങ്ങളൊന്നും ക്വട്ടേഷനിൽ രേഖപ്പെടുത്തിയിട്ടില്ല. വാട്ടർ പ്യൂരിഫയർ വാങ്ങലിൽ ഇനം (R.O /UV/UF), ടെക്നോളജി,സ്റ്റോറേജ്, ലഭ്യമായ ജലസ്രോതസ്സ് എന്നീ അടിസ്ഥാന വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല. ഫർണ്ണീച്ചർ വാങ്ങലിൽ ഡെസ്ക്, ബഞ്ച്, ഓഫീസ് ടേബിൾ എന്നിവ

തടി/സ്റ്റീൽയാണോ എന്നോ ഏത് തടിയാണെന്നോ എത്ര ഗേജിന്റെ സ്റ്റീൽ എന്നോ അതിന്റെ നീളം, വീതി, ഉയരം പോലുള്ള വിവരങ്ങളോ ആവശ്യപ്പെടാതെയാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. ഈ വാങ്ങലുകളിലെല്ലാം പദ്ധതി അടങ്കൽ മാത്രമാണ് പൊതുവായി രേഖപ്പെടുത്തിയിരിക്കുന്നത്. ഈ ഉത്പന്നങ്ങളുടെ ആകെ വില മാത്രമാണ് സ്ഥാപനങ്ങൾ ക്വാട്ട് ചെയ്തിട്ടുള്ളത്. ഓരോ സ്ഥാപനവും ക്വാട്ട് ചെയ്ത സാധനങ്ങളുടെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്താത്തതിനാൽ ഇവയുടെ ആകെ നിരക്കുകൾ എങ്ങനെ താരതമ്യം നടത്തി എന്ന് വ്യക്തമാകുന്നില്ല. ഒരേ ബ്രാൻഡ് ഉത്പന്നം തന്നെ വ്യത്യസ്ത മോഡലിലും ഉപയോഗിക്കുന്ന Raw Materials അനുസരിച്ച് (ഉദാ: തേക്ക് തടി / ആഞ്ഞിലി തടി) വ്യത്യസ്ത നിരക്കിലും സ്പെസിഫിക്കേഷനിലും ലഭിക്കുന്ന സാഹചര്യത്തിൽ ലഭിച്ച ക്വട്ടേഷനുകളിൽ നിന്നും കുറഞ്ഞ നിരക്ക് തിരഞ്ഞെടുത്തത് യുക്തിസഹമല്ല.

3. സ്ഥാപനങ്ങൾ സാധനങ്ങൾ വിതരണം ചെയ്ത ബില്ലിലും ഉത്പന്നങ്ങളുടെ വിശദാംശങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. വാട്ടർ പ്യൂരിഫയർ വിതരണം നടത്തിയ സൈമ ട്രേഡിംഗ്, പൊന്നുരുന്നി,വൈറ്റില എന്ന സ്ഥാപനം വാട്ടർ പ്യൂരിഫയർ എന്ന് മാത്രമാണ് ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ബ്രാൻഡ്, കപ്പാസിറ്റി , ഇനം, വാറന്റി എന്നിവയൊന്നും ബില്ലിൽ രേഖപ്പടുത്തിയിട്ടില്ല. ഫർണ്ണീച്ചർ വിതരണം ചെയ്ത മാക് ഫാബ് എന്ന സ്ഥാപനവും ഡെസ്ക്, ബഞ്ച്, ഓഫീസ് ടേബിൾ എന്നിവയുടെ എണ്ണമല്ലാതെ തടി/സ്റ്റീൽ,നീളം, വീതി ,ഉയരം പോലുള്ള വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല.

4. തദ്ദേശസ്ഥാപനങ്ങളിലെ വാങ്ങലുകൾ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശ പ്രകാരമാണ് നടത്തേണ്ടത്. ഈ പദ്ധതിയുടെ വാങ്ങലിനായി ക്ഷണിച്ച ക്വട്ടേഷനുകൾ പ്രൊക്യൂർമെന്റ് കമ്മിറ്റി പരിശോധിച്ചതിന്റെയോ ശുപാർശ നൽകിയതിന്റെയോ വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല.

ഈ കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-14 തീയതി-22/11/2022 ) നൽകിയ മറുപടിയിൽ മേൽ അപാകങ്ങൾ തുടർന്നു നടപ്പാക്കുന്ന പദ്ധതികളിൽ പരിഹരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനായി പുറത്തിറക്കിയിട്ടുള്ള മാർഗ്ഗരേഖ പ്രകാരമുള്ള നടപടി ക്രമങ്ങൾ കൃത്യമായി പാലിച്ചുമാത്രം വാങ്ങലുകൾ നടത്തുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-25 സമഗ്രശിക്ഷാ കേരള വിഹിതം- പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ഹാജരാക്കിയില്ല.

| | |
|---|---|
| പ്രോജക്ട്.നം | 164/2022 |
| അടങ്കൽ | 1035890 (വികസനഫണ്ട്-ജനറൽ) |
| ചെലവ് | 1035890 |
| ബിൽ നം | 04/2021-22 Rs.1035890/-,dtd24/02/2022 |
| നിർവ്വഹണം | ഹെഡ്മിസ്ട്രസ്, ഗവ ഹൈസ്കൂൾ, മാംഗായിൽ |

2021-22 സാമ്പത്തിക വർഷം നഗരസഭ നടപ്പിലാക്കിയ എസ്.എസ്.കെ വിഹിതം - എന്ന പദ്ധതി വഴി നഗരസഭ പരിധിയിലെ സ്കൂളുകളിലെ എസ്.എസ്.കെ പദ്ധതി പ്രകാരമുള്ള വിവിധ പ്രവർത്തനങ്ങൾക്കായി 40% തദ്ദേശസ്ഥാപന വിഹിതമായി ₹10,35,890/- നൽകിയിട്ടുണ്ട് .തൃപ്പൂണിത്തുറ എസ്.എസ്.എ ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ 17/02/2022 ലെ പ്ലാൻ എസ്റ്റിമേറ്റ് പ്രകാരം 2021 -22 വർഷം മരട് നഗരസഭയിൽ എസ്.എസ്.എ പദ്ധതി പ്രകാരം നടപ്പാക്കുന്ന വിവിധ പദ്ധതികളും ഇവക്ക് കണക്കാക്കുന്ന തുകയും അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് വികസന ഫണ്ടിൽ നിന്നും തുക നൽകിയത്. പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ (29.01.2018 ലെ സ.ഉ(കൈ) 11/2018/ത.സ്വ.ഭ.വ) ഖണ്ഡിക 7.6.(3) പ്രകാരം എസ്.എസ്.കെ പദ്ധതിയ്ക്ക് സർക്കാർ നിശ്ചയിച്ച തുക വകയിരുത്തണമെങ്കിലും പദ്ധതി പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് മുഖ്യ പങ്ക് വഹിക്കേണ്ടത്.വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് നഗരസഭ തലത്തിൽ വിശദമായ ചർച്ച നടത്താതെയും നഗരസഭയുടെ ശുപാർശകൾ ആരായാതെയുമാണ് ബ്ലോക്ക് പ്രോഗ്രാം ഓഫീസിൽ നിന്നും നൽകിയ പ്ലാൻ എസ്റ്റിമേറ്റ് പ്രകാരം തുക കൈമാറിയിട്ടുള്ളത്. നഗരപരിധിയിലെ വിദ്യാഭ്യാസ മേഖലയിൽ വിവിധ സ്കൂളുകൾക്കാവശ്യമായ പദ്ധതികൾ സംബന്ധിച്ച് ഭരണസമിതി ശുപാർശകളൊന്നും പ്രോഗ്രാം ഓഫീസിലേക്ക് നൽകിയിട്ടില്ല. നഗരസഭ നൽകിയ എസ്.എസ്.കെ വിഹിതം പൂർണ്ണമായും വിനിയോഗിച്ചതായി 19/08/2022 എ3/207/2022/Ekm/SSK നമ്പർ കത്ത് പ്രകാരം എസ്.എസ്.എ ജില്ലാ പ്രോജക്ട് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

തൃപ്പൂണിത്തുറ എസ്.എസ്.എ ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ എസ്റ്റിമേറ്റ് പ്രകാരം 2021-22 വർഷം മരട് നഗരസഭയിൽ എസ്.എസ്.കെ പദ്ധതി പ്രകാരം നടപ്പാക്കാൻ ലക്ഷ്യമിട്ട പ്രധാന പ്രവർത്തനങ്ങളും വകയിരുത്തിയ തുകയും താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തനം | ആകെ കണക്കാക്കിയ ചെലവ് | തദ്ദേശസ്ഥാപന വിഹിതമായി നിശ്ചയിച്ച തുക |
|---|---|---|---|
| 1 | യൂണിഫോം വിതരണം | ₹64,800/- | ₹25,920 /- |
| 2 | സ്പോർട്സ് & കായിക വിദ്യാഭ്യാസം | ₹10,000/- | ₹4,000/- |
| 3 | പ്രോഗ്രാം മാനേജ്മെന്റ് | ₹129,598/- | ₹51839/- |
| 4 | നൂതനപദ്ധതികൾ | ₹117194/- | ₹46878/- |
| 5 | C.W.S.N | ₹384,693/- | ₹153,877/- |

കോവിഡ് മഹാമാരിയെത്തുടർന്നുള്ള ലോക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും മൂലം 2021-22 അക്കാദമിക് വർഷത്തെ ആദ്യ 6 മാസം സ്കൂളുകൾ തുറക്കാത്ത സാഹചര്യത്തിലും പാഠ്യ, പാഠ്യേതര പ്രവർത്തനങ്ങൾക്കും പരിശീലന പ്രവർത്തനങ്ങൾക്കും നിയന്ത്രണം ഏർപ്പെടുത്തിയിരുന്ന സാഹചര്യത്തിലും സ്പോർട്സ് & കായിക വിദ്യാഭ്യാസം, കുട്ടികൾക്ക് യൂണിഫോം വിതരണം, പ്രോഗ്രാം മാനേജ്മെന്റ്,നൂതനപദ്ധതികൾ ഉൾപ്പടെയുള്ള ചെലവുകളുടെ വിശദാംശങ്ങളൊന്നും നൽകാതെ നഗരസഭ നൽകിയ തുക മുഴുവൻ ചെലവഴിച്ചതായി സാക്ഷ്യപത്രം ഹാജരാക്കിയത് സംബന്ധിച്ച് വിശദീകരണവും നഗരസഭ പ്രദേശത്ത് പ്രോജക്ടിൽ നിന്നും നൽകിയ തുക ചെലവഴിച്ചത് സംബന്ധിച്ചുള്ള വിശദാംശങ്ങളും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-5 Dtd 18/11/2022) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ ചെലവുകളുടെ വിവരം ലഭ്യമാക്കിയെങ്കിലും ഇതിൽ സുതാര്യതയില്ല.തൃപ്പൂണിത്തുറ എസ്.എസ്.എ ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ എസ്റ്റിമേറ്റ് പ്രകാരം എസ്.എസ്.കെ പദ്ധതിയിൽ നഗരസഭയിൽ നടപ്പാക്കാൻ ലക്ഷ്യമിട്ട പല പ്രവർത്തനങ്ങളും നടന്നിട്ടില്ല. പദ്ധതികൾക്ക് ചെലവഴിച്ച ആകെ തുകയുടെ കണക്കുകൾ മാത്രമാണ് ലഭ്യമാക്കിയത്. സാക്ഷ്യപത്രപ്രകാരമുള്ള പദ്ധതികൾ നടപ്പാക്കിയത് നഗരസഭയിലെ ഏതെല്ലാം സ്ഥാപനങ്ങളിലാണ് എന്നതുൾപ്പടെയുള്ള വിവരങ്ങൾ നൽകിയിട്ടില്ല.
തദ്ദേശസ്ഥാപനങ്ങളുടെ പരിധിയിലെ വിദ്യാഭ്യാസ മേഖലയിൽ വിവിധ സ്കൂളുകൾക്ക് ആവശ്യമുള്ള പദ്ധതികൾ കണ്ടെത്തി ആസൂത്രണം ചെയ്യുന്നതിന് ഏറ്റവും ഫലപ്രദമായി ഇടപെടാൻ സാധിക്കുന്നത് അതത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കാണ്. തദ്ദേശസ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിക്കേണ്ട പദ്ധതി ആസൂത്രണഘട്ടത്തിലും പദ്ധതി മോണിറ്ററിംഗിലും പ്രാദേശിക സർക്കാരുകൾക്ക് വേണ്ടത്ര പങ്കാളിത്തമില്ലാതെയാണ് നിലവിൽ പദ്ധതി നടപ്പിലാക്കിവരുന്നത്. പദ്ധതിക്കായി തദ്ദേശസ്ഥാപനത്തിൽ നിന്നും വകയിരുത്തുന്ന തുക നഗരസഭയിലെ വിദ്യാഭ്യാസമേഖലയിൽത്തന്നെ ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നു എന്നുറപ്പാക്കാനാവശ്യമായ മോണിറ്ററിംഗിന്റെ അഭാവവുമുണ്ട്. പദ്ധതി അസൂത്രണത്തിലും മോണിറ്ററിംഗിലും നഗരസഭയുടെ പങ്കാളിത്തം ഉറപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 വഞ്ചി,വല വിതരണം -ക്വട്ടേഷനിൽ അംഗീകരിച്ച നിരക്കിനേക്കാൾ അധികം തുക നൽകി

ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം ചെയ്യു മത്സ്യതൊഴിലാളികൾക്ക് വഞ്ചി, വല വിതരണം എന്ന പ്രോജക്ട് മുഖേന (നമ്പർ-5/22) ഓഡിറ്റ് വർഷം രണ്ട് മത്സ്യതൊഴിലാളികൾക്ക് വഞ്ചിയും വലയും വിതരണം ചെയ്തിട്ടുണ്ട്. വഞ്ചി നിർമാണത്തിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ, അംഗീകരിച്ച നിരക്കിനെ അധികരിച്ച് തുക നൽകിയതിനാൽ ചെലവ് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഭാഗം 3-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-27 KASH സർട്ടിഫിക്കേഷൻ പ്രവർത്തനം-സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മരട് ഗവ.ഹോമിയോ ഡിസ്പെൻസറിയിൽ KASH സർട്ടിഫിക്കേഷന് ആവശ്യമായ പ്രവർത്തനങ്ങൾ |
| പ്രോജക്ട് നമ്പർ | 384/22 |
| അടങ്കൽ | 1000000/- (മെയിന്റനൻസ് ഫണ്ട് നോൺറോഡ്) |
| ചെലവ് | 997732/- |
| ബിൽനം./തീയതി, തുക | 1)198/04.02.22, 8190/-<br>2)203/06.02.22, 7100/-<br>3)204/07.02.22, 6850/- |

| | |
|---|---|
| | 4)210/04.02.22, 10093/-<br>5)220/18.02.22, 572000/-<br>6)298/14.03.22, 115935/-<br>7)334/18.03.22, 77000/-<br>8)361/22.03.22, 186732/- |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |

ഹോമിയോ ഡിസ്പെൻസറിയ്ക്ക് KASH (Kerala Accreditation Standards For Health Care Institutions) സർട്ടിഫിക്കേഷൻ ലഭ്യമാകുന്നതിലേയ്ക്ക് മേൽ പ്രോജക്ട് മുഖേന താഴെപ്പറയുന്ന വാങ്ങലുകളും പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്.

എ)ടോക്കൺ ഡിസ്‌പ്ലേ സിസ്റ്റം – (6850/-)

ബി)വീൽ ചെയർ – (8190/-)

സി) വാട്ടർ ഡിസ്പെൻസറി യൂണിറ്റ് – (7100/-)

ഡി) വാഷ് ബേസിൻ, ക്യാബിൻ, കിച്ചൺ – (10093/-)

ഇ) പീഡിയാട്രിക് കെയർ-കളിപ്പാട്ടങ്ങൾ വാങ്ങൽ – (13832/-)

എഫ് ) എയർകണ്ടീഷണർ – (77000/-)

ജി) സോളാർ പാനൽ സ്ഥാപിക്കൽ – (572000/-)

എച്ച് ) മേക്കിംഗ് ഓഫ് സ്റ്റോറേജ് സ്പേസ്-കിച്ചൺ ബേസ് ക്യാബിൻ -ഫയൽ റാക്ക്സ്, ഫർണിച്ചർ റിപ്പയർ – (115935/-)

ഐ) ഇലക്ട്രിക്കൽ വർക്ക് – (186732/-)

മേൽപ്പറഞ്ഞവയിൽ സോളാർ പാനൽ സ്ഥാപിക്കുന്നത് ഒഴികെയുള്ള പ്രവർത്തനങ്ങൾ നടപ്പായിട്ടുണ്ട്. 3 കിലോ വാട്ടിന്റെ സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിലേയ്ക്കായി എസ്റ്റിമേറ്റ് എടുക്കണമെന്നാവശ്യപ്പെട്ട് 22.11.2021 ൽ നിർവഹണോദ്യോഗസ്ഥ അംഗീകൃത ഏജൻസിയായ അനർട്ടുമായി ബന്ധപ്പെടുകയും തുടർന്ന് സാധ്യതപഠനം നടത്തി പ്രാരംഭ പഠന റിപ്പോർട്ട് അനർട്ട് ലഭ്യമാക്കുകയും ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ട് 18.01.22 തീയതിയിലെ 3 ാം നമ്പർ തീരുമാനപ്രകാരം നഗരസഭ കൌൺസിൽ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഇൻവോയ്സ് നം-82/SPV/DW/2021 പ്രകാരം (തീയതി-15.02.22) ഡെപ്പോസിറ്റ് സ്കീമിൽ പെടുത്തി 572000/-രൂപ അനർട്ടിന് കൈമാറുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ നാളിതുവരെ പ്ലാന്റ് സ്ഥാപിച്ചിട്ടില്ല. ആയതിന്റെ കാരണം വ്യക്തമാക്കുവാനാവശ്യപ്പെട്ടുള്ള എൻക്വയറിയ്ക്ക് (നം- 8/18.11.2022) മറുപടിയായി അനർട്ടിൽ നിന്നുള്ള വിശദീകരണം (കത്ത്.നം-82/GHDM/DW/ANERT/EKM/2021, തീയതി-22.11.22) ലഭ്യമാക്കിയിട്ടുണ്ട്. വിശദീകരണം ഇപ്രകാരമാണ്. പ്ലാന്റ് സ്ഥാപിക്കുന്നതിനായി നെറ്റ് വിഷൻ എന്ന കമ്പനിക്ക് വർക്ക് ഓർഡർ നൽകിയിരുന്നു. ടി കമ്പനി സൈറ്റ് ഫീസിബിലിറ്റി നടത്തിയപ്പോൾ അഡീഷണൽ സ്ട്രക്ചർ കോസ്റ്റും വർക്ക് കോസ്റ്റും കൂടിയുള്ള എസ്റ്റിമേറ്റ് നൽകി. ടി എസ്റ്റിമേറ്റ് ഡെപ്പോസിറ്റ് തുകയേക്കാൾ കൂടുതലായതിനാൽ അഡീഷണൽ തുക ആവശ്യമായിവരുമെന്നതിനാലും എസ്റ്റിമേറ്റ് തുകയിൽ നിന്ന് വലിയ പ്രൈസ് വേരിയേഷനും ബാറ്ററി ഷോർട്ടേജും ഉള്ളത് കൊണ്ടും കമ്പനിക്ക് വർക്ക് പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ല. പുതിയ റേറ്റ് കോൺട്രാക്ട് നിലവിൽ ടെണ്ടറിംഗ് കഴിഞ്ഞ് ഫൈനലിസാവുന്ന സാഹചര്യത്തിൽ ആയതിൽ ഉൾപ്പെടുത്തി പ്രോജക്ട് ഉടൻ പൂർത്തീകരിക്കുന്നതാണ്.

ഓഡിറ്റ് നിരീക്ഷണം-പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 25.07.22, 02.08.22, 28.08.22, 20.09.22, തീയതികളിലായി നിരവധി തവണ കത്തയച്ചെങ്കിലും 22.11.22 നാണ് അനർട്ട് മേൽ മറുപടി ലഭ്യമാക്കിയതെന്ന് ഫയൽ പരിശോധനയിൽ വ്യക്തമാകുന്നു. മാത്രമല്ല മേൽ വിശദീകരണത്തിനെ സാധൂകരിക്കുന്ന രേഖകളൊന്നും തന്നെ നാളിതുവരെ നിർവഹണദ്യോഗസ്ഥയ്ക്ക് അനർട്ട് ലഭ്യമാക്കിയിട്ടില്ല. അത് കൊണ്ട് തന്നെ പ്രോജക്ട് നിർവഹണത്തിലുണ്ടായ ഒമ്പത് മാസക്കാലത്തെ കാലതാമസം ന്യായീകരിക്കാവുന്നതല്ല. നിർവഹണ ഏജൻസിയുമായി കരാറിലേർപ്പെടാതെ തുക കൈമാറിയത് പ്രോജക്ട് നിർവഹണത്തിലെ അപാകതയായി ഓഡിറ്റ് നിരീക്ഷിക്കുന്നു. ആയതിനാൽ അനർട്ടുമായി ബന്ധപ്പെട്ട് കരാർ ചമയ്ക്കേണ്ടതും സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതുമാണ്. ഇനിയും കാലതാമസം ഉണ്ടാകുന്ന പക്ഷം കൌൺസിൽ തീരുമാനത്തിന് വിധേയമായി ഡെപ്പോസിറ്റ് തുക തിരികെ ഈടാക്കേണ്ടതുമാണ്.

സ്ഥലപരിമിതി ഉണ്ടായിട്ടും ഹെൽത്ത് വെയർനെസ് സെന്റർ എന്ന മികച്ച നിലവാരത്തോടെയാണ് ഡിസ്പൻസറി പ്രവർത്തിക്കുന്നതെന്ന് ഓഡിറ്റ് ടീം നേരിൽ കണ്ട് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. സർട്ടിഫിക്കേഷൻ ലഭ്യമാകുന്നതിന് ആവശ്യമായ മറ്റെല്ലാ സൗകര്യങ്ങളും ഡിസ്പെൻസറിയിൽ സജ്ജമാക്കിയിട്ടുണ്ട്. പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിലേയ്ക്കാവശ്യമായ തുടർനടപടികൾ കൈക്കൊള്ളുന്നതിന് നഗരസഭ കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

1-28 സാമൂഹ്യ സുരക്ഷാ പെൻഷൻ - അപാകതകൾ

മരണപ്പെട്ടവരുടെ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യാത്തതുമൂലം അനർഹമായ കാലയളവിൽ തുകകൾ DBT സെല്ലിൽ നിന്നും ബാങ്കിനു കൈമാറിയിട്ടുണ്ട്. ഉദാഹരണത്തിന് താഴെ പറയുന്ന ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷവും പെൻഷൻ തുക വിതരണത്തിനായി ബാങ്കിനു കൈമാറിയതായി കാണുന്നു. എന്നാൽ ഗുണഭോക്താവ് മരണപ്പെട്ടതുമൂലം ബാങ്ക് തുക കൈമാറിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/ 19.11.22) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

| പേര് / പെൻഷൻ | പെൻഷൻ ID | മരണപ്പെട്ട തീയതി/ സസ്പെൻറ് ചെയ്ത തീയതി | ഡെത്ത് രജി.നം, തീയതി | തുക കൈമാറാത്ത കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|---|
| കൃഷ്ണൻ തേലപ്പറമ്പ്, (വാർദ്ധക്യകാല പെൻഷൻ) | 112470201707 | 19.12.2020/ 17.10.2021 | 20/21, 13.01.21 | 12/20 To 09/21 | 15,500/- | ഡയറക്റ്റ് ഹോം |

A) തുക നേരിട്ട് ഗുണഭോക്താവിന് കൈമാറുന്ന മേൽ സംവിധാനത്തിൽ 2020 ഡിസംബർ മുതൽ 2021 സെപറ്റംബർ വരെയുള്ള തുക വിതരണത്തിനായി ബാങ്കിനു കൈമാറിയിരിക്കുകയാണ്. എന്നാൽ ടി കാലയളവിലെ തുകയായ 15,500/- രൂപ ബാങ്ക് ഗുണഭോക്താവിന് കൈമാറിയിട്ടില്ല. കൈമാറാൻ സാധിക്കാത്ത തുക DBT സെല്ലിലേക്ക് തിരിച്ച് അടവാക്കേണ്ടതാണ്. ഇപ്രകാരം അടവാക്കിയിട്ടുണ്ടെങ്കിൽ UTR നമ്പർ സഹിതം വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

B) 13.01.21 ന് മരണം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടും പെൻഷൻ സസ്പെന്റ് ചെയ്യാൻ 17.10.2021 വരെ കാലതാമസം വന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

C) ഇപ്രകാരം പെൻഷൻ സസ്പെന്റ് ചെയ്യാൻ കാലതാമസം വരുന്ന സംഗതികളിൽ ഗുണഭോക്താവിന് കൈമാറാത്ത തുകകൾ, ബാങ്കുകൾ DBT സെല്ലിലേക്ക് തിരിച്ച് അടവാക്കിയിട്ടുണ്ടോ എന്ന വിവരം പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതിനായി നഗരസഭ എന്ത് സംവിധാനമാണ് ക്രമീകരിച്ചിരിക്കുന്നത് എന്ന വിവരം ലഭ്യമാക്കേണ്ടതാണ്.

D) നഗരസഭയിൽ നിലവിൽ മരണ രജിസ്ട്രേഷൻ, പെൻഷൻ വിതരണം എന്നിവ തമ്മിൽ ബന്ധപ്പെടുത്തി, മരണപ്പെടുന്നവരുടെ പെൻഷൻ വിതരണം യഥാസമയം സസ്പെന്റ് ചെയ്യുന്നതിനും അനർഹമായ കാലയളവിൽ വിതരണം ചെയ്യപ്പെട്ട തുകകൾ DBT സെല്ലിലേക്ക് തിരിച്ചടവാക്കുന്നതിനും ഓഫീസ് ഓർഡർ വഴി നിർദേശം നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

E) നഗരസഭയിൽ മരണ രജിസ്ട്രേഷനു വേണ്ടിയുള്ള അപേക്ഷയോടൊപ്പം അപേക്ഷകർ ലഭ്യമാക്കുന്ന വിവരങ്ങൾ (മരണപ്പെട്ടയാളുടെ ആധാർ വിവരങ്ങൾ) അപേക്ഷകളിൽ നിന്ന് വേർപെടുത്തി വയ്ക്കുന്നതായി ഫയൽ പരിശോധനയിൽ കാണുന്നു. ഇതുമൂലം മരണ റിപ്പോർട്ടുകൾ ആസ്പദമാക്കി സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം പരിശോധിക്കുവാൻ സാധിക്കുന്നില്ല. അപേക്ഷകൾ യഥാവിധി സൂക്ഷിക്കാതിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

F) 701 മുതൽ 900 വരെയുള്ള ഡെത്ത് രജിസ്ട്രേഷൻ നമ്പരുകളിലെ വിവരങ്ങളടങ്ങിയ രജിസ്റ്റർ ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

G) സർക്കാർ സർക്കുലർ നമ്പർ 63/2021/ ധന.തീയതി 02.08.2021 ലെ ക്രമ നം (1) പ്രകാരം പ്രാദേശിക സർക്കാരിൽ അതത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ, മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി, മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം പത്താം തീയതിക്കുമുമ്പ് അറിയിക്കേണ്ടതും ആയത് പരിശോധിച്ച്, മരണപ്പെട്ട അനർഹരായ ഗുണഭോക്താക്കൾക്കുള്ള പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറി സമയബന്ധിതമായി സ്വീകരിക്കേണ്ടതുമാണ്.

മരട് നഗരസഭയിലെ 2021-22 മരണ രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭാ പരിധിക്ക് പുറത്തുള്ളതും മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയതുമായ വ്യക്തികൾ ഉള്ളതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പേര് | വിലാസം | രജിസ്റ്റർ നം./ തീയതി | മരണപ്പെട്ട തീയതി |
|---|---|---|---|---|
| 1 | മാജറി മെന്റസ് | കണച്ചക്കനാട്ട്, വി.എ.റ്റി. റോഡ്, മെറിലാന്റ്, ഇടക്കൊച്ചി. | 943/21 /05.11.21 | 30.10.2021 |
| 2 | മോഹനദാസ് റ്റി. ആർ. | തകിടിയിൽ, മാരാരിക്കുളം നോർത്ത്, ചേർത്തല | 942/21 /05.11.21 | 31.10.2021 |
| 3 | പി.കെ. യൂസഫ് | ഹൗസ് നമ്പർ16/928 A. മൈത്രി, തോപ്പുംപടി | 948/21 /17.11.21 | 03.11.2021 |
| 4 | രമണി കെ. | തെക്കേ കോടംകേരി, കരൂർ, അമ്പലപ്പുഴ, ആലപ്പുഴ | 971/21 /22.11.2021 | 08.11.2021 |
| 5 | റ്റി.റ്റി. എലിസബത്ത് | പാലയ്ക്കാളിൽ ഹൗസ്, ശാന്തി നഗർ ജം. തേവര. | 1029/21/ 16.12.21 | 07.12.2021 |
| 6. | കെ. എ. ഔസേഫ്. | വൈമ്പ്രവെളി ഹൗസ്, ഉളവൈപ്. ചേർത്തല. | 361/21 /24.05.2021 | 09.05.2021 |
| 7. | സെലിൻ സി.ജി. | കാട്ടിപ്പറമ്പിൽ ഹൗസ്, കടേഭാഗം. പള്ളുരുത്തി | 362/2021 /24.05.21 | 11.05.2021 |
| 8. | ചന്ദ്രമതി കെ.കെ. | മാരേത്ത് ഹൗസ്, കാഞ്ഞിരമറ്റം പി.ഒ. | 364/21 /24.05.21 | 15.05.2021 |
| 9. | കെ. അമ്മിണി | ശ്രീലകം, ഉദയംപേരൂർ, എറണാകുളം. | 366/2021 /24.05.21 | 14.05.2021 |
| 10. | റ്റി.റ്റി. ബാപ്പു | തെക്കേകളത്തുങ്കൽ ഹൗസ്. ചെല്ലാനം. | 590/21 /23.07.21 | 08.07.2021 |

മേൽ സർക്കുലർ നമ്പർ 63/2021/ ധന.തീയതി 02.08.2021 ലെ നിർദേശം പാലിച്ചിട്ടുണ്ടെങ്കിൽ വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്. നഗരസഭയിൽ 2021-22 സാമ്പത്തിക വർഷം, മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ എത്ര പേരുടെ മരണങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടു എന്നും അവയിൽ സ്വീകരിച്ച തുടർ നടപടി വിവരങ്ങളും രേഖകളും ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

### 1-29 വാഹനം വാങ്ങൽ - അപാകതകൾ

| പ്രോജക്ട് | 211/22 | 206/22 |
|---|---|---|
| പ്രോജക്ടിന്റെ പേര് | ക്ലീൻ മരട് പദ്ധതിയ്ക്കായി വാഹനം വാങ്ങൽ | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിലേക്ക് വാഹനം വാങ്ങൽ |
| അടങ്കൽ | 900000 | 1000000 |
| ചെലവ്/ഫണ്ടിനം | 856450 ധനകാര്യ കമ്മീഷൻ | 972763 ധനകാര്യ കമ്മീഷൻ |

| | | |
|---|---|---|
| | അവാർഡ് | അവാർഡ് |
| ചെലവ് വിവരം | ബിൽ നം/തീയതി : 432/29.03.22 | ബിൽ നം/തീയതി : 406/25.03.22 |

ഓഡിറ്റ് വർഷത്തിൽ സെക്രട്ടറി നിർവ്വഹണം ചെയ്ത രണ്ട് പ്രോജക്ടുകൾ മുഖേന നഗരസഭയിൽ രണ്ട് വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. അതിൽ ഒന്ന് പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിലേക്ക് പിക്കപ് വാൻ എന്ന പേരിലുള്ള പ്രോജക്റ്റ് പ്രകാരം (പ്രോജക്റ്റ് നമ്പർ 211/22 ) ₹972763/- വിലയുള്ള ഒരു പിക്കപ് വാൻആണ്. രണ്ടാമത്തെത് ക്ലീൻ മരട് പദ്ധതിക്കായി വാഹനം വാങ്ങൽ എന്ന പേരിൽ (പ്രോജക്റ്റ് നമ്പർ 206/22) മഹീന്ദ്ര & മഹീന്ദ്ര കമ്പനിയുടെ ₹856450/-വിലയുള്ള ബൊലേറോ ജീപ്പ് ആണ്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

മാലിന്യ നീക്കം ഉദ്ദേശിച്ചുകൊണ്ടുള്ള വാഹനമായതിനാൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിലേക്ക് വാങ്ങിയ പിക്കപ് വാനിന് സർക്കാർ ഉത്തരവ് അനിവാര്യമല്ലെങ്കിലും, ബൊലേറോ ജീപ്പ് വാങ്ങിയതിന് സർക്കാർ അനുമതി ആവശ്യമാണ്. സ.ഉ.(പി)നം. 442/12/ധന. തീയതി 08.08.2012 ഉത്തരവിൻ പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയിട്ട് മാത്രമേ ത.ഭ.വ.സ്ഥാപനങ്ങളിൽ വാഹനങ്ങൾ വാങ്ങാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ വ്യവസ്ഥ പാലിക്കപ്പെട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (20/23.11.22) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല.

ബജറ്റ് വകയിരുത്തലില്ലാതെ ചെലവ് ചെയ്തു .

2021-22 ബജറ്റ് പരിശോധിച്ചതിൽ, ബജറ്റിൽ വാഹനം വാങ്ങുന്നതിനായ് തുകയൊന്നും വകയിരുത്തിയിട്ടില്ല. കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 293(8) പ്രകാരം അനിവാര്യമായ അടിയന്തിര സാഹചര്യത്തിലൊഴികെ ബജറ്റ് വകയിരുത്തലുകളില്ലാതെ യാതൊരു ചെലവും ചെയ്യാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മുനിസിപ്പാലിറ്റിയിൽ ഓഡിറ്റ് വർഷത്തിൽ മേൽ സൂചിപ്പിച്ച രണ്ടു വാഹനങ്ങൾ വാങ്ങിയതിനായി ചെലവുചെയ്ത ₹1829213/- ന് ബജറ്റ് വകയിരുത്തലില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകി (20/23.11.22) യെങ്കിലും മറുപടി ലഭ്യമായില്ല. ബജറ്റ് വകയിരുത്തലില്ലാതെ നടത്തിയ ചെലവാകയാൽ ഈയിനത്തിൽ ചെലവാക്കിയ ₹1829213/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

1-30 സ്കൂളുകളുടെ ഓഫീസ് ചെലവുകൾ - മാർഗ്ഗരേഖ പ്രകാരമല്ലാതെ തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് നം | 79/2022 |
| അടങ്കൽ | 100000/-(തനത് ഫണ്ട്) |
| ചെലവ് | 33,887/- |
| ചെക്ക് നം & തീയതി | 195639-05/07/22-Rs.11701/- &195641-05/07/22-Rs.22186/- |

മരട് നഗരസഭയിൽ ഗവ.എൽ.പി സ്കൂൾ ഹെഡ്മാസ്റ്റർ നടപ്പിലാക്കിയ 'സ്കൂളുകളുടെ ഓഫീസ് ചെലവുകൾ' എന്ന പദ്ധതി പ്രകാരം ജി.എൽ.പി എസ്, മാംഗായിൽ, ജെ.ബി.എസ് കുണ്ടന്നൂർ എന്നീ സ്കൂളുകളുടെ വൈദ്യുതി ചാർജ്ജ്, ടെലഫോൺ ചാർജ്ജ്, വെള്ളക്കരം, സ്റ്റേഷനറി മുതലായ ചെലവുകൾക്കായി 2021-22 സാമ്പത്തിക വർഷം 33,887/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ചെലവുരേഖകൾ പരിശോധിച്ചതിൽ പദ്ധതിയിൽ നിന്നും ജെ.ബി.എസ് കുണ്ടന്നൂരിന് നൽകിയ 11,701 രൂപയിൽ 2802/- രൂപ (934x3) 2021 ഒക്ടോബർ, ഡിസംബർ, 2022 ജനുവരി മാസങ്ങളിലെ ഗ്യാസിന്റെ വിലയായാണ് നൽകിയിട്ടുള്ളത്. ഇത് സ്കൂൾ ഉച്ചഭക്ഷണപരിപാടിയുമായി ബന്ധപ്പെട്ട ചെലവാണ്. ഇതിനാവശ്യമായ തുക വിദ്യാഭ്യാസ വകുപ്പിൽ നിന്നാണ് സ്കൂളുകൾക്ക് നൽകി വരുന്നത്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ വൈദ്യുതി ചാർജ്ജ്, ടെലഫോൺ ചാർജ്ജ്, വെള്ളക്കരം, സ്റ്റേഷനറി മുതലായ ചെലവുകൾക്കാണ് തദ്ദേശസ്ഥാപനത്തിന്റെ ഫണ്ട് ചെലവഴിക്കാൻ അനുമതിയുള്ളത്. ഈ സാഹചര്യത്തിൽ വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതിയുടെ ചെലവ് പദ്ധതിയിൽ നിന്നും അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ -15 തീയതി 22/11/2022) നൽകിയതിന് ഹാജരാക്കിയ മറുപടിയിൽ ഉച്ചഭക്ഷണപരിപാടിക്കായി

യഥാർത്ഥത്തിൽ ചെലവഴിക്കുന്ന തുകയിൽ വളരെക്കുറച്ച് മാത്രമാണ് വകുപ്പിൽ നിന്നും അനുവദിക്കുന്നതെന്നും ഈയിനത്തിലെ ഭാരിച്ച ചെലവ് കാരണമാണ് തദ്ദേശസ്ഥാപനഫണ്ടിൽ നിന്നും ഗ്യാസിന്റെ വില നൽകിയതെന്നുമാണ് മറുപടി ലഭ്യമാക്കിയത്. തദ്ദേശസ്ഥാപനത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതികൾക്ക് പുറമെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ മുഖേനയുള്ള പദ്ധതികളും നടപ്പാക്കി വരുന്നുണ്ട്. ഓരോ പദ്ധതിയുടെയും വരവ് ചെലവുകൾ അതാത് പദ്ധതികളിൽ പേരിൽ രേഖപ്പെടുത്തപ്പെടേണ്ടത് പദ്ധതികളുടെ കൃത്യമായ കണക്കെടുപ്പിനും ചെലവുകളുടെ ഇരട്ടിപ്പ് തടയുന്നതിനും അനിവാര്യമാണ്. വിദ്യാഭ്യാസവകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതിയുടെ ചെലവ് തദ്ദേശസ്ഥാപനത്തിന്റെ പദ്ധതിയിൽ നിന്നും അനുവദിക്കുന്നതിന് സർക്കാരിൽ നിന്നുള്ള പ്രത്യേക മാർഗ്ഗനിർദ്ദേശം ആവശ്യമാണ്. തദ്ദേശസ്ഥാപനത്തിന്റെ ഫണ്ട് ചെലവഴിക്കാൻ അനുമതിയുള്ള ഇനങ്ങൾക്ക് മാത്രം ചെലവ് അനുവദിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-31 ഭവനപദ്ധതി പൂർത്തിയായിട്ടില്ല

PMAY ഭവന പദ്ധതി - ധനസഹായ വിതരണം പൂർത്തിയായിട്ടില്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ ഭവന നിർമ്മാണം (പി.എം.എ.വൈ.ലൈഫ്) എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ച് നാലാം ഗഡു തുക കൈപ്പറ്റിയിട്ടില്ല.

| ക്രമ നം. | പേരും വിലാസവും | DPR ബുക്ക് നം./പേജ് നം | ആദ്യഗഡു കൈപ്പറ്റിയ വിവരം | വിതരണം നടത്തേണ്ട ഗഡു |
|---|---|---|---|---|
| 1 | പ്രീതി.സി.എസ്., ചവരുത്തിപ്പറമ്പ്. വാർഡ് 32 | 4 10 | 40000/- 5.3.19 | 4th |
| 2 | സിനി, വേലിപ്പറമ്പിൽ വാർഡ് 27 | 4 24 | 40000/- 6.3.19 | 4th |
| 3 | സയന (വിലാസം ലഭ്യമല്ല) വാർഡ് 6 | 4 53 | 40000/- 31.5.19 | 4th |
| 4 | സീനത്ത്, അഴിക്കകത്ത് വാർഡ് 29 | 4 55 | 40000/- 31.5.19 | 4th |
| 5 | സുബിത, ചാലിയത്ത് വാർഡ് 30 | 4 56 | 40000/- 31.5.19 | 4th |
| 6 | നാജമണി, പാടിക്കൽ വാർഡ് 17 | 4 60 | 40000/-1.7.19 | 4th |
| 7 | സിനി ടൈറ്റസ്, കൂടാരപ്പിള്ളി വാർഡ് 30 | 4 66 | 40000/- 9.8.19 | 4th |
| 8 | ചന്ദ്രമതി, കചിയത്തറ വാർഡ് 19 | 4 72 | 40000/- 17.10.19 | 4th |
| 9 | സഞ്ജന സുബൈർ, വെട്ടിക്കാട്ടുപറമ്പിൽ വാർഡ് 26 | 4 73 | 40000/- 2.12.19 | 4th |
| 10 | സൈനബ, (വിലാസം ലഭ്യമല്ല) | 4 73 | 40000/- 30.01.20 | 4th |
| 11 | സിനിജ (വിലാസം ലഭ്യമല്ല) | 4 73 | 40000/- 13.10.20 | 4th |
| 12 | മോളി (വിലാസം | 4 80 | 40000/- 13.10.20 | 4th |

| | | | | |
|---|---|---|---|---|
| | ലഭ്യമല്ല) | | | |
| 13 | ആഷ്ലി ജോർജ് (വിലാസം ലഭ്യമല്ല) | 42 | 40000/- 30.12.20 | 4th |
| 14 | സൂസി അഗസ്റ്റിൻ (വിലാസം ലഭ്യമല്ല) | 48 | 40000/- 9.6.21 | 4th |
| 15 | നെബർന്നിസ (വിലാസം ലഭ്യമല്ല) | 44 | 40000/- 9.6.21 | 4th |
| 16 | ലൈസി ജോസി (വിലാസം ലഭ്യമല്ല) | 52 | 40000/- 1.12.20 | 4th |
| 17 | ഓമന (വിലാസം ലഭ്യമല്ല) | 55 | 40000/- 1.12.20 | 4th |
| 18 | രാജി.പി.എൽ (വിലാസം ലഭ്യമല്ല) | 59 | 40000/-1.12.20 | 4th |

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 3/17.11.22)നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ, മേൽ പറഞ്ഞ 18 ഗുണഭോക്താക്കളിൽ 8 പേർ ഭവന നിർമ്മാണം പൂർത്തിയാക്കി 4-ാം ഘട്ടം തുക ലഭിക്കുവാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും PFMS പ്രകാരം നഗരസഭയുടെ അക്കൗണ്ട് ലിങ്ക് ചെയ്യുന്നതിന് സാങ്കേതിക തടസ്സങ്ങൾ നേരിട്ടതു മൂലവും, കേന്ദ്ര, സംസ്ഥാന വിഹിതങ്ങൾ നഗരഭസയ്ക്ക് ലഭ്യമാകുവാൻ കാലതാമസം നേരിട്ടതിനാലും കൂടാതെ ഓരോ DPR ലയും 90% വീടുകളുടെയും പണി പൂർത്തീകരിച്ചാലേ ഇവർക്ക് അവസാന ഗഡു കൈമാറുവാൻ പാടുള്ളൂ എന്ന സർക്കുലർ പ്രാബല്യത്തിൽ വന്നതിനാലുമാണ് തുക നൽകാൻ സാധിക്കാത്തത് എന്ന് മറുപടി ലഭ്യമാക്കി. "നാലാം ഗഡു ക്ലെയിം ചെയ്യുന്ന നഗരസഭകൾ അതത് ഡി.പി.ആർ.കളുടെ അവസാനഘട്ട ജിയോടാഗിംഗ് 90% പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമെ ഫണ്ട് റിലീസ് ചെയ്യുകയുള്ളു " എന്ന് വ്യക്തമാക്കിക്കൊണ്ടുള്ള, കുടുംബശ്രീ പ്രോഗ്രാം ഓഫീസറുടെ 11.8.2022 ലെ No.415/എച്ച്/2021/കെ.എസ്.എച്ച്.ഒ. ഉത്തരവിന്റെ പകർപ്പ് മറുപടിയോടൊപ്പം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ മേൽ ഗുണഭോക്താക്കൾ 2019-2020, 2020-21 കാലഘട്ടത്തിൽ ആദ്യഗഡു കൈപ്പറ്റിയിട്ടുള്ളവരാണെന്നതിനാൽ, 11.8.2022 ലെ ഉത്തരവ് പ്രാബല്യത്തിലാകും വരെ ഇവർക്ക് അവസാനഗഡു തുക നൽകാൻ സാധിച്ചില്ല എന്നത് സാധൂകരിക്കത്തക്കതല്ല.

മറ്റു ഗുണഭോക്താക്കളിൽ ചിലർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും അനുബന്ധ രേഖകൾ ലഭ്യമാക്കിയിട്ടില്ല എന്നും, ശേഷിക്കുന്നവർ അപേക്ഷകൾ സമർപ്പിച്ചിട്ടില്ല എന്നുമാണ് മറുപടി ലഭ്യമാക്കിയത്. ഭവനപദ്ധതികൾ പൂർത്തീകരിച്ച ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം പൂർണ്ണമായും നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-32 ലോഗ് ബുക്ക് പരിപാലനം

നഗരസഭയിൽ ഉപയോഗത്തിലിരിക്കുന്ന വാഹനങ്ങളുടെ ലോഗ്ബുക്കുകൾ പരിശോധിച്ചതിൽ, ലോഗ് ബുക്കുകൾ പലതിലും വിവരങ്ങൾ രേഖപ്പെടുത്തുന്നതിൽ അപാകതയുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1. വാഹനങ്ങളുടെ കൺട്രോളിംഗ് ഓഫീസർ യാത്രാ വിവരങ്ങൾ സാക്ഷ്യപ്പെടുത്തുന്നില്ല. ചില ലോഗ്ബുക്കുകളിൽ യാത്ര ചെയ്യുന്ന ഉദ്യോഗസ്ഥന്റെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

2. KL39-4958- ലോഗ്ബുക്കിൽ യാത്ര ആരംഭിക്കുന്ന സ്ഥലം, തീയതി, യാത്രാ സമയം തുടങ്ങി പല വിവരങ്ങളും രേഖപ്പെടുത്തിന്നില്ല.

3. KL39 – N 5745 – യാത്രയുടെ ഉദ്ദേശ്യം, യാത്രാ സമയം, യാത്രാ സ്ഥലം, ദൂരം ഇവയൊന്നും തന്നെ കൃത്യമായി രേഖപ്പെടുത്തുന്നില്ല.

4. KL39- R 6068 – യാത്ര തുടങ്ങിയ സമയം, സ്ഥലം, ദൂരം തുടങ്ങി രേഖപ്പെടുത്തലുകൾ കൃത്യമല്ല.

വാഹനങ്ങളുടെ ഇന്ധന ക്ഷമത പരിശോധന നടത്തിയതിന്റെ വിവരങ്ങൾ ലോഗ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

ലോഗ്ബുക്കിൽ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്

1-33 സൗജന്യ ഫെറി കടത്ത് - നഗരസഭയ്ക്ക് വൻ സാമ്പത്തിക ബാധ്യത

മരട് നഗരസഭയിലെ 30-ാം ഡിവിഷനിലെ അമ്പലക്കടവ് - തേവര ഫെറി പൊതുജനങ്ങൾക്ക് സൗജന്യമായി ബോട്ട് സർവീസ് നടത്തിയ വകയിൽ ശ്രീ.ജോയി ജോസഫ് എന്ന വ്യക്തിക്ക് ഓഡിറ്റ് വർഷത്തിൽ താഴെ പറയും പ്രകാരം₹ 10,32,720/- നൽകിയിട്ടുണ്ട്.

| ക്രമ നം. | കാലയളവ് | തുക | ചെക്ക് നം./തീയതി |
|---|---|---|---|
| 1 | 16.03.21-31.3.21 | 58291 | 759534/26.4.21 |
| 2 | 1.4.21-30.4.21 | 105653 | 759574/05.05.21 |
| 3 | 1.5.21-7.5.21 | 25502 | 759588/25.06.21 |
| 4 | 17.6.21-30.6.21 | 36800 | 759596/06.07.21 |
| 5 | 1.7.21-15.7.21 | 25760 | 150416/28.7.21 |
| 6 | 16.7.21-31.7.21 | 40075 | 150439/5.8.21 |
| 7 | 1.8.21-15.8.21 | 47362 | 150466/17.8.21 |
| 8 | 16.8.21-31.8.21 | 54648 | 703329/1.9.21 |
| 9 | 1.9.21-15.9.21 | 51005 | 703353/18.9.21 |
| 10 | 16.9.21-30.9.21 | 51005 | 703378/1.10.21 |
| 11 | 1.10.21-15.10.21 | 54648 | 703413/21.10.21 |
| 12 | 16.10.21-31.10.21 | 58291 | 556913/2.11.21 |
| 13 | 1.11.21-15.11.21 | 54648 | 556942/17.11.21 |
| 14 | 16.11.21-30.11.21 | 54648 | 556980/6.12.21 |
| 15 | 1.12.21-15.12.21 | 54648 | 544494/16.12,21 |
| 16 | 16.12.21-31.12.21 | 58291 | 874378/4.1.22 |
| 17 | 1.1.22-31.1.22 | 105653 | 874427/2.2.22 |
| 18 | 1.2-.22-15.2.22 | 51005 | 544412/21.2.22 |
| 19 | 16.2.22-28.2.22 | 44787 | 456727/20.3.22 |
| | ആകെ | 10,32,720/- | |

ഫയൽ പരിശോധിച്ചതിൽ നിന്ന് ഒരു ദിവസത്തിന് ₹3680/- പ്രകാരമാണ് ഓരോ മാസത്തെയും തുക കണക്കാക്കുന്നതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൻപ്രകാരമാണ് ₹ 10,32,720/- നൽകിയിരിക്കുന്നത്.
ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1) ഒരു ദിവസത്തിന് ₹3680/- ആണ് കണക്കാക്കിയിട്ടുള്ളതെന്ന് പറയുമ്പോഴും കണക്കിൽ കൃത്യത കാണുന്നില്ല.

2) ഈ വ്യക്തിയുമായി നഗരസഭ കരാർ ചമച്ചതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമായില്ല.

3) മറ്റ് യാത്രാസൗകര്യങ്ങൾ ലഭ്യമായിട്ടുള്ള ഇക്കാലത്ത് സാധാരണ ജനങ്ങൾ ജലഗതാഗതത്തെ പഴയതുപോലെ ഉപയോഗപ്പെടുത്തുന്നില്ല എന്നത് യാഥാർത്ഥ്യമാണ്. വസ്തുത ഇതായിരിക്കെ, കടത്ത് തീരെ ഒഴിവാക്കാവാത്ത സാഹചര്യമാണെങ്കിൽ മാത്രം അതിനായി ഒരു ബദൽ സംവിധാനം കുറഞ്ഞ നിരക്കിൽ ഒരുക്കി കൊടുത്തുകൊണ്ട്, നഗരസഭയുടെ ഈ ഇനത്തിലെ ഭീമമായ ചെലവിന്റെ വ്യാപ്തി കുറയ്ക്കുന്നതിന് സാധ്യതകൾ ആരായാവുന്നതാണ്.
ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (24/25.11.22)നൽകിയെങ്കിലും മറുപടി ലഭ്യമായില്ല.

1-34 ക്രെയിൻ ചാർജ്ജ് - ആവർത്തിച്ചുവരുന്ന പാഴ്ചെലവ്

വൗച്ചർ നമ്പർ 36/3-22 പ്രകാരം ഒരു ബസ് ക്രെയിൻ ഉപയോഗിച്ച് മുനിസിപ്പാലിറ്റിയുടെ വളപ്പിനുള്ളിൽ നിന്ന് പുറത്തേക്ക് മാറ്റിയതിന് ₹5000/- ശ്രീ വിനായക ക്രെയിൻസിന് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത

ബസ് നിലവിലും മുനിസിപ്പാലിറ്റിയുടെ വളപ്പിനുള്ളിൽത്തന്നെ സ്ഥിതിചെയ്യുന്നുണ്ട്. ഇതിൽ നിന്നും, ബസ് തിരികെ പഴയ സ്ഥാനത്ത് എത്തിക്കുവാനും തുടർന്നുള്ള വർഷത്തിൽ തുക ചെലവായിട്ടുണ്ട് എന്നത് വ്യക്തമാണ്. ഇത്തരത്തിൽ ആവർത്തന രീതിയിലുള്ള ചെലവിന് അടിസ്ഥാനമെന്തെന്ന് വിശദീകരിക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.37/29/11/22) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. വർഷങ്ങൾക്ക് മുൻപ് കുടുംബശ്രീ അംഗങ്ങൾക്ക് മുനിസിപ്പാലിറ്റി വാങ്ങി നൽകിയ ബസ്സാണ് ഇത്തരത്തിൽ ഉപയോഗശൂന്യമായ മുനിസിപ്പാലിറ്റി വളപ്പിനുള്ളിൽ സ്ഥിതിചെയ്യുന്നത്. ഈ ബസ്സിന്മേൽ ഇനിയും പാഴ്ചെലവുകൾക്ക് ഇടവരുത്താതിരിക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-35 മുൻകൂറുകൾ ക്രമീകരിക്കുന്നില്ല.

മുനിസിപ്പാലിറ്റിയിൽ നിന്നും വിവിധ ആവശ്യങ്ങളിലേക്കായി താഴെ പറയും പ്രകാരം മുൻകൂറുകൾ നൽകിയിട്ടുണ്ട്. എന്നാൽ നിലവിലും ഇവ ക്രമപ്പെടുത്തിയിട്ടില്ല.

| കൈപ്പറ്റിയ ആൾ | കൈപ്പറ്റിയ തീയതി/ അഡ്വാൻസ് രജിസ്റ്റർ പേജ് നം. | വൗച്ചർ നം./തുക |
|---|---|---|
| കെ.എസ്.നിയാസ്, ജെ.എച്ച്.ഐ | 23.1.16<br>59 | 125/1-16<br>₹5000 |
| കെ.എസ്.നിയാസ്, ജെ.എച്ച്.ഐ | 2.3.16<br>59 | 18/3-16<br>₹3000 |
| ഹുസൈൻ.എ. മെമ്പർ സെക്രട്ടറി | 13.7.16<br>62 | 104/7-16<br>₹30000 |
| സിബി പ്രവീൺ, ജെ.എച്ച്.ഐ | 31.12.19<br>77 | 153/12-19<br>₹10000 |
| സി.ജെ.വിൽസൺ | 22.1.19<br>74 | 76/1-19<br>₹50000 |
| മെഡിക്കൽ ഓഫീസർ, നെട്ടൂർ | 30.1.21<br>83 | 179/1-21<br>₹90000 |
| മെഡിക്കൽ ഓഫീസർ, വളന്തകാട് | 30.1.21<br>83 | 180/1-21<br>₹60000 |
| സ്വപ്ന.ടി. ജെ.എച്ച്.ഐ | 25.5.21<br>84 | 88/5-21<br>₹15000 |
| സിബി പ്രവീൺ, ജെ.എച്ച്.ഐ | 25.10.21<br>86 | 74/1021<br>₹10500 |
| | | |
| കെ.സുക പി.ഡബ്ള്യു.ഒ. 1 | 7.1.22<br>87 | 55/1-22<br>₹165000 |
| ആകെ തുക | | ₹438500/- |

മുൻകൂറുകൾ കൈപ്പറ്റുന്നവർ അവ യഥാസമയം ക്രമീകരിക്കാത്തതിന് കാരണമെന്തെന്നും, ഇപ്രകാരം ക്രമപ്പെടുത്താതിരിക്കുന്നവർക്കെതിരെ നടപടികളെന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ എന്നതും വിശദീകരിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (12/21.11.2022)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. GO(P)No. 418/11/Fin. Dt. 04.10.2011 പ്രകാരം 3 മാസത്തിനകം ക്രമീകരിക്കാത്ത മുൻകൂർ

തുകകളിന്മേൽ, അവ കൈപ്പറ്റിയ തീയതി മുതൽ തിരിച്ചടവ് തീയതി വരെ 18% പലിശ നിരക്കിൽ തുക കണക്കാക്കി, തിരികെ ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മേൽ വ്യക്തികളിൽ നിന്നും സർക്കാർ നിർദ്ദേശാനുസരണം തുകകൾ തിരികെ ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 1-36 പ്രിന്റർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ പരിപാലനം. - സുതാര്യമല്ലാത്ത ചെലവ്

നഗരസഭയിലെ പ്രിന്റർ, ഫോട്ടോസ്റ്റാറ്റ് മെഷീനുകളുടെ ടോണർ റീ ഫില്ലിംഗ്, ഡ്രം മാറ്റിവയ്ക്കൽ എന്നീ ഇനങ്ങളിൽ താഴെ പറയും പ്രകാരം ഓഡിറ്റ് വർഷത്തിൽ ₹1,40,817/- ചെലവുണ്ട്.

| വൗച്ചർ നമ്പർ | തുക |
|---|---|
| 34/7-21 | 41576 |
| 84/9-21 | 32624 |
| 100/2-22 | 39288 |
| 152/3-22 | 27329 |
| ആകെ | 1,40,817/- |

അനീറ്റ് എന്റർപ്രൈസസ് എന്ന സ്ഥാപനത്തിനാണ് ഇത്തരത്തിൽ തുക നൽകിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങളിൽ അവ്യക്തതയുണ്ട്.

1. സ്റ്റോർ പർച്ചേസ് മാനുവലുമായി ബന്ധപ്പെട്ട് G.O(P)No.7/19/SPD Dated 26-4-2019 ഉത്തരവിലെ ഖണ്ഡിക 19.3 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000/- രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും GeM മുഖേന സമാഹരിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അനീറ്റ് എന്റർപ്രൈസസ് എന്ന സ്ഥാപനത്തെ നഗരസഭയിലെ പ്രിന്റർ, ഫോട്ടോസ്റ്റാറ്റ് മെഷീനുകളുടെ ഡ്രംടോണർ റീ ഫില്ലിംഗ്, ഡ്രം മാറ്റിവയ്ക്കൽ എന്നീ പ്രവൃത്തിക്കായി തെരഞ്ഞെടുത്തിട്ടുള്ളതിൽ ഈ മാനദണ്ഡം പാലിച്ചിട്ടുണ്ടോ എന്നത് വ്യക്തമല്ല.

2. നഗരസഭയിലെ പ്രിന്റർ മെയിന്റനൻസ് രജിസ്റ്റർ പരിശോധിച്ചതിൽ, വിവിധ സെക്ഷനുകളിൽ ഉപയോഗത്തിലിരിക്കുന്ന പ്രിന്ററുകൾക്ക് പുറമെ, സ്റ്റാൻഡ് ബൈ എന്ന് രേഖപ്പെടുത്തി പല പ്രിന്ററുകൾക്കും ടോണർ റീ ഫില്ലിംഗ്, ഡ്രം മാറ്റിവയ്ക്കൽ എന്നീ പ്രവർത്തികൾ ചെയ്തിട്ടുണ്ട്. നഗരസഭയിൽ ഇത്തരത്തിൽ സെക്ഷനുകളിലും സ്റ്റാൻഡ് ബൈ ആയിട്ടും ഉപയോഗിക്കുന്ന പ്രിന്ററുകളുടെ ആകെ എണ്ണവും (രജിസ്റ്റർ നമ്പർ സഹിതം), ഫോട്ടോസ്റ്റാറ്റ് മെഷീനുകളുടെ എണ്ണവും ലഭ്യമായില്ല.

3. ഒരു തവണ ടോണർ റീ ഫില്ലിംഗ്, ഡ്രം മാറ്റിവയ്ക്കൽ എന്നിവയ്ക്ക് ഈടാക്കുന്ന തുക എത്രയെന്ന് വ്യക്തമല്ല.

4. പ്രിന്ററുകളിലും ഫോട്ടോസ്റ്റാറ്റ് മെഷീനുകളിലും പ്രവൃത്തികൾ ചെയ്ത് കഴിയുമ്പോൾ ഏത് പ്രിന്ററിൽ/മെഷീനിൽ പ്രവൃത്തി ചെയ്തു എന്ന വിവരം തീയതി സഹിതം ഏതെങ്കിലും രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടോ എന്നതിലും വ്യക്തതയില്ല.

ഇക്കാര്യങ്ങൾ ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി (30/26.11.22)നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ സുതാര്യത ഉറപ്പുവരുത്തുന്നതിനും, സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-37 പത്രപരസ്യത്തിന് ഡിസ്കൗണ്ട് ലഭ്യമായില്ല.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പത്രങ്ങളിൽ പരസ്യങ്ങൾ നൽകുമ്പോൾ ഗവ. ഉത്തരവ് G.O(Rt) No.288/14/I&PRD Dated 10/09/2014 പ്രകാരം 15% ഡിസ്കൗണ്ടിന് അർഹതയുണ്ട്. എന്നാൽ ഓഡിറ്റ് വർഷത്തിൽ പത്രത്തിൽ പരസ്യം ചെയ്തപ്പോൾ പരസ്യ ചാർജിന് ഡിസ്കൗണ്ട് ലഭ്യമായില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ | തുക | പത്ര സ്ഥാപനം |
|---|---|---|
| 64/11-21 | 16779/- | മാതൃഭൂമി |
| 11/1-22 | 8180/- | മാതൃഭൂമി |
| 01/3-22 | 27972 | മലയാള മനോരമ |

പത്രത്തിൽ പരസ്യം നൽകുന്ന അവസരത്തിൽ അർഹതപ്പെട്ട ആനുകൂല്യം നേടിയെടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-38 അജൈവ മാലിന്യം നീക്കം ചെയ്യൽ - വിവരങ്ങൾ ലഭ്യമായില്ല

അജൈവ മാലിന്യം നീക്കം ചെയ്യതിന് വൗച്ചർ നമ്പർ 33/26.4.21 പ്രകാരം ₹92848/- സൺറൈസ് ട്രേഡേഴ്സ്എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ഈ ചെലവുമായി ബന്ധപ്പെട്ട് മറ്റ് വിവരങ്ങൾ ലഭ്യമായില്ല. താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.34/29.11.22) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല.

1. ഈ സ്ഥാപനവുമായി കരാറിലേർപ്പെട്ടതിന്റെ വിവരം.

2. നഗരസഭാ പ്രദേശത്ത് നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യത്തിന്റെ തൂക്കം സംഭരണ വേളയിൽ അളക്കാറുണ്ടോ എന്ന വിവരം

3. ഈ സ്ഥാപനത്തിനെ തെരഞ്ഞെടുത്തതിന്റെ അടിസ്ഥാനം/മാനദണ്ഡം എന്ത് എന്നതിന്റെ വിവരം

മേൽ വിവരങ്ങളുടെ അഭാവത്തിൽ ചെലവ് തുക ₹92848/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

1-39 കാലിബാരൽ - തുക ഈടാക്കിയിട്ടില്ല

2021-22വർഷം നിർവ്വഹിക്കപ്പെട്ട ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ടാറിന് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. അതു പ്രകാരം ഒഴിഞ്ഞ ബാരലിന്റെ വിലയായി 281/-രൂപ വീതം (238+18% ജി.എസ്.ടി) ബില്ലിൽ കുറവു ചെയ്ത് വേണം കരാറുകാരന് തുക നല്കേണ്ടത്. എന്നാൽ നഗരസഭാ എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളിലെ ഫൈനൽ ബില്ലിൽ നിന്നും ഇപ്രകാരമുള്ള കുറവ് വരുത്തിയിട്ടില്ലാത്തതായി കാണുന്നു. പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ര നം. | പ്രവൃത്തിയുടെ വിശദ വിവരം | ഉപയോഗിച്ച ബാരലിന്റെ എണ്ണം | ഈടാക്കേണ്ട തുക | |
|---|---|---|---|---|
| | | | ബാരൽ വില | ജി.എസ്.ടി |
| 1 | എൻ.എക്സ് ജോസഫ് റോഡ് ബാലൻസ് പോർഷൻ -ഡിവിഷൻ -16 പ്രോജക്ട് നമ്പർ-448/21-22 തുക (കെ.കെ.ഗോപിനാഥൻ എം.ബുക്ക്-164/21-22 പ്രവൃത്തിമൂല്യം - 251000/- ) വൗച്ചർ നം. 20-03/22/26.03.22 | 8 | 1904 | 342 |
| 2 | എൻ.എക്സ് ജോസഫ് റോഡ് -ഡിവിഷൻ -16 (52/20) പ്രോജക്ട് അടങ്കൽ-548000 എം.കെ.ഗോപിനാഥൻ എം.ബുക്ക് - 29/20-21 പി.എ.സി -546694/- പ്രവൃത്തിമൂല്യം -1380904/- ചെക്ക് നം. 456778/26.03.22 | 20 | 4760 | 856 |
| 3 | റീട്ടാറിംഗ് സുലൈമാൻ സെയ്ത്ത റോഡ്(എസ്.ഒ.575/21) പ്രോജക്ട് തുക - 420000 കരാറുകാരൻ- എം.കെ.ഗോപിനാഥൻ, എം.ബുക്ക് - 42/20.21 പി.എ.സി -419410/- ചെക്ക് നമ്പർ/തീയതി 456778/26.03.22 | 11 | 2618 | 471 |
| | | | 9282 | 1669 |

കുറവ് വന്ന തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

1-40 അംഗനവാടി - ഉലഹന്നാൻ റോഡിൽ ടൈൽ വിരിക്കൽ-അപാകത

| | |
|---|---|
| പ്രോജക്ടിന്റെ പേര് വിവരം | എസ്.409/22<br>അംഗനവാടി ഉലഹന്നാൻ റോഡിൽ ടൈൽ വിരിക്കൽ-ഡിവിഷൻ 18-20 |
| അടങ്കൽ | 1321900(മെയിന്റനൻസ് ഫണ്ട് റോഡ്) |
| ചെലവ് തുക | 1040793(ബിൽ നമ്പർ/തീയതി 61/2021-22 /31.03.2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | നഗരസഭ എഞ്ചിനിയർ |
| കരാറുകാരൻ | പി.എച്ച്.സക്കീർ |
| എം ബുക്ക് നം. | 82/20-21 |

മരട് നഗരസഭയിലെ ഉലഹന്നാൻ റോഡ് ടൈൽ വിരിക്കൽ പദ്ധതിയിൽ ടെൻഡർ നടപടി പ്രകാരം 6 കരാറുകാർ പങ്കെടുത്തിരുന്നു. അതിൽ കുറവ് ക്വോട്ട് ചെയ്ത ശ്രീ പി.എച്ച്.സക്കീർ എന്ന കരാറുകാരൻ 981608.15 രൂപയാണ് മേൽ പ്രവൃത്തിക്ക് ക്വോട്ട് ചെയ്തത്. അളവ് പുസ്തകം ഇനം-4 ആയി 6.1A.1 Construction Of Granular Sub-base With Well Graded Material എന്ന പ്രവൃത്തി 72.79എം2 ചെയ്തിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം മേൽ ഇനത്തിന് 2787.25 /എം2 രൂപയാണ് നിരക്ക് കണക്കാക്കിയത് . എന്നാൽ ടെൻഡർ പ്രകാരം ക്വാട്ട് ചെയ്ത 500/-രൂപ നിരക്കിലാണ് അനുവദിച്ചത്. താഴെപ്പറയുന്ന രീതിയിലാണ് കരാറുകാർ ക്വാട്ട് ചെയ്തത്. ക്വാട്ട് ചെയ്ത 6കരാറുകാരിൽ കുറവ് ക്വാട്ട് ചെയ്ത 4 കരാറുകാരുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കരാറുകാരൻ | 6.1A.1 ഇനത്തിന്റെ നിരക്ക് | ആകെ കോട്ട് ചെയ്ത തുക |
|---|---|---|---|
| 1 | പി.എം.സക്കീർ | 500 | 981608.15 |
| 2 | ജേക്കബ് ഡയരീഷ് | 2394.24 | 1013770.42 |
| 3 | രഞ്ജിത്ത് കുമാർ.എൻ | 2400 | 1088807.80 |
| 4 | വി.ശ്രീകുമാർ | 3500 | 1247873.94 |

എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 82.06 %(500/2787.25x100) കുറവിനാണ് 6.1A.1 ഇനം പ്രവൃത്തി ചെയ്തിരിക്കുന്നത്. ആയതിനാൽ 72.79എം2 ചെയ്ത പ്രവൃത്തിയിൽ മേൽപ്പറഞ്ഞ മെറ്റീരിയൽ തന്നെയാണ് ഉപയോഗിച്ചതെന്ന് വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 34/28.11.2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1-41 ചെലവിന്റെ വിശദാംശങ്ങൾ ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു-(മെഡിക്കൽ ഓഫീസർ, പി.എച്ച്.സി വളന്തകാട്)

വിവിധ പദ്ധതികൾക്കായി പണം ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ വിശദമായ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല വിശദാംശം ചുവടെ ചേർക്കുന്നു.

1

| | |
|---|---|
| പദ്ധതി, നമ്പർ | സോളാർ പാനൽ വാങ്ങൽ, 98 |
| ബിൽ/പ്രോസിഡിംഗ് നമ്പർ/തീയതി | BRN215650/21.02.22, 227,21/02/2022 |
| അടങ്കൽ | 200000/-മെയിന്റനൻസ് ഫണ്ട്(റോഡിതരം) |
| ചെലവ് | 200000/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, വളന്തക്കാട് പി.എച്ച്.സി |

ANERT മുഖേന സോളാർ പാനൽ വാങ്ങുന്നതിന് 200000/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ ഇതിന്റെ ചെലവ് രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നം. 40/30.11.2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പദ്ധതി നടത്തിപ്പിന്റെ വിശദാംശങ്ങൾ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

2

| | |
|---|---|
| പദ്ധതി, നമ്പർ | കുമ്മായം വാങ്ങൽ, 83/21-22 |
| ബിൽ/പ്രൊസീഡിംഗ് നമ്പർ/തീയതി | BRN437611/19.03.22,349,19/03/2022 |
| അടങ്കൽ | 50,000/-മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | 50,000/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, വളന്തക്കാട് പി.എച്ച്.സി |

മേൽ പദ്ധതിക്കായി ഓസ്റ്റിൻ അസോഷിയേറ്റ്സ് കാക്കനാടിന് 50,000/- രൂപ നൽകി ഇൻവോയ്സ് നമ്പർ 52/21-22 Dt. 18.03.22 പ്രകാരം കുമ്മായം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ആയത് സ്റ്റോക്കിൽ ചേർത്തതായോ വിതരണം ചെയ്തതായോ രേഖകളില്ല. വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നം. 40/30.11.2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

3വളന്തകാട്

| | |
|---|---|
| പദ്ധതി, നമ്പർ | അക്ഷയപാത്രം പദ്ധതി, 94/21-22 |
| അടങ്കൽ | 25,000/- തനത് ഫണ്ട് |
| ചെലവ് | 24,960/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, വളന്തക്കാട് പി.എച്ച്.സി |

ക്ഷയരോഗബാധിതർക്ക് പോഷകാഹാരവിതരണം എന്ന പദ്ധതി പ്രകാരം തനത് ഫണ്ടിൽനിന്നും 24960/- (10661 + 14299) രൂപ ചെക്ക് നമ്പർ 1565501/31.03.2022 പ്രകാരം കേരള സ്റ്റേറ്റ് സിവിൽ സപ്ലൈയ്സ് കോർപ്പറേഷന നല്കിയിട്ടുണ്ട് ആയത് ഇഷ്യു ചെയ്തതായി കാണുന്നുണ്ട്. ( 1. Issue No. 0701222/211602 Dt. 23.03.22, 10,661/- 2. Issue No. 0701222/211582 Dt. 19.03.22, 14,299/-

എന്നാൽ ആയത് സ്റ്റോക്കിൽ ചേർത്തതായോ വിതരണം ചെയ്തതായോ രേഖകളില്ല. രോഗികളുടെ എണ്ണമോ മറ്റ് വിവരങ്ങളോ ഇല്ല. ഇത് സംബന്ധിച്ച ഫയൽ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നം. 40/30.11.2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.
ചെലവ് രേഖകളും വിതരണവിവരങ്ങളും ഹാജരാക്കാത്തതിനാൽ മേൽ പ്രോജക്ടുകൾക്കായി ചെലവഴിച്ച ആകെ തുക (24960/- രൂപ ) തടസ്സപ്പെടുത്തുന്നു.

4 ) വൃക്ക രോഗികൾക്ക് ഡയാലിസിസ്(ഉയിർപ്പ് പദ്ധതി).

| | | |
|---|---|---|
| പ്രോജക്ട് നം, പേര് | 72/22 ഉയിർപ്പ് പദ്ധതി | |
| അടങ്കൽ | 500000 | 1 |
| ചെലവ് | 0 | (സുലേഖ ചെലവ് പത്രിക പ്രകാരം) |
| | 197600/- | തനത് ഫണ്ട് പ്രകാരം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി വളന്തക്കാട്. | |

മരടിലെ P.S.Mission ആശുപത്രിയുമായി സഹകരിച്ച് 4 രോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നതിനായി വളന്തകാട് പി.എച്ച്.സി മെഡിക്കൽ ഓഫീസർ റിക്വസിഷൻ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 19.03.22ലെ 19ാം നമ്പർ തീരുമാന പ്രകാരം 1,97,600/-രൂപ തനത് ഫണ്ടിൽ നിന്ന് ചെക്ക് നം 195627/31.3 /22(vr.no181,3/22)പ്രകാരം പ്രോജക്റ്റ് നം72/22 ൽ ഉൾപ്പെടുത്തി നല്കിയിട്ടുണ്ട്.

എന്നാൽ മെഡിക്കൽ ഓഫീസർ ഹാജരാക്കിയ രേഖകളിൽ ഓരോ മാസവും ഓരോ ഗുണഭോക്താവിന് ഒരു നിശ്ചിത എണ്ണം ഡയാലിസിസ് ചെയ്തുവെന്ന് ആശുപത്രി അധികൃതർ രേഖപ്പെടുത്തി നല്കിയ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ ആശുപത്രിക്ക് തുക അനുവദിച്ചിരിക്കുന്നതായാണ് കാണുന്നത്. എന്നാൽ ഹാജരാക്കിയിരിക്കുന്ന രേഖകൾക്കൊപ്പം ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിന്റെ രേഖകളും, ഡയാലിസിസ് ആവശ്യമാണെന്ന് തെളിയിക്കുന്ന ഡോക്ടർ സാക്ഷ്യപ്പെടുത്തിയ രേഖകളും ഇല്ല. അപേക്ഷാ ഫോം ഇല്ലാത്തതിനാൽ ഗുണഭോക്താക്കളുടെ താമസസ്ഥലം, സാമ്പത്തിക നില എന്നിവ വ്യക്തമല്ല. മാത്രവുമല്ല ആശുപത്രി അധികൃതരുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകളും ഇല്ല. ആയത് അടങ്ങിയ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.40/30.11.22) നല്കിയെങ്കിലും

ഫയൽ നൽകിയിട്ടില്ല. 13.01.22 ലെ G.O(Rt)No.95/2022/LSGD ഉത്തരവ് പ്രകാരം എസ്.സി,എസ്.റ്റി വിഭാഗക്കാർക്കും, മത്സ്യതൊഴിലാളി കുടുംബം, ബി.പി.എൽ കുടുംബം എന്നിവയ്ക്കും മുൻഗണന നല്കണമെന്ന വ്യവസ്ഥയിൽ ഒരു രോഗിക്ക് പ്രതിമാസം 4000/-രൂപ കണക്കിൽ അതത് ആശുപത്രികൾക്ക് നല്കി വൃക്ക രോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിന് ധനസഹായം നല്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അതു പ്രകാരം ഒരു ഗുണഭോക്താവിന് ഒരു വർഷത്തേക്ക് നല്കാവുന്ന പരമാവധി തുക 48000/-(12x4000) രൂപയാണ് എന്നാലിവിടെ ഓഡിറ്റ് വർഷം തന്നെ ഗുണഭോക്താക്കളിൽ ഒരാൾക്ക് 77,600/-രൂപ നല്കിയിരിക്കുന്നതായി കാണുന്നു. ഇപ്രകാരം ക്രമ വിരുദ്ധമായി തുക ചെലവഴിച്ചതിനാലും പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാലും ടി ഇനത്തിൽ ചെലവഴിച്ച 197600/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ ആകെ 472560/-രൂപ (200000+50000+24960+197600) തടസ്സപ്പെടുത്തുന്നു.

1-42 മരുന്നും അനുബന്ധ ഉപകരണങ്ങളും പൂർണമായി ലഭ്യമായില്ല-മെഡിക്കൽ ഓഫീസർ,നെട്ടൂർ

2021-22 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി മരുന്നും അനുബന്ധ സാധനങ്ങളും വാങ്ങുന്നതിന് വിവിധ മെഡിക്കൽ ഓഫീസർമാർ നടപ്പാക്കിയ പദ്ധതിയിൽ തുക ചെലവഴിച്ചെങ്കിലും മരുന്ന് ലഭിക്കാനുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

1. നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ, നെട്ടൂർ

| | |
|---|---|
| 1. പ്രോജക്ട് നം.പേര് | 100/22 മരുന്ന്, ഗ്ളൂക്കോസ് സ്ട്രിപ്പ് വാങ്ങൽ. |
| അടങ്കൽ | 600000(മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ചെലവ് | 1.250000/-BRN343556/16/03/2022<br>2.250000/-BRN343549/16/03/2022<br>3.99972/-BRN343542/16/03/2022 |

1.പ്രൊഫോർമ ഇൻവോയിസ് നം-PRF6860/14.03.2022-250000/-

2.പ്രൊഫോർമ ഇൻവോയിസ് നം-PRF6859/14.03.2022-250000/-

3.പ്രൊഫോർമ ഇൻവോയിസ് നം-PRF5839/18.02.2022-99972/-

മരുന്നുകളുടെ വിലയായി ആകെ 5,99,972/- രൂപ കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നല്കിയിട്ടുണ്ട്.

| | |
|---|---|
| 2. പ്രോജക്ട് നം.പേര് | 103/22 പാലിയേറ്റീവ് കെയർ |
| അടങ്കൽ | 1200000 (മെയിന്റനൻസ് ഫണ്ട് -റോഡിതരം) |
| ചെലവ് | 1.243587/-BRN343522/16/03/2022<br>2.241220/-BRN343534/16/03/2022<br>3.157595/-BRN343505/16/03/2022<br>4.157595/-BRN343509/16/03/2022 |

1. പ്രൊഫോർമ ഇൻവോയിസ് നം-PRF6650/07.03.2022-243587

2. പ്രൊഫോർമ ഇൻവോയിസ് നം-PRF6721/09.03.2022-241220/-

3. പ്രൊഫോർമ ഇൻവോയിസ് നം-PRF6854/14.03.2022-157595/-

4. പ്രൊഫോർമ ഇൻവോയിസ് നം-PRF6855/14.03.2022-157595/-

മരുന്നുകളുടെ വില ഇനത്തിൽ ആകെ 7,99,997/- രൂപ കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നല്കിയിട്ടുണ്ട്. എന്നാൽ മരുന്ന് ലഭിച്ചതായി രേഖകളും, സ്റ്റോക്ക് എൻട്രിയും ഇല്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയും (നം-39/30.11.22) ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭിക്കുവാനാവശ്യമായ നടപടികൾ സ്വീകരിച്ച് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. മരുന്ന വാങ്ങുന്നതിന് മേൽ പ്രോജക്ടുകളിലായി ചെലവഴിച്ച തുകകളിൽ 13,99,969/-രൂപയുടെ മരുന്ന ലഭിച്ചിട്ടില്ലാത്തതിനാൽ ടി തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-42-1 മരുന്ന് പൂർണമായി ലഭ്യമായില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ, വളന്തക്കാട്

| | |
|---|---|
| പ്രോജക്ട്നം. പേര് | 0092/22,<br>ഫ്ളോട്ടിങ്ങ് ഡിസ്പൻസറിക്ക് മരുന്ന വാങ്ങൽ |
| അടങ്കൽ | 200000/- |
| ചെലവ് | 200000/-മെയിന്റനൻസ് ഫണ്ട്(റോഡിതരം)<br>BRN856440/, 29.12.21 |

പ്രൊഫോർമ ഇൻവോയിസ് നം

PRF4396/24.12.21-200000/-രൂപ KMSCLന് കൈമാറി.

ലഭിച്ച മരുന്ന്

1.ക്യാഷ് ഇൻവോയ്സ്-15909/4.11.22-51007/-രൂപ.

2.ക്യാഷ് ഇൻവോയ്സ്-14683/22.10.22-1662/-രൂപ.

3.ക്യാഷ് ഇൻവോയ്സ്-13791/14.10.22-10677/-രൂപ.

4.ക്യാഷ് ഇൻവോയ്സ്-12668/30.9.22-9227/-രൂപ.

ആകെ-72573/-രൂപ.

അവശേഷിക്കുന്ന തുക-127427/-രൂപ.

| | |
|---|---|
| പ്രോജക്ട്നം.പേര് | 0089/22, PHCവളന്തക്കാട് മരുന്ന വാങ്ങൽ |
| അടങ്കൽ | 300000/- |
| ചെലവ് | 300000/-മെയിന്റനൻസ് ഫണ്ട്(റോഡിതരം)<br>1.BRN-437650/22.3.22-61478/-<br>2.BRN-215329/26.02.22-238522/- |

പ്രൊഫോർമ ഇൻവോയിസ് നം

1.PRF7145/21.03.22-61478/-രൂപ.

2.PRF5171/11.11.22-238522/-രൂപ.

ആകെ 300000/-രൂപ KMSCLന് കൈമാറി.

ലഭിച്ച മരുന്ന്

1.ക്യാഷ് ഇൻവോയ്സ്-16741/10.11.22-1913/-രൂപ.

2.ക്യാഷ് ഇൻവോയ്സ്-7674/4.8.22-3608/-രൂപ.

3.ക്യാഷ് ഇൻവോയ്സ്-6317/19.7.22-22731/-രൂപ.

4.ക്യാഷ് ഇൻവോയ്സ്-16973/11.11.22-36544/-രൂപ.

5.ക്യാഷ് ഇൻവോയ്സ്-14979/26.10.22-2535/-രൂപ.

6.ക്യാഷ് ഇൻവോയ്സ്-7680/4.8.22-9019/-രൂപ.

7.ക്യാഷ് ഇൻവോയ്സ്-6293/19.7.22-122614/-രൂപ.

ആകെ-198964/-രൂപ.

അവശേഷിക്കുന്ന തുക-101036/-രൂപ.

| | |
|---|---|
| പ്രോജക്ട്നം.പേര് | 0077/22,പാലിയേറ്റീവ് കെയർ |
| അടങ്കൽ | 850000/-വികസനഫണ്ട്(ജനറൽ) |
| ചെലവ് | 449998/-<br>1.BRN-215347/26.2.22-399999/-<br>2.BRN-437629/22.03.22-49999/- |

പ്രൊഫോർമ ഇൻവോയിസ് നം

1.PRF4415/27.12.21-200000/-രൂപ.

2.PRF4409/27.12.21-199999/-രൂപ.

3.PRF718/21.3.22-49999/-രൂപ.

1.ക്യാഷ് ഇൻവോയ്സ്-12662/30.09.22-3550/-രൂപ.

2.ക്യാഷ് ഇൻവോയ്സ്-16386/8.11.22-6700/-രൂപ.

3.ക്യാഷ് ഇൻവോയ്സ്-16400/8.11.22-6065/-രൂപ.

2.ക്യാഷ് ഇൻവോയ്സ്-8837/22.8.22-25861/-രൂപ.

ആകെ-42176/-രൂപ.

അവശേഷിക്കുന്ന തുക-407822/-രൂപ.

അവശേഷിക്കുന്ന മരുന്നുകൾ ലഭിക്കുവാനാവശ്യമായ നടപടികൾ സ്വീകരിച്ച് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. മരുന്ന് വാങ്ങുന്നതിന് വിവിധ പ്രോജക്ടുകളിലായി ചെലവഴിച്ച തുകകളിൽ 636285/-രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ലാത്തതിനാൽ ടി തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിയ്ക്ക് (നം-40/30.11.22) മറുപടി ലഭ്യമാക്കിയില്ല.

1-43 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ലഭ്യമായതിന്റെ രേഖ ഹാജരാക്കിയില്ല - തുക തടസപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം.പേര് | 0115/22.<br>ഓഫീസിലേക്ക് കമ്പ്യൂട്ടർ, ഉപകേന്ദ്രങ്ങളിലേക്ക് ലാപ്പ് ടോപ്പ്, പ്രിന്റർ, യു.പി.എസ് നെറ്റ് കണക്ഷൻ എഎംസി |
| അടങ്കൽ | 270000(മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ചെലവ് | 1.80268/-BRN212972/14/07/2021<br>2.175271/-BRN212971/14/07/2021 |

മെഡിക്കൽ ഓഫീസർ, നെട്ടൂർ പി.എച്ച്.സി 2021-22 വർഷത്തെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി കെൽട്രോണിനു 255539/-രൂപ നല്കിയിരിക്കുന്നു. എന്നാൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും

ലഭ്യമായതിന്റെ ഒറിജിനൽ ബില്ല്,സ്റ്റോക്കിൽ എടുത്തതിന്റെ വിവരങ്ങൾ എന്നിവ ഫയലിൽ ഇല്ല വിശദാംശം ചുവടെ ചേർക്കുന്നു. ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (39/30.11.22 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

1. പ്രൊഫോർമ ഇൻവോയിസ് നം-27916/12/07/2021-80268/- കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും-2 എണ്ണം

2. പ്രൊഫോർമ ഇൻവോയിസ് നം-27913/12/07/2021-13063/- ലേസർ പ്രിന്റർ- 1എണ്ണം.

3. പ്രൊഫോർമ ഇൻവോയിസ് നം-27914/12/07/2021-

20188/- മൾട്ടി ഫങ്ഷൻ പ്രിന്റർ-1എണ്ണം.

4. പ്രൊഫോർമ ഇൻവോയിസ് നം27915/12/07/2021-142020/- ലാപ് ടോപ്പ്-5എണ്ണം.

മേൽപ്പറഞ്ഞ പ്രൊഫോർമ ഇൻവോയ്സുകൾ പ്രകാരമാണ് കെൽട്രോണിന് തുക നൽകിയത്.
കെൽട്രോണിൽ നിന്നു കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും എത്രയു വേഗം ലഭ്യമാക്കുവാൻ വേണ്ട നടപടി കൈക്കൊള്ളേണ്ടതാണ്. ആയത് ലഭ്യമാക്കി സ്റ്റോക്കിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തി രേഖകൾ സഹിതം ഓഡിറ്റിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. കെൽട്രോണിന്

മേൽ ഇനത്തിൽ നല്കിയ 2,55,539/- രൂപയുടെ ചെലവ് രേഖകളുടെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു.

## 1-44 ക്രമീകരിക്കാത്ത തുകകൾ

നഗരസഭയുടെ തനത് ഫണ്ട്, പഞ്ചാബ് നാഷണൽ ബാങ്ക് സേവിംഗ്സ്അക്കൗണ്ട് നമ്പർ 7476001100000011 ൽ നിക്ഷേപിക്കുന്നുണ്ട്. മേൽ അക്കൗണ്ടിന്റെ റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 2014 ആഗസ്റ്റ് മാസം മുതലുള്ള തുകകൾ Cheque Issued But Not Presented Into Bank എന്ന ഇനത്തിൽ തുടരുന്നുണ്ട്. ആകെ 50,54,790/- രൂപ. തുകകൾ ക്രമീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/23.11.22) മറുപടി ലഭ്യമാക്കിയില്ല.

Cheque Deposited But Not Cleared By Bank എന്ന ഇനത്തിലും 2015 ആഗസ്റ്റ് മാസം മുതലുള്ള തുകകൾ തുടരുന്നുണ്ട്. ആകെ 1,42,26,450/- . തുകകൾ ക്രമീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഈ ഇനത്തിൽ തുകകൾ ലഭ്യമാകാത്ത ചെക്കുകളുടെ ഏതാനും ഉദാഹരണങ്ങൾ ചേർക്കുന്നു.

| ക്രമ നം. | ചെക്ക് നം., തീയതി | വിവരം | തുക |
|---|---|---|---|
| 1. | 0003917/18.08.2015 | Miss Asia-2015/18.08.15 | 10,80,000.00 |
| 2. | 058073/23.06.21 | Authorised | 60,761.00 |
| 3. | 181584/30.03.22 | Authorised | 1,65,799.00 |
| 4. | 628877/30.03.22 | “ | 78,370.00 |
| 5. | 679982/30.03.22 | “ | 1,53,568.00 |
| 6. | 412071/30.03.22 | 2016-17 To 20-21 Arrear & Full Amount | 12,95,400.00 |
| 7. | 412071/30.03.22 | “ | 38,772.00 |
| 8 | 71,82,83,84,85 | “ | 1,01,11,815.00 |
| 9 | 412071/30.03.22 | “ | 2,90,279.00 |
| 10 | 290041/03.03.22 | Authorised | 88,035.00 |
| 11 | 336255/31.03.22 | Prof Tax 75 Employees | 71,250.00 |

മേൽ തുകകൾ ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ ഓഡിറ്റിനായി നൽകേണ്ടതാണ്.

4. Directly Credited By Bank എന്ന ഇനത്തിൽ ആകെ 89,16,271.97 രൂപയുണ്ട്. തുകകൾ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കേണ്ടതാണ്.

5. Directly Debited By Bank എന്ന ഇനത്തിൽ ആകെ 87,51,470.37 രൂപയുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചേർക്കുന്നു. തുകകൾ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | ചെക്ക് നം. | Bank Entry Date | വിവരം. | തുക |
|---|---|---|---|---|
| 1. | 892363 | 17.11.2014 | To Cash | 10,000.00 |
| 2. | 892364 | 17.02.2015 | “ | 10,000.00 |
| 3 | 0 | 02.06.2015 | - | 49,30,000.00 |
| 4 | 0 | 24.06.2015 | | 15,50,000.00 |
| 5 | 0 | 29.06.2015 | | 1,50,000.00 |
| 6 | 0 | 20.08.2015 | | 10,80,000.00 |
| 7 | - | 16.12.2017 | | 2,35,494.00 |
| 8 | - | 30.03.2021 | | 6,641.22 |
| 9 | - | 19.10.2021 | | 5,000.00 |
| 10 | 874409 | 02.02.2022 | | 6,82,072.00 |

പാസ് ബുക്ക് പ്രകാരം, 65274 എന്ന നമ്പരിലുള്ള ചെക്ക് Fund Insufficient എന്ന കാരണത്താൽ Reject ആയതിനാൽ 04.06.2021 ൽ 3105, 119 എന്നീ തുകകൾ അക്കൗണ്ടിൽ നിന്ന് കുറവ് ചെയ്തിട്ടുണ്ട്. ടി തുക ബാങ്ക് ചാർജ്ജ് സഹിതം തിരികെ ഈടാക്കിയോ എന്നും ഏത് ഇനത്തിൽ ആരിൽ നിന്നും ലഭിച്ച ചെക്കാണ് ഇതെന്നും ഇതിൽ സ്വീകരിച്ച തുടർ നടപടി വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

മേൽ അക്കൗണ്ടിന്റെ Monthly Reconciliation Statements ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വഞ്ചി,വല വിതരണം - ക്വട്ടേഷനിൽ അംഗീകരിച്ച നിരക്കിനേക്കാൾ അധികം തുക നൽകി

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | മത്സ്യതൊഴിലാളികൾക്ക് വഞ്ചി,വല വിതരണം |
| പ്രോജക്റ്റ് നമ്പർ | 5/22 |
| അടങ്കൽ | 150000/-<br>112500-(വികസനഫണ്ട്)<br>37500-(ഗുണഭോക്തൃവിഹിതം |
| ചെലവ് | 74000/-<br>55500-(വികസനഫണ്ട്)<br>18500-(ഗുണഭോക്തൃവിഹിതം |
| ബിൽ നം./തീയതി | 1)15000-310/16.3.22<br>2)5000-16.03.22 (BC)<br>3)3750-372/23.03.22)<br>4)1250-23.03.22 (BC)<br>5)36750-374/23.03.22<br>6)12250-23.03.22 (BC) (അക്കൗണ്ട് ട്രാൻസ്ഫർ) |
| നിർവഹണ ഉദ്യോഗസ്ഥ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |

5 മത്സ്യതൊഴിലാളികൾക്ക് 75%സബ്സിഡിയോടെ വഞ്ചിയും വലയും വിതരണം ചെയ്യുന്നതിനാണ് മേൽ പ്രോജക്റ്റ് ആവിഷ്കരിച്ചത്. ഒന്നിന് 5000/- രൂപ നിരക്കിൽ അഞ്ച് വല വാങ്ങുവാൻ ക്രമനമ്പർ 1,2,3,4

പ്രകാരം 25000/- രൂപയും 2 വഞ്ചികളുടെ നിർമാണത്തിനായി 49,000/-രൂപയും (ക്രമനം.5,6) ചെലവഴിച്ചിട്ടുണ്ടെങ്കിലും തൻവർഷം രണ്ട് മത്സ്യത്തൊഴിലാളികൾക്ക് മാത്രമാണ് വലയും വഞ്ചിയും വിതരണം ചെയ്തത്. വഞ്ചി നിർമാണത്തിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ രണ്ട് ക്വട്ടേഷനുകൾ ലഭ്യമാകുകയും വഞ്ചി ഒന്നിന് 24000/- രൂപ എന്ന കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ആന്റണി.പി.വി, തെക്കേകളത്തിൽ എന്ന വ്യക്തിയുടെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തു. 24000/- രൂപയിൽ 18000/- രൂപ സബ്സിഡിയും (75%) 6000/- രൂപ ഗുണഭോക്തൃവിഹിതവുമാണ്. എന്നാൽ തുക അനുവദിച്ചത് 24500/- രൂപ (സബ്സിഡി-18375+ഗുണഭോക്തൃവിഹിതം-6125) നിരക്കിലായതിനാൽ ആകെ 1000/- രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്. ഇപ്രകാരം അംഗീകരിച്ച നിരക്കിനെ അധികരിച്ച് തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കിയില്ല (എൻക്വയറി നം-19/23.11.22 ) അധികം നൽകിയ 1000/-രൂപ കരാറുകാരനിൽ നിന്ന് ഈടാക്കി, ടി തുകയിൽ 750/-രൂപ കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതും 250/-രൂപ ഗുണഭോക്താക്കൾക്ക് തിരികെ നൽകേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽനമ്പർ, തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| അനർട്ട് | ഗവ.ഹോമിയോ ഡിസ്പെൻസറിയിൽ KASH സർട്ടിഫിക്കേഷന് ആവശ്യമായ പ്രവർത്തനങ്ങൾ 384/22 | 220/18.02.22, | 572000 | 0 | 572000 |

വാർഷിക കണക്കിൽ മേൽ തുക അഡ്വാൻസ് ഹെഡിൽ പെടുത്തിയിട്ടില്ല (ഖണ്ഡിക 1-2-1കാണുക)

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

### 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| പി.എം.എ.വൈ | ജി.ഒ(ആർ.ടി നം105/2/ഫിൻ /തി.01.08.2019 ജി.ഒ(ആർ.ടി)നം 10500/201 /ഫിൻ /തി.21.12.2019 | 8640000 | 20213332 | *1493332 | 0 | 18720000 |

*ജി.ഒ പ്രോജക്ട് ചെലവ്

1)46666/- (510/22-ലൈഫ് വായ്പ എസ്.സി)

2)46667/- (494/22-ലൈഫ് വായ്പ എസ്.സി)

3)699999/- (511/22-ലൈഫ് വായ്പ ജനറൽ)

4)700000/- (478/22-ലൈഫ് വായ്പ ജനറൽ)

4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3653152 |
| തൻവർഷം നിക്ഷേപിച്ച തുക | 235889(പലിശ) |
| ആകെ | 3889041 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3889041 |

വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപങ്ങളുടെ വിവരങ്ങൾ

1) മരട് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്

തുക-3209872/-, രസീത് നം,തീയതി-0050723/27.04.21

2) എസ്.ബി.ഐ,മരട്

തുക-679169/-, അക്കൗണ്ട് നം-67271219027

ആകെ-3889041/-രൂപ

4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 35 | 2000-01 | IV7(62) | -- | ലഭ്യമാക്കിയിട്ടില്ല |
| 1998-99 | 28 | 2004-05 | III 7(1) | -- | ലഭ്യമാക്കിയിട്ടില്ല |

4-9 ചാർജ്ജ് സർച്ചാർജ്ജുകളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 244854886.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 212903501.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1000.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4686414 |

(ബി)നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം.

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | 1000 | മിലി ഗോപിനാഥ്<br>ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | | 1000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരമായ മേൽവിലാസം |
|---|---|---|---|
| 1-29 | 1829213 | രേണുക ദേവി .ജി<br>സെക്രട്ടറി | ഇന്ദീവരം, ചാലുകോണം,<br>നീലീശ്വരം .പി.ഒ കൊല്ലം |
| 1-38 | 92848 | രേണുക ദേവി .ജി<br>സെക്രട്ടറി | ഇന്ദീവരം, ചാലുകോണം,<br>നീലീശ്വരം .പി.ഒ കൊല്ലം |
| 1-41 | 472560 | ഡോ.ബാലുഭാസി<br>മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി വളന്തക്കാട് | ഉഷസ്<br>പാഴൂർ പി ഒ<br>പിറവം |
| 1-42 | 1399969 | ഡോ. ജീന.എസ്.മോഹൻ<br>മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി നെട്ടൂർ | സമർപ്പണം,<br>29/92 A<br>ജനത റോഡ്, വൈറ്റില |
| 1-42(1) | 636285 | ഡോ.ബാലുഭാസി<br>മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി വളന്തക്കാട് | ഉഷസ്<br>പാഴൂർ പി ഒ<br>പിറവം |
| 1-43 | 255539 | ഡോ. ജീന.എസ്.മോഹൻ<br>മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി നെട്ടൂർ | സമർപ്പണം,<br>29/92 A<br>ജനത റോഡ്, വൈറ്റില |
| ആകെ | 4686414 | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | മിലി ഗോപിനാഥ്<br>ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ<br>മരട് നഗരസഭ | ചീരംകടി ഹൌസ്<br>വെണ്ണല പി.ഒ<br>എറണാകുളം |

4-11 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1980-81<br>1982-83<br>1983-84<br>1984-85<br>1986-87<br>1987-88<br>1988-89<br>1990-91 | എൽ.എഫ്.ഇ.(പി.4)1468, 26.10.1995 |
| 1991-92 &<br>1992-93 | എൽ.എഫ്.ഇ.(പി.4)1025/94, 9.2.1996 |

| | |
|---|---|
| 1993-94 | എൽ.എഫ്.ഇ.(പി.3)556/96, 17.5.1998/7.1.99 |
| 1996-97 | എൽ.എഫ്.ഇ.(പി.3)160/96, 17.5.98/7.1.99 |
| 1997-98 | എൽ.എഫ്.ഇ.(പി.4)691/2000, 18.10.2000 |
| 1998-99 | എൽ.എഫ്.ഇ.(പി.6)1010/05, 21.7.06 /7.10.06 |
| 1999-2000 | എൽ.എഫ്.ഇ.(പി.6)1011/05, 21.7.06/ 7.10.06 |
| 2000-01 | എൽ.എഫ്.ഇ.(പി.6)1005/05, 22.7.2006 |
| 2001-02 | എൽ.എഫ്.ഇ.(പി.7)1818/06, 3.11.07/15.1.08 |
| 2002-03 | എൽ.എഫ്.ഇ.(പി.7)1819/06, 3.11.07/31.1.08 |
| 2003-04 | എൽ.എഫ്.ഇ.(പി.7)1820/06, 3.11.07/15.1.08 |
| 2004-05 | എൽ.എഫ്.ഇ.(പി.8)785/09, 9.3.10/11.6.10 |
| 2005-06 | എൽ.എഫ്.ഇ.(പി.8)786/09, 9.3.10/11.6.10 |
| 2006-07 | എൽ.എഫ്.ഇ.(പി.8)1342/09, 9.3.10/11.06.10 |
| 2007-08 | എൽ.എഫ്.ഇ.(പി.8)140/10, 6.11.10/4.1.11 |
| 2008-09 | എൽ.എഫ്.ഇ.(പി.8)141/10, 6.11.10/7.3.11 |
| 2009-10 | എൽ.എഫ്.ഇ.(പി.8)1860/10, 2.5.11/4.8.11 |
| 2010-11 | എൽ.എഫ്.ഇ.(എം.1)1863/12, 20.6.12/11.7.12 |
| 2011-12 | എൽ.എഫ്.ഇ.(എം.1)1100/14, 13.1.15/17.1.15 |
| 2012-13 | എൽ.എഫ്.ഇ.(എം.1)883/15 , 14.07.2015 |
| 2013-14 & 2014-15 | കെ.എസ്.എ.-ഇ.കെ.എം.(എം.1)1012/2016,20.07.2016 |
| 2015-16 | കെ.എസ്.എ.- ഇ.കെ.എം.(എം.1) 164/ 17, 8.2.17 |
| 2016-17 | കെ.എസ്.എ.- ഇ.കെ.എം.(എം.1) 1758/ 17, 19.09.17 |
| 2017-18 | കെ.എസ്.എ.- ഇ.കെ.എം.(എം.1) 307/ 19, 23.03.19 |
| 2018-19 | കെ.എസ്.എ.- ഇ.കെ.എം.(എം.1)1968/19,06.03.19 |
| 2019-20 | കെ.എസ്.എ.- ഇ.കെ.എം.(എം.1)316/22,05.07.22 |
| 2020-21 | കെ.എസ്.എ.- ഇ.കെ.എം.(എം.1)1331/22, 16.08.22 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ മരട് മുനിസിപ്പാലിറ്റിയുടെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മരട് മുനിസിപ്പാലിറ്റിയുടെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്